# JAGRATHA

## ജാഗ്രത ന്യൂസ് NEWS

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

April 2019
Issue 269

പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരാകാം 2
ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്

ചർച്ച് ബിൽ: കെണികൾ തിരിച്ചറിയണം; വിവേകത്തോടെ പ്രതികരിക്കണം 3
ജസ്റ്റിസ് ഏബ്രഹാം മാത്യു

സമകാലീന നവോത്ഥാന ചർച്ചകളും ക്രൈസ്തവ പ്രതികരണവും 9
റവ. ഡോ. ഗാസ്പർ കടവിപറമ്പിൽ

ദു:ഖത്തിൽ പിറക്കുന്ന കാവ്യം: സഭാപ്രതിസന്ധികൾ മംഗളവാർത്തയുടെ ദർശനത്തിൽ 12
ഫാ. അഗസ്റ്റിൻ പാംപ്ലാനി സി. എസ്. റ്റി.

അരുത്, ഗുരുനിന്ദ മഹാപാപമാണ് 17
അഡ്വ. ചാർളി പോൾ MA.LL.B.,DSS

കെസിബിസി പ്രസ്താവനകൾ, വാർത്തകൾ

കേരള സഭ (വസ്തുക്കളും സ്ഥാപനങ്ങളും) ബിൽ 2019 സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ 18

ജനാധിപത്യവും മതേതരത്വവും ഭരണഘടനയുടെ പവിത്രതയും കാത്തുസൂക്ഷിക്കുന്നവർ അധികാരത്തിൽ വരണം 20

സന്ന്യാസ ജീവിതത്തെപ്പറ്റി തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരവേല അപലപനീയം: മേജർ സുപ്പീരിയർമാർ 22

മാണിസാർ: നീതിബോധത്തോടെ നിലകൊണ്ട മനുഷ്യസ്നേഹി 24

ചരിത്രവസ്തുത തമസ്കരിക്കാനുള്ള നടപടി അപലപനീയം 24

തിരുക്കർമ്മങ്ങളുടെ വികലമായ ചിത്രീകരണം പ്രതിഷേധാർഹം 24

വാർത്തകൾ 26


വാങ്മയം 30




For Private Circulation Only

# സന്ദേശം

# പുനരുത്ഥാനത്തിന്റെ സന്ദേശവാഹകരാകാം




**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

**(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)**


**അ**നുരഞ്ജനത്തിന്റെ ചൈതന്യം ഉൾക്കൊള്ളുന്ന ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ദാനധർമ്മത്തിന്റെയും നോമ്പുകാലം പൂർത്തിയാകുകയാണ്. ഉയിർപ്പിന്റെ പ്രത്യാശയിലേക്ക് നാം പ്രവേശിക്കുകയാണ്. ജീവിതപ്രതിസന്ധികളെ ധീരതയോടെ നേരിടാനാണല്ലോ ഉത്ഥിതൻ നമ്മെ പ്രചോദിപ്പിക്കുന്നത്. നിരാശയുടെയും തർക്കങ്ങളുടെയും എമ്മാവൂസ് യാത്രകളെ വഴിതിരിച്ചു വിടാൻ കെല്പുള്ള ഉത്ഥിതനെ തിരിച്ചറിയുകയും പുനരു ത്ഥാനത്തിന്റെ സന്ദേശവാഹകരാവുകയും ചെയ്യാം. ജീവിത ത്തിൽ എല്ലാ മണ്ഡലങ്ങളിലും സമാധാനത്തിന്റെയും പരസ്പര അനുരഞ്ജനത്തിന്റെയും പ്രത്യാശയുടെയും കിരണങ്ങൾ പരത്തുവാനുള്ള ക്ഷണവും ഉത്തരവാദിത്വവും നാം ഏറ്റെടുക്കേണ്ടതുണ്ട്. **എവർക്കും പ്രത്യാശപൂരിതമായ ഉയിർപ്പുതിരുനാൾ മംഗളങ്ങൾ!**

മാർച്ച് 25 - ന് "ക്രിസ്തൂസ് വീവിത്ത്" (Christus Vivit) അതായത്, 'ക്രിസ്തു ജീവിക്കുന്നു' എന്ന സിനഡാനന്തര അപ്പസ്തോലികോപദേശത്തിൽ പാപ്പാ ഒപ്പുവച്ചു. 2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ "യുവജനവും വിശ്വാസവും ദൈവവിളി തിരിച്ചറിയലും" എന്ന വിഷയത്തെ അധികരിച്ചു സംഘടിപ്പിക്കപ്പെട്ട മെത്രാന്മാരുടെ സിനഡു സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ തീരുമാനങ്ങളും നിർദേശങ്ങളും ആശയങ്ങളുമെല്ലാം ഇഴകോർത്ത് പാപ്പാ തയ്യാറാക്കിയിരിക്കുന്നതാണ് ഈ സിനഡാനന്തര അപ്പസ്തോലികോപദേശം. ഇത് യേശുവിന്റെ നീതിബോധവും ധീരതയും പക്ഷം ചേരലുകളും കാരുണ്യവും കണ്ടെത്തുവാൻ യുവജനങ്ങളെ ഉത്തേജിപ്പിക്കുമെന്നു പ്രത്യാശിക്കാം.

ജനാധിപത്യ ഇന്ത്യയുടെ ഭാവിയെ സംബന്ധിച്ചിടത്തോളം ആസന്നമായ 17-ാം ലോകസഭാ തിരഞ്ഞെടുപ്പ്, സുപ്രധാനവും നിർണായകവുമാണ്. ജനാധിപത്യവും ഭരണഘടനയും ഇന്ന് വലിയ വെല്ലുവിളി നേരിടുകയാണ്. മതേതരത്വവും ജനാധിപത്യവും കൈവിട്ടു പോകാതിരിക്കാനുള്ള ജാഗ്രതയായി ഈ വോട്ടെടുപ്പു മാറണം. ജനങ്ങളാണ് ജനാധിപത്യം സംരക്ഷിക്കേണ്ടവർ. ജനാധിപത്യ മൂല്യങ്ങളും ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടാൻ ഉത്തരവാദിത്വമുള്ള ഭരണാധികാരികളെ അണിനിരത്താൻ നമ്മുടെ സമ്മതിദാനാവകാശം വിനിയോഗിക്കാം.

ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ആരാധനാസ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസ അവകാശങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും മത്സരിക്കുകയാണ്. സംസ്ഥാന നിയമ പരിഷ്കരണ കമ്മീഷൻ തയ്യാറാക്കിയ കേരളചർച്ച് (പ്രോപ്പർട്ടീസ് അന്റ് ഇൻസ്റ്റിറ്റ്യൂഷൻസ്) ബിൽ 2019 സഭാവിരുദ്ധവും സഭാസമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗവുമാണെന്നു തിരിച്ചറിഞ്ഞ് അവസരോചിതവും ക്രിയാത്മകവുമായി പ്രതികരിക്കുവാൻ ക്രൈസ്തവസമൂഹത്തിന് സാധിച്ചു. ഈ രാജ്യത്തുള്ള എല്ലാ നിയമങ്ങൾക്കും വിധേയമായാണ് നമ്മുടെ സഭയുടെ സമ്പത്തു വിനിയോഗവും പ്രവർത്തനങ്ങളും മുന്നോട്ടു പോകുന്നത്. ക്രൈസ്തവ സ്ഥാപനങ്ങളെ മാത്രം ലക്ഷ്യംവച്ചുള്ള ഈ ബില്ല് നിരുപാധികം പിൻവലിച്ച് ക്രൈസ്തവസഭകളുടെ ആശങ്കകൾ ദൂരീകരിക്കണം.

മതാത്മകതയും ആത്മീയാനുഭവവുമാണ് കേരളത്തിലെ നവോത്ഥാന അന്തരീക്ഷത്തെ രൂപപ്പെടുത്തിയത്. സമകാലിക നവോത്ഥാന ചർച്ചകൾ ഉപരിപ്ലവതയണിഞ്ഞിരിക്കുന്നത് കഷ്ടമാണ്. കൂടുതൽ സത്യസന്ധവും സമഗ്രവുമായ കാഴ്ചപ്പാടുകളാണ് വേണ്ടത്. ജാതിവ്യവസ്ഥയുടെ വികലസങ്കല്പങ്ങൾക്കെതിരേ "വ്യക്തി" എന്ന ക്രൈസ്തവ സങ്കല്പം നിലകൊണ്ടപ്പോഴാണ് നവോത്ഥാനത്തിന്റെ അടിത്തറ പാകപ്പെട്ടതെന്നും അതിനുവേണ്ടി അധ്വാനിച്ചത് ക്രൈസ്തവ മിഷനറിമാരാണെന്നുമുള്ള സത്യത്തെ എത്ര തമസ്കരിക്കാൻ ശ്രമിച്ചാലും അതു വിജയിക്കില്ല.

കുട്ടികൾക്കെതിരേയുള്ള കുറ്റകൃത്യങ്ങൾ നമ്മുടെ നാട്ടിൽ പെരുകിവരുകയാണ്. തൊടുപുഴയിൽ അമ്മയുടെ കാമുകന്റെ ക്രൂരമർദ്ദനമേറ്റ് മരണമടഞ്ഞ ഏഴു വയസ്സുകാരന്റെ ഓർമ്മ ഓരോ മലയാളിയെയും എന്നും വേദനിപ്പിക്കും. ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ശക്തമായ നടപടികൾ ആവശ്യമാണ്. കേന്ദ്രസർക്കാർ കൊണ്ടുവന്ന ജുവനൈൽ ജസ്റ്റിസ് ആക്ട് (J.J. Act) എന്ന നിയമം കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിക്കാതെ, സ്ഥാപനങ്ങളുടെ നടത്തിപ്പുതന്നെ തടസ്സപ്പെടുന്ന രീതിയിൽ നടപ്പിലാക്കിയതിലൂടെ ആയിരക്കണക്കിനു ബാല്യങ്ങളെ സർക്കാർ പെരുവഴിയിലാക്കിയിരിക്കുകയാണ്. കുട്ടികളുടെ അവകാശ സംരക്ഷണം സമൂഹത്തിന്റെ പൊതുവായ ആവശ്യമാണ്, കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എല്ലാവർക്കും കടമയുണ്ട്.

*കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ തനതായ സംഭാവന നല്കിയ കെ.എം. മാണിസാറിന്റെ നിര്യാണത്തിൽ കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.*

**എല്ലാവർക്കും ഈസ്റ്റർ ആശംസകൾ !**


**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com




# ചർച്ച് ബിൽ: കെണികൾ തിരിച്ചറിയണം; വിവേകത്തോടെ പ്രതികരിക്കണം

ജസ്റ്റിസ് ഏബ്രഹാം മാത്യു

**(കെസിബിസിയുടെ പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലിന്റെ (കെസിസി) പിഒസി യിൽ കൂടിയ യോഗത്തിൽ "ചർച്ച് ബിൽ 2019-ഉം കാണാച്ചരടുകളും" എന്ന വിഷയത്തിൽ ജസ്റ്റിസ് ഏബ്രഹാം മാത്യു നടത്തിയ അവലോകനം)**

2019 ചർച്ച് ബില്ലിനെക്കുറിച്ച് എന്റെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് ഒരു അവലോകന മായി ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്.

നിയമപരമായതും വശങ്ങൾ പരിശോ ധിക്കുക മാത്രമാണ് ചെയ്യുന്നത്. അതു കോടതിയിൽ രണ്ട് വക്കീലൻമാർ വാദിക്കുന്നതുപോലെ മാത്രം. ഞാൻ ഇത് പറയാൻ കാരണം എറണാകുളം അതി രൂപതയുടെ ആഭിമുഖ്യത്തിൽ ചർച്ച് ബില്ലിനെതിരേ ഒരു പ്രതിഷേധ കൂട്ടായ്മ നടന്നു. അതിൽ എന്റെ പ്രസംഗത്തെ തുടർന്ന് ചില അഭിപ്രായങ്ങൾ ഞാൻ കേട്ടു. ഫെയ്സ്ബുക്കിൽ നോക്കിയപ്പോൾ അതിന്റെ അകത്ത് "കത്തോലിക്കാ സഭയ്ക്കെന്താ കൊമ്പുണ്ടോ?" എന്ന് ഒരു അകത്തോലിക്കാ വൈദികൻ കുറിച്ചിരിക്കുന്നതു കണ്ടു. അതൊന്നും എനിക്ക് ഒരു പ്രശ്നമല്ല. വ്യക്തിപരമായി ഒരു ആശയ സംഘർഷത്തിനും മുതിരുന്നില്ല. നിയമപരമായ കാര്യങ്ങൾ മാത്രമേ ഇവിടെ ചർച്ച ചെയ്യുന്നുള്ളൂ. അതു പറയാനുള്ള സ്വാതന്ത്ര്യവും ധൈര്യവും എനിക്കുണ്ട്. ജസ്റ്റിസ് കെ. ടി. തോമസ് സാറും ഞാനും ഇതിനെക്കുറിച്ചു സംസാരിച്ചപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു: "ഇതിൽ എന്തോ കെണി ഉള്ളതുപോലെ തോന്നുന്നുണ്ട് എന്ന് സാറു പറയുകയുണ്ടായല്ലോ." ഞാൻ എന്റെ അഭിപ്രായം അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം അതു സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായ അഭിപ്രായ ങ്ങളുണ്ട്.

**പ്രതിഷേധിക്കാൻ കാരണം ഉണ്ട്**

നമ്മളെ സംബന്ധിച്ചിടത്തോളം പ്രതിഷേധി ക്കുന്നതിന് ഒരു കാരണം ഉണ്ട്. സഭയുടെ പ്രവർത്തന ങ്ങളിൽ, സാമ്പത്തികമായ ഇടപാടുകളിൽ സുതാര്യത വരുത്തുന്നതിനായി ഈ നിയമത്തിലൂടെ ശ്രമിക്കു മ്പോൾ മെത്രാന്മാരുടെ നേതൃത്വത്തിൽ വൈദികരും അവരുടെ ചൊല്പ്പടിക്കു നില്ക്കുന്ന അല്മായരും ചേർന്ന് അതിനെ എതിർക്കുന്നു എന്നതാണ് സഭയെക്കുറിച്ച് പൊതുജനങ്ങളുടെ മുമ്പിൽ ഇവർ വച്ചിരിക്കുന്ന മോശമായ ചിത്രം. അതുകൊണ്ടാണ് ഇത് നമ്മൾ എന്തുകൊണ്ട് എതിർക്കുന്നു എന്നുള്ള ചോദ്യം പ്രസക്തമാകുന്നത്. വെറുതെ എതിർക്കുന്ന തിൽ കാര്യമില്ല. മാറ്റം എന്നു പറയുന്നത് നമ്മൾ എല്ലാവരും ആഗ്രഹിക്കുന്ന ഒന്നു തന്നെയാണ്. കാരണം നമ്മുടെ സഭാസ്ഥാപനങ്ങളിലെ തെറ്റായ നടത്തിപ്പുകളെ നമ്മൾ എതിർക്കുന്നുണ്ട്. എതിർക്കുന്ന താകട്ടെ നമുക്ക് മാറ്റം വേണമെന്ന് ആഗ്രഹിക്കുന്നതു കൊണ്ടാണ്. ചില സ്ഥാപന ങ്ങളുടെ നടത്തിപ്പു കാരുടെ മുഖത്തു നോക്കി 'ഇതു തെറ്റാണ്' എന്ന് നമുക്ക് പറയാൻ കഴിയണം. 'സുവിശേഷത്തിൽ അധിഷ്ഠിതമായിട്ടുള്ള ഒരു പ്രവർത്തനമല്ല ഇത്' എന്ന് പറയാനുള്ള ചങ്കൂറ്റവും തൻമയത്വവും നമുക്ക് ഉണ്ടാകണം. കത്തോലിക്കാ സഭയിൽ മാറ്റം വരുത്തേണ്ടത് അതിന്റെ ഉള്ളിൽ നിന്ന് തന്നെയായി രിക്കണം. മറ്റൊരു സമുദായക്കാരനോ മറ്റൊരു നിയമവുമായി ബന്ധപ്പെട്ട ആൾക്കാരോ പറഞ്ഞതു കൊണ്ടല്ല നമ്മൾ മാറ്റം വരുത്തേണ്ടത്. മുസ്ലീം സമുദായത്തിൽ ഒരു മാറ്റം വരുത്തേണ്ടത് ക്രിസ്ത്യാനികളും ഹിന്ദുക്കളും പറഞ്ഞിട്ടായിരി ക്കരുത്. അതുപോലെതന്നെ, ഹൈന്ദവസമൂഹ ത്തിലും. നേരെമറിച്ച് കോടതിയോ, അല്ലെങ്കിൽ മറ്റ് സമുദായങ്ങളോ നമ്മളെ അറ്റാക്കു ചെയ്യുന്നതു കൊണ്ട് നമുക്ക് മാറ്റങ്ങൾ വരുത്തിക്കളയാം എന്ന് ചിന്തിക്കുന്നത് അബദ്ധമാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ നടന്നതു തന്നെ ഉദാഹരണം. കാലത്തിനനുസരിച്ച് കത്തോലിക്കാ സഭയിൽ വരുത്തേണ്ട മാറ്റങ്ങൾ മറ്റുള്ളവർ ചിന്തിക്കുന്നതിനു മുമ്പു തന്നെ നമ്മൾ വരുത്തിക്കൊണ്ടിരിക്കും. അതാണ് കത്തോലിക്കാ സഭ. കത്തോലിക്കാസഭയുടെ പല പ്രവർത്തനങ്ങളും മറ്റുള്ളവർ കോപ്പിയടിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. പ്രീമാര്യേജ് കൗൺസിലിംഗ്, കുടുംബ ക്കൂട്ടായ്മകൾ എന്നിവയെല്ലാം നമ്മിൽ നിന്നും മററു സമുദായ ക്കാർ കോപ്പിയടിച്ചതാണ്. എല്ലാം കോപ്പിയടിച്ചവർ ഒന്നു ചേർന്ന് നമ്മെ ആക്രമിക്കുന്നു. അതിനെയാണ് നമ്മൾ സൂക്ഷിക്കേണ്ടത്. എന്തുകൊണ്ട് ഇവർ നമ്മെ ആക്രമിക്കുന്നു? നമ്മൾ വലിയ തെറ്റുകാരാ ണെന്ന് പൊതുജനത്തെ ബോധ്യപ്പെടുത്താനാണ് മറ്റുള്ളവർ ശ്രമിച്ചുകൊണ്ടി രിക്കുന്നത്. അപ്പോൾ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നതാര്? ഈ നിയമത്തിന്റെ പ്രസക്തി എന്താണ്? സഭയുടെ പ്രവർത്തനങ്ങളെയും വസ്തുക്കളെയും ഫണ്ടുകളെയും സംബന്ധിച്ചുള്ള സുതാര്യത ഉറപ്പുവരുത്തുന്നതിനു നിലവിൽ ഒരു നിയമം ഇല്ലാത്തതുകൊണ്ടാണ് ഇതിന്റെ ആവശ്യം വന്നിരിക്കുന്നത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത് ശരിയാണോ? ഈ ബില്ലിൽ ആകപ്പാടെ രണ്ടോ, മൂന്നോ കാര്യങ്ങൾ മാത്രമേ പ്രസക്തമായിട്ടുള്ളൂ. മറ്റുള്ളവ വെറും ആവർത്തനം മാത്രമാണ്.

**ഔദാര്യമല്ല, അവകാശം തന്നെ**

നമുക്കറിയാം ഭരണഘടന നമുക്ക് തന്നിരിക്കുന്ന അവകാശം എന്നു പറയുന്നത് നമുക്ക് നമ്മുടേതായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും ഭരണം നടത്തുന്നതിനും വസ്തുക്കൾ വാങ്ങുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള അവകാശമാണ്. അത് ആരുടെയും ഔദാര്യമല്ല. മറ്റ് ചില സമുദായങ്ങൾ വേണമെന്നു പറഞ്ഞ ചില കാര്യങ്ങൾ നമ്മൾ വേണ്ട എന്നുവച്ച് ത്യാഗം ചെയ്തു എന്നതാണ് നമ്മൾ ചെയ്ത ഏക കാര്യം. കാരണം വിദ്യാഭ്യാസത്തിന്റെ പ്രസക്തി എന്താണ്, പ്രാധാന്യം എന്താണ് എന്ന് അറിയാവുന്ന വരാണ് കത്തോലിക്കാ സമൂഹം. അതാണ് സമൂഹ ത്തിന്റ നന്മയ്ക്കായി നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ഭരണഘടനാശില്പികളോട് പറഞ്ഞത് ഇന്ന ഇന്ന സംവരണങ്ങളൊന്നും വേണ്ട. വിദ്യാഭ്യാസ ആതുരശുശ്രൂഷാ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തുന്നതിനുള്ള സംരക്ഷണം നമ്മൾക്ക് കിട്ടിയാൽ മതിയെന്ന്. അതല്ലാതെ ആരുടെയും ഔദാര്യംകൊണ്ട് ഉണ്ടാക്കിയതല്ല. സ്വത്തുക്കൾ വാങ്ങുന്നതിനും വില്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യം ഭരണഘടന നമുക്ക് തന്നിരിക്കുന്ന അവകാശമാണ്. അതിന് ഒരു കമ്മീഷന്റെയും ആവശ്യമില്ല. കമ്മീഷൻ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണോ? ഇതുവരെ ഇതുപോലെ ഒരു നിയമം ഉണ്ടായിട്ടില്ല. ജസ്റ്റിസ് കെ.ടി. തോമസ് സാർ എന്നോട് പറഞ്ഞു: ഇവിടെ നിയമം ഇല്ല എന്നു പറയുന്നതു ശരിയാണ്, കാരണം ഭരണഘടന അനുശാസിക്കുന്ന നിയമം ചർച്ചിന്റെ നിയമങ്ങളല്ല; അത് സെക്കുലറായിട്ടുള്ള സിവിൽ നിയമങ്ങളാണ് എന്ന്. പക്ഷേ ഇത്രയും നാൾ ഈ രാജ്യത്തെ നിയമങ്ങൾ അനുസരിക്കാതെയാണോ നമ്മളൊക്കെ പ്രവർത്തിച്ചത്? വസ്തുക്കൾ വാങ്ങുന്നതിനും വില്ക്കുന്നതിനും നിയമമില്ല എന്നു പറഞ്ഞാൽ ശരിയല്ല. ഈ രാജ്യത്തു നിയമമുണ്ട്. അത് ഏത് രാജ്യത്തും ഏതു പൗരനും എന്നുപറഞ്ഞതു പോലെ നമുക്കും ബാധകമാണ്. ഭരണഘടന വന്നിട്ട് 70 വർഷമായി. 70 വർഷം വസ്തുക്കളുടെ ഉടമസ്ഥത ഉണ്ടായതും കൈകാര്യം ചെയ്തതും കൈമാറ്റം ചെയ്തിരുന്നതും ഈ നിയമങ്ങൾക്കു വിധേയമായിട്ടല്ലേ? അതു തന്നെയല്ലേ ഹൈന്ദവരും മുസ്ലീങ്ങളും ചെയ്യുന്നത്? പിന്നെ നമുക്ക് മാത്രമായി എന്താണ് പ്രത്യേകതയുള്ളത്? അപ്പോൾ ഇതുവരെ ഒരു നിയമം ഉണ്ടായിരുന്നില്ല എന്നും അതുകൊണ്ട് ഒരു നിയമം ഉണ്ടാക്കണം എന്നും പറയുന്നതും തീർത്തും ശരിയല്ല. ചർച്ചിന് മാത്രമായിട്ട് ഒരു നിയമമില്ലായിരുന്നു എന്നുള്ളതു ശരിയാണ്. പക്ഷെ വസ്തുക്കൾ വാങ്ങുന്നതിനും കൈകാര്യം ചെയ്യുന്നതിനും, കൈവശം വക്കുന്നതിനും നിയമമില്ല എന്നു പറഞ്ഞാൽ അത് ശരിയല്ല. അതിന് ഈ രാജ്യത്ത് നിയമമുണ്ട്. അത് ഏതൊരു പൗരനും ഏതൊരു സ്ഥാപനത്തിനും ഉള്ളതുപോലെ തന്നെ നമുക്കും ബാധകമാണ്. നമ്മൾ അത് അനുസരിച്ചല്ലേ ജീവിക്കുന്നത്? 70 വർഷമായി ക്രൈസ്തവർക്കു ബാധകമായ നിയമമില്ല എന്ന് എങ്ങനെയാണ് ലോ റിഫോം കമ്മീഷനു പറയാൻ സാധിക്കുന്നത്? പിന്നെ ഒരു കാര്യം പറയാനുള്ളത് നിയമത്തിന്റെ മുമ്പിൽ രാജ്യത്തിന്റെ നിയമം മാത്രം എന്നു പറയുന്നവരോട് എനിക്ക് യോജിപ്പില്ല. വ്യക്തി നിയമം രാജ്യത്തിന്റെ നിയമമനുസരിച്ചല്ല. വ്യക്തി നിയമം രാജ്യം അംഗീകരിച്ചിട്ടുള്ള ഒന്നാണ്. ഉദാഹരണമായി നമ്മുടെ ക്രൈസ്തവ വിവാഹം നടക്കുന്നത് ക്രിസ്ത്യൻ മാര്യേജ് ആക്ട് അനുസരിച്ചാണ്. പക്ഷെ ഇന്നും ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് അനുസരിച്ചുള്ള വിവാഹങ്ങൾ നടക്കുന്നത് മലബാർ ഏരിയായിൽ മാത്രമാണ്. എന്നാൽ നമ്മുടെ വിവാഹങ്ങൾ കാനൻ നിയമ മനുസരിച്ചാണ് നടക്കുന്നത്. പക്ഷെ ഡിവോഴ്സ് കാനൻനിയമമനുസരിച്ചല്ല. കാരണം സ്പെഷ്യൽ ഡിവോഴ്സ് ആക്ട് പഴയ ഇന്ത്യൻ ഡിവോഴ്സ് ആക്ട് ആണ് ഇപ്പോഴത്തെ ഡിവോഴ്സ് ആക്ടായിട്ട് അറിയപ്പെടുന്നത്. പേഴസ്ണൽ ലോസ് രാജ്യം അംഗീകരിക്കില്ല എന്നു എങ്ങനെയാണ് പറയുന്നത്? മുസ്ലീങ്ങൾക്ക് പേഴ്സണൽ ലോസ് അല്ലേ ഉള്ളത്? നിയമമില്ലാത്തപ്പോൾ ആചാരങ്ങൾക്കും നിയമത്തിനും എന്താണ് പ്രാധാന്യമുള്ളത്? ഒരു സമൂഹം പിന്തുടരുന്ന കീഴ്‌വഴക്കങ്ങൾക്കും നിയമത്തിന്റെ പ്രാബല്യമാണുള്ളത്. നമ്മളിതിന് വിധേയമായിട്ടല്ലേ ജീവിക്കുന്നത്? അപ്പോൾ നിയമത്തിനു വിധേയമായിട്ടല്ല സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതും കൈവശം വയ്ക്കുന്നതും എന്നു പറയുന്നത് തീർത്തും ശരിയല്ല. നമ്മൾ നിയമത്തിനു വിധേയമായിട്ടു തന്നെയാണ് ചെയ്യുന്നത്.

**ഇത് ചോറിന്റെ വേവു നോക്കുന്നതുപോലയല്ല**

ജസ്റ്റിസ് കെ.ടി.തോമസ് സാറുമായി സംസാരിച്ചപ്പോൾ ഒന്നു രണ്ട് സംഭവം അദ്ദേഹം പറഞ്ഞു. ഒരു കലത്തിലെ ചോറു വെന്തോ എന്ന് നോക്കുന്നത് ഒന്നോ രണ്ടോ ചോറു ഞെക്കിനോക്കിയിട്ടാണ്. ശരിയാണത്. ആ ന്യായം ഇങ്ങനെയുള്ള കാര്യങ്ങൾക്കു പറ്റുമോ? നിയമമുണ്ടാക്കുന്നതിന് അത് മതിയോ? ഒറ്റപ്പെട്ട ചിലരുടെ അഭിപ്രായം ഇങ്ങനെയുള്ള നിയമം വേണമെന്നാണ്. അദ്ദേഹത്തിനു കിട്ടിയിരിക്കുന്ന അഭിപ്രായം ഭൂരിപക്ഷഅഭിപ്രായമാണെന്ന് എങ്ങനെ പറയാൻ കഴിയും? അവിടെ കിട്ടിയ പ്രതികരണങ്ങൾ എന്നുപറഞ്ഞ് ചില കാര്യങ്ങൾ എനിക്കയച്ചു തന്നു. ഞാൻ പറയട്ടെ. ക്രിസ്തുവിനെ ക്രൂശിക്കാനായിട്ട് കൊണ്ടു പോയപ്പോൾ അവിടെ നിന്ന എല്ലാവരും കൈയടിച്ചവരാണ്. കൈയടിക്കാത്തവരായിട്ട് ആരുമില്ല. അതാണ് ഭൂരിപക്ഷത്തിന്റെ അഭിപ്രായം എന്ന് പീലാത്തോസ് വിചാരിച്ചതു പോലെ മാത്രമേ ഇതിനർത്ഥമുള്ളൂ. അത് ഭൂരിപക്ഷത്തിന്റെ അഭിപ്രാ

യമല്ല. എന്റെ ചുറ്റിലും നില്ക്കുന്നവരുടെ അഭിപ്രായമാണെന്നു പറഞ്ഞാൽ ശരിയാണത്. അപ്പോൾ ഭൂരിപക്ഷാഭിപ്രായത്തിന്റ അടിസ്ഥാനത്തിൽ ഈ നിയമം അംഗീകരിക്കാൻ പോകുന്നു എന്നു പറയുന്നതു യുക്തിക്കു ചേർന്നതല്ല.

**സുതാര്യത**

പിന്നെ ട്രാൻസ്പേരൻസി ഇല്ല എന്നാണ് അദ്ദേഹം പറയുന്നത്. എന്തിന്റെ അടിസ്ഥാനത്തിൽ പറയുന്നു എന്ന് മനസ്സിലാകുന്നില്ല. കാരണം, കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം എല്ലാകാര്യങ്ങളിലും സുതാര്യതയുണ്ട്. എല്ലാ ഇടവകകളിലും പാരീഷ്കൗൺസിൽ ഉണ്ട്. എല്ലാ കണക്കുകളും പാസ്സാക്കി മേലധികാരികൾക്ക് അയച്ചുകൊടുക്കുന്നുണ്ട്. സൂക്ഷ്മമായ പരിശോധനയും നടക്കുന്നുണ്ട്. ലോ റിഫോം കമ്മീഷൻ പറയുന്നത് അങ്ങനെയൊന്നുമില്ല എന്നാണ്. ഇങ്ങനെയൊക്കെ പറഞ്ഞാൽ അതില്ലാതാകുമോ? ഉദാഹരണമായി എറണാകുളം അതിരൂപതയുടെ കണക്ക് കൈകാര്യം ചെയ്യുന്ന രീതിയാണ് യഥാർത്ഥത്തിൽ കൊച്ചി രാജാവ് സ്വീകരിച്ചത്. അതിൽ സുതാര്യതയില്ലേ? കൊല്ലരുത്, മോഷ്ടിക്കരുത്, വ്യഭിചാരം ചെയ്യരുത് എന്ന് നിയമമുണ്ട്. എന്നിട്ടും അത് ഇവിടെ നടക്കുന്നില്ലേ? നിയന്ത്രിച്ചാലും അതൊക്കെ നടന്നുകൊണ്ടിരിക്കും. ഒറ്റപ്പെട്ട സംഭവങ്ങളെ വിപുലീകരിച്ചു കാണിച്ചു കൊണ്ട് ഇതൊക്കെയാണ് ഇവിടെ നടക്കുന്നത് എന്നു പറയുന്നത് യുക്തിക്ക് ചേർന്നതല്ല. സാധാരണയായി ഇതുപോലെയുള്ള നിയമമുണ്ടാക്കുമ്പോൾ സ്ഥിതി വിവരക്കണക്കുകൾ എടുക്കും. അതൊന്നും എടുക്കാതെയാണ് ഈ നിയമം കൊണ്ടു വന്നിരിക്കുന്നത്. 1988ലാണ് ഞാൻ ന്യായാധിപനായി സർവീസിൽ പ്രവേശിക്കുന്നത്. മുപ്പതുവർഷത്തിനിടെ ഇതുവരെ കത്തോലിക്കാ സഭയിലെ അക്കൗണ്ട് സംബന്ധിച്ച് ഒരു കേസും സിവിൽ കോടതിയിൽ വന്നിട്ടില്ല. മറ്റു ചില സഭകളിൽ നിന്ന് വന്നിട്ടുണ്ട്. അത് പറയേണ്ടകാര്യമില്ല.

**ഒരു കാരണവുമില്ലാതെ ഒരു നിയമമോ?**

സഭയുടെ അക്കൗണ്ട് സംബന്ധിച്ചും ഭരണപരമായും എത്ര കേസുകൾ കേരളത്തിൽ ഫയൽ ചെയ്തിട്ടുണ്ടെന്ന് സ്ഥിതിവിവരക്കണക്കെടുത്ത് പരിശോധിച്ചു നോക്കാതെയാണോ ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്? അപ്പോൾ അടിസ്ഥാനമെവിടെപ്പോയി? ഈ നിയമത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് ഇല്ലാത്ത ഒന്നാണ്. ഇല്ലാത്ത കാരണം പറഞ്ഞുകൊണ്ട് ശരിയായ പഠനങ്ങൾ നടത്താതെ ഒരു നിയമമുണ്ടാക്കുമ്പോൾ അതിനെ എതിർക്കേണ്ടതുണ്ട്. എതിർത്തതുകൊണ്ടു മാത്രം ആകുന്നില്ല. ഏത് രീതിയിൽ നമ്മളെ അത് ബാധിക്കുന്നു എന്നുകൂടി നമ്മൾ അറിഞ്ഞിരിക്കണം. ഇപ്പോൾ എല്ലായിടത്തും ക്രിസ്ത്യൻ സഭകളെക്കുറിച്ച് ഒരു പ്രത്യേക ഇമേജാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സിനിമകൾക്ക് ക്രിസ്ത്യൻ പേരുകളാണ് ഉപയോഗിക്കുന്നത്. അതിൽ നല്ലവശവും മോശമായവവും ഉണ്ട്. ബിബ്ലിക്കൽ പേരുമായി ബന്ധപ്പെട്ടുള്ളതാണ് മിക്ക പോസ്റ്ററുകളും. ഏതു കൊള്ളക്കാരനെ ചിത്രീകരിക്കുമ്പോഴും കഴുത്തിൽ കൊന്തയും കുരിശും കാണുമെന്ന സ്ഥിതിയിലേക്കു കാര്യങ്ങൾ വന്നിരിക്കുകയാണ്. ആർക്കും കൊട്ടാവുന്ന ഒരു ചെണ്ടയായി നമ്മൾ മാറിക്കൊണ്ടിരിക്കുന്നു. നിശബ്ദതയാണ് ഏറ്റവും വലിയ പ്രതിഷേധം. അത് ചില സമയങ്ങളിൽ വേണ്ടതു തന്നെയാണ്. പക്ഷേ പ്രതിഷേധത്തിന്റെ ശബ്ദം ഉയരേണ്ട ചില നേരങ്ങളിൽ പ്രതിഷേധത്തിന്റെ ശബ്ദമുയർത്തേണ്ടതുണ്ട്. ഇതു നമ്മുടെ കടമ തന്നെയാണ്.

**എന്തുകൊണ്ടാണ് നമ്മൾ ബില്ലിനെ എതിർക്കുന്നത്?**

പ്രധാനമായിട്ടും ഇതിന് അടിസ്ഥാനമില്ല എന്നതാണു കാരണം. ചർച്ച് ട്രൈബ്യൂണൽ എന്നു പേരിട്ടിട്ടുള്ള ഒരു ട്രൈബ്യൂണലാണ് ഇതിലൂടെ ഉണ്ടാക്കിയിരിക്കുന്നത്. അവിടെ വേണം കത്തോലിക്കാ സഭയുടെ ഏതെങ്കിലും സ്വത്തുക്കളെ സംബന്ധിച്ചോ സ്വത്തുക്കളിൽ ഭരണഘടനാപരമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചോ തർക്കമുണ്ടാകുമ്പോൾ കേസു കൊടുക്കേണ്ടത്. ഭരണഘടനാപരമായ കാര്യങ്ങൾ എന്നു പറയുമ്പോൾ ഇതിൽ വരുന്നത് ട്രസ്റ്റ് എന്ന രീതിയിലുള്ള ഒരു കാഴ്ചപ്പാടാണ്. അങ്ങനെ വരുമ്പോൾ സഭാകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന അതിന്റെ തലവനായിട്ടുള്ള വൈദികൻ എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ ആ സ്ഥാനത്തിരിക്കാൻ യോഗ്യനല്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളും ട്രൈബ്യൂണലിന്റെ മുമ്പിൽ വരും. ഇഷ്ടമില്ലാത്ത ഒരു വൈദികനെ അപകീർത്തിപ്പെടുത്തണമെങ്കിൽ ഇതുമതി. പലയിടത്തും സംഭവിച്ചു കൊണ്ടിരിക്കുന്നത് ഇതുതന്നെയല്ലേ? അതാണ് നമ്മൾ സൂക്ഷ്മമായി കാണണം എന്നുപറയുന്നത്. വക്കീൽ തീരുമാനിക്കുന്ന രീതിയിൽ ഇരിക്കും ഇവിടെ കാര്യങ്ങൾ പോകുന്നത്. ആർക്കൊക്കെ കേസുകൊടുക്കാൻ കഴിയും? ഈ ഡിനോമിനേഷനിലുള്ള ഏതൊരാൾക്കും ഏതൊരു പാരീഷിനെ സംബന്ധിച്ചും കേസുകൊടുക്കാം. ഉദാഹരണമായി, സിറിയൻ കത്തോലിക്കാസഭ മേജർ ആർച്ചുബിഷപ്പിന്റെ കീഴിൽ വരുന്ന ഒരു ഡിനോമിനേഷനാണ്. അങ്ങനെയുള്ള ഡിനോമിനേഷനെ സംബന്ധിച്ച്, അതിലെ പാരീഷിനെ സംബന്ധിച്ച് ഈ ഡിനോമിനേഷനിൽപ്പെട്ട സഭാംഗങ്ങളിൽ ഏതെങ്കിലും ഒരംഗത്തിന് പരാതിയുണ്ടെങ്കിൽ ചർച്ച് ട്രൈബ്യൂണലിൽ കേസുകൊടുക്കാം. ഇതിന്റെ യോഗ്യത എന്താണ്? ക്രിസ്ത്യൻ ആയിരിക്കണം, മാമോദീസാ മുങ്ങിയിരിക്കണം, ഏകരക്ഷകൻ ക്രിസ്തുവാണെന്ന് വിശ്വസിക്കണം. അങ്ങനെയുള്ള ഒരാൾക്ക് ഈ സഭാംഗമാണെങ്കിൽ ഈ ചർച്ചിനെ സംബന്ധിച്ച് ലോകത്തിന്റെ ഏതു കോണിലിരുന്നും പരാതികൊടുക്കാം.

**കെണികളുണ്ട്, കാണാതിരിക്കരുത്**

ഞാൻ ഒന്നു ചോദിക്കട്ടെ. എറണാകുളം അതിരൂപതക്കാരനായിട്ട് സിറിയൻ കത്തോലിക്കാസഭയിൽപെട്ട ഒരംഗം അമേരിക്കയിൽ താമസക്കാര

നാണെങ്കിൽ അയാൾക്ക് അവിടെയിരുന്ന് നെയ്യാറ്റിൻകര മുതൽ കാസർഗോഡുവരെയുള്ള ഏതു പള്ളികൾക്കെതിരേയും കേസുകൊടുക്കാം. പതിനായിരം പള്ളി ഉണ്ടെങ്കിൽ പതിനായിരം പള്ളിക്കെതിരെയും കേസു കൊടുക്കാം. എന്താണ് യോഗ്യത? അവൻ ആ ഡിനോമിനേഷനിലെ അംഗമാണ്. അപ്പോൾ ഈ രീതിഅനുസരിച്ച് അമേരിക്കയിൽ താമസമുള്ള ഒരാൾക്ക് കേരളത്തിലെ എല്ലാ പള്ളിക്കെതിരായും കേസു കൊടുക്കാം. ചുരുക്കം പറഞ്ഞാൽ, സഭയുമായി രസത്തിലല്ലാത്ത ഏതെങ്കിലും ഒരു വ്യക്തിയു ണ്ടെങ്കിൽ കേരളത്തിലെ എല്ലാ പള്ളികൾക്കെതിരായും അയാൾക്ക് കേസുകൊടുക്കാൻ സാധിക്കും. രണ്ടാമതായി: വളരെ വിചിത്രമായിട്ടുള്ള കാരണമാണ്: "എനിക്ക് അത് ഇഷ്ടമല്ല." ഞാനുൾപ്പെടുന്ന പാലച്ചുവട് ഇടവക പള്ളിയിലെ ഏകകണ്ഠമായ തീരുമാനത്തെക്കുറിച്ച് ഏതെങ്കിലും ഒരാൾ അമേരിക്കയിലിരുന്നു കൊണ്ട് പറയുകയാണ്, ആ തീരുമാനം എനിക്ക് ഇഷ്ടപ്പെട്ടില്ല; അതുകൊണ്ട് ചർച്ച് ട്രൈബ്യൂണൽ തീരുമാനിക്കണം എന്ന്. അതു സ്വീകരിക്കുന്ന നമ്മൾ വിഡ്ഢികളായിരിക്കേണ്ടേ? ഈ നിയമങ്ങൾ യുക്തിക്കു ചേർന്നതാണോ? അതു കൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിനകത്ത് കെണികൾ ഉണ്ടെന്ന്. ഒന്നാമത്തെ കാരണം എതൊരാൾക്കും കേരളത്തിലെ എല്ലാ പള്ളിക്കെതിരായും കേസുകൊടുക്കാം. സിവിൽ കോടതിയിൽ കേസുകൊടുക്കണെമെങ്കിൽ പരാതിക്കാരൻ ആരെന്നും വ്യവഹാരകാരണം എന്തെന്നും അതുമായി തർക്കക്കാരനുള്ള ബന്ധമെന്തെന്നും പറഞ്ഞിരിക്കണം. കേസുകൊടുക്കണമെങ്കിൽ അയാൾക്ക് ഈ വിഷയത്തിൽ താത്പര്യമുണ്ടായിരിക്കണം. ഇതിനെ സംബന്ധിച്ച് അമേരിക്കയിലിരിക്കുന്ന നെയ്യാറ്റിൻകരക്കാരനായ വ്യക്തിക്ക് യാതൊരു ബന്ധവും വേണമെന്നില്ല. ഇവിടെയുള്ള 100% വരുന്ന ആൾക്കാർ എടുക്കുന്ന തീരുമാനം അയാൾക്ക് 'ഇഷ്ടപ്പെട്ടില്ല' എന്നു മാത്രം പറഞ്ഞാൽ മതി. എനിക്ക് ഇഷ്ടമില്ലാത്ത ഏതെങ്കിലും ഒരു വിഷയം പറഞ്ഞ് ഞാൻ തർക്കിക്കുന്നു. അങ്ങനെയുള്ള ഒരു തർക്കമാണോ യഥാർഥത്തിൽ നിയമം വിവക്ഷിക്കുന്നത്? നിയമം വിവക്ഷിക്കുന്നത് അതല്ല. അയാൾക്ക് വ്യക്തിപരമായിട്ട് ഒരു താത്പര്യം ആ വിഷയത്തിൽ ഉണ്ടാകുകയും അത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമല്ലാതെ ഇരിക്കുകയും ചെയ്യുമ്പോഴാണ് ഒരു തർക്കവിഷയമായി വരുന്നത്. നിങ്ങൾ കോഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് എടുത്തു നോക്കൂ. അതിൽ തർക്കത്തെകുറിച്ച് നിർവചിച്ചിട്ടുണ്ട്. അങ്ങനെയൊന്നും ഈ ബില്ലിൽ പറഞ്ഞിട്ടില്ല. ആർക്കുവേണമെങ്കിലും എന്തും തർക്കമായി മാറ്റാൻ സാധിക്കും, പരാതി പ്രളയമുണ്ടാക്കി സമാധാനം കെടുത്തുക എന്ന ലക്ഷ്യം മാത്രം മതി.

**പരസ്പരവിരുദ്ധമാണ് ഈ നിർദ്ദേശങ്ങൾ**

100% പേരും ഏകകണ്ഠമായി എടുക്കുന്ന തീരുമാനം സഭയുടെ അംഗമാണ് എന്ന ഒറ്റ കാരണം കൊണ്ട് ചലഞ്ച് ചെയ്യാൻ സാധിക്കുമെന്നുള്ളത് ലോ റിഫോം കമ്മീഷൻ ആദ്യം പറഞ്ഞ തത്ത്വത്തിന് വിരുദ്ധമല്ലേ? അവർ പറഞ്ഞത് ഭൂരിപക്ഷത്തിന് ഒരു നിയമം വേണമെന്നാണ്. അപ്പോൾ ഭൂരിപക്ഷത്തിന് എന്ത് അർത്ഥമാണ് ഉള്ളത്? 100% ഇവിടെ എടുക്കുന്ന തീരുമാനം എങ്ങനെ ഒരാൾക്ക് 'ഇഷ്ടപ്പെട്ടില്ല' എന്നു പറഞ്ഞ് ചോദ്യം ചെയ്യാൻ സാധിക്കും. യുക്തിസഹമല്ലാത്ത കാര്യങ്ങളാണ് ഇതിലുള്ളത്. എന്തുകൊണ്ട് ഈ 100% പേരുടെ തീരുമാനം ഒരാൾക്കുമാത്രം സ്വീകരിച്ചുകൂടാ? നമ്മുടെ നാട്ടിലൊക്കെ ക്ലബ്ബുകൾ ഉണ്ട്. സൊസൈറ്റി ലോ ഓഫ് ആക്ട് അനുസരിച്ചും ട്രാൻവൻകൂർ സൊസൈററി ആക്ട് അനുസരിച്ചും രജിസ്റ്റർ ചെയ്തിട്ടുള്ള സ്പോർട്സ് ക്ലബ്ബും ലിറ്ററി ക്ലബ്ബുമുണ്ട്. ആ ക്ലബ്ബുകളിൽ പോലും ഭൂരിപക്ഷ തീരുമാനം അന്തിമമാണ്. അതാർക്കും ചോദ്യം ചെയ്യാൻ പറ്റില്ല. കോടതിയിൽ ചോദ്യം ചെയ്യണമെങ്കിൽ എന്തു ചെയ്യണം എന്ന് അവരുടേതായ നിയമാവലിയിലുണ്ട്. അല്ലാതെ 'എനിക്ക് ഇഷ്ടപ്പെട്ടില്ല' എന്ന് പറഞ്ഞ് ഒരാൾക്ക് കേസുകൊടുക്കാൻ പറ്റില്ല. അങ്ങനെ ഒരു ക്ലബിൽ പോലും നടക്കാത്ത കാര്യമാണ് ചർച്ച്ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഏതൊരാൾക്കും കേസുകൊടുക്കാമെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു പള്ളിയിൽ കേസില്ലാത്ത ഒരു ദിവസമുണ്ടാകുമോ? ഇങ്ങനെ ഒരു സ്ഥിതിവന്നാൽ കത്തോലിക്കാസഭയുടെയോ മറ്റു സഭകളുടെയോ എതെങ്കിലും പള്ളിയെ സമാധാനപരമായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമോ? ചിന്തിക്കണം. എല്ലാവരെയും തൃപ്തിപ്പെടുത്തി ക്കൊണ്ട് എല്ലാ തീരുമാനവും എടുക്കാൻ സാധിക്കില്ല. അതാണ് ഇതിനകത്ത് കെണിയുണ്ട് എന്നു പറഞ്ഞത്. സംഭവിക്കാൻ പോകുന്നത് എന്താണ്? ഇങ്ങനെയൊരു ബില്ല് വരുകയാണെങ്കിൽ ഒരു ഒറ്റ ഇടവകയിലും പരസ്പരമുള്ള വിശ്വാസം നിലനിർത്തിക്കൊണ്ടു പോകാൻ സാധിക്കുകയില്ല. ഈ സാഹചര്യമാണ് ഈ ബില്ലുവഴി ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ടാണ് ഇതിനെ എതിർക്കണമെന്ന് പറയുന്നത്. കത്തോലിക്കാ സഭ മറ്റുള്ള സഭകളിൽ നിന്ന് വ്യത്യസ്തമാണ്. സഭ ഒരു നൈയാമിക വ്യക്തിയാണ്. കത്തോലിക്കാസഭ എന്നു പറയുന്നത് ഒറ്റ കല്ലിൽ കൊത്തിയ ഘടനയാണ്. അതിനെ വിഘടിപ്പിക്കാൻ പാടില്ല. പക്ഷെ ഇങ്ങനെ ഒരു ബില്ലുവന്നാൽ എന്തുപറ്റും? നമ്മുടെ സഭ ഛിന്നഭിന്നമായിപോകും. സത്യത്തിൽ സംഭവിക്കാൻ പോകുന്നത് അതാണ്. കുടുംബങ്ങളിലും പരസ്പരം തർക്കങ്ങളില്ലേ? അല്ലെങ്കിൽ പരസ്പരം ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ഉണ്ടാകില്ലേ? അതുകൊണ്ട് കുടുംബങ്ങൾ വേണ്ട കോടതി മതി എന്നു തീരുമാനിച്ചാൽ സംഭവിക്കാൻ പോകുന്നത് കുടുംബശിഥിലീകരണമാണ്. ഇതുപോലെ തന്നെ സഭയിലും അതു ഉണ്ടാകാതിരിക്കണമെങ്കിൽ സമയത്തു തന്നെ നമ്മൾ പ്രതികരിച്ചേ മതിയാകൂ.

**സിവിൽ കോടതിയിൽ വിശ്വാസമില്ലേ?**

ഒരു ന്യായാധിപൻ എന്ന നിലയിൽ എന്റെ ഇതുവരെയുള്ള അനുഭവത്തിൽ ഏതു സമുദായത്തെ വച്ചു നോക്കിയാലും കത്തോലിക്കാസഭ കക്ഷിയായിട്ടുള്ള കേസുകൾ കേരളത്തിൽ വളരെ കുറവാണ്. പുതിയ നിയമം പാസാക്കുകയാണെങ്കിൽ എന്തു സംഭവിക്കും? കേരളത്തിലെ എല്ലാ ചർച്ചുകൾക്കും വേണ്ടി ഒരു ട്രൈബ്യൂണൽ ഇത്രയും നാൾ ഇത്തരം തർക്കങ്ങളുണ്ടായാൽ പരിഹരിച്ചിരുന്നത് സിവിൽ കോടതി കളായിരുന്നു. എന്തുകൊണ്ടാണ് ഈ സിവിൽ കോടതിയെ വേണ്ട എന്നു വയ്ക്കുന്നത്? സിവിൽ കോടതിയിലുള്ള വിശ്വാസം ലോ റിഫോം കമ്മീഷനു നഷ്ടപ്പെട്ടോ? ഈ കമ്മീഷനിൽ ഒരാളൊഴിച്ച് എല്ലാവരും ജഡ്ജിമാരായിരുന്നവരല്ലേ? അപ്പോൾ ഇത്രയും നാൾ സിവിൽ കോടതിയിൽ ഉണ്ടായിരുന്ന വിശ്വാസം കമ്മീഷൻ അംഗങ്ങൾക്ക് നഷ്ടപ്പെട്ടോ? ഇത്രയും നാൾ കേസ് കൈകാര്യം ചെയ്തിരുന്ന സിവിൽ കോടതിക്ക് എന്താണ് സംഭവിച്ചിരിക്കുന്നത്? ഒരു കുറവും സംഭവിച്ചിട്ടില്ലെങ്കിൽ എന്തിനാണ് ഇത് സിവിൽ കോടതിയിൽ നിന്ന് എടുത്തുമാറ്റുന്നത്? അതിനുള്ള ഉത്തരം ലോ റിഫോം കമ്മീഷൻ നല്കണം.

അറ്റന്റ് ചെയ്യാൻ എല്ലാവർക്കും ചെല്ലാം. ജില്ലാ ജഡ്ജിമാരും റിട്ടയേർഡ് ജഡ്ജിമാരും ഉണ്ടായിരുന്നു. ഇന്റർവ്യൂ കഴിഞ്ഞപ്പോൾ സംഭവിച്ചത് റിട്ടയേർഡ് ജഡ്ജിമാർക്ക് വട്ടപൂജ്യം കൊടുത്തു. 30 വർഷമായി ജോലി ചെയ്ത ജില്ലാജഡ്ജിമാരെ ഗവൺമെന്റ് ലിസ്റ്റിൽ അംഗീകരിച്ചില്ല. ഇതാണ് ചർച്ച് ബില്ലിലും സംഭവിക്കാൻ പോകുന്നത്. രാഷ്ട്രീയമായ പിൻബലമുള്ള, കേസില്ലാതിരുന്ന വക്കീലന്മാർക്ക് 100ൽ 100 മാർക്ക്. എല്ലാം വെറും രാഷ്ട്രീയം! ഇതാണ് ഇതിനെ എതിർക്കാനുള്ള മറ്റൊരു കാരണമായിട്ട് ഞാൻ പറയുന്നത്.

കമ്മീഷൻ പറയുന്നത് സുതാര്യത വേണം എന്നാണ്. സുതാര്യത ഇല്ല എന്നു പറയുന്നത് വസ്തുതയ്ക്ക് ചേരുന്നതല്ല. നിലവിലുള്ള സഭാ നിയമങ്ങളിൽ സുതാര്യതപോരാ എന്നാണ് കമ്മീഷൻ വാദിക്കുന്നത്. എന്നാൽ ആരോപണത്തിന് ചേർന്ന സ്ഥിതി വിവരക്കണക്ക് ശേഖരിച്ചിട്ടില്ല. ആർക്ക് കേസുകൊടുക്കാം എന്നുള്ളതിന് യാതൊരു നിർവചനവും തന്നിട്ടില്ല. ഏകകണ്ഠമായിട്ട് ചർച്ച ചെയ്ത് എടുക്കുന്ന തീരുമാനങ്ങളിൽ ഒരു ബന്ധവുമില്ലാത്ത ഒരാൾക്ക് ഇഷ്ടമില്ല എന്നതിന്റെ പേരിൽ എവിടെ വേണമെങ്കിലും ഇരുന്ന് കേസുകൊടുക്കാവുന്ന സംവിധാനത്തെ എങ്ങനെ



**രാഷ്ട്രീയക്കാർക്ക് മേയാൻ ഒരിടം കൂടിയോ?**


ഒരു ട്രൈബ്യൂണലും ആ ട്രൈബ്യൂണലിൽ ഏതെങ്കിലും ഒരു റിട്ടയേർഡ് ജില്ലാ ജഡ്ജിയുമുണ്ടാകും. സഭാ നിയമങ്ങളെ കുറിച്ച് ഒരു അറിവും അദ്ദേഹത്തിന് ഉണ്ടാകണമെന്നില്ല. ഇപ്പോഴത്തെ രീതിയനുസരിച്ച് ട്രൈബ്യൂണ ലിന്റെ ഹെഡ് രാഷ്ട്രീയമായി ബന്ധപ്പെട്ടയാളാകാനാണ് സാധ്യത. ഞാൻ ഒരു ന്യായാധിപനായിരുന്ന ആളാണ്. ഉദാഹരണമായി കൺസ്യൂമർ ഫോറം എടുത്തുനോക്കൂ. റിട്ടയർ ചെയ്ത ജഡ്ജിമാരാണ് ഹെഡു ചെയ്യേണ്ടത്. പണ്ടൊരിക്കൽ അതു സംബന്ധിച്ച് ഒരു ഇന്റർവ്യൂ നടത്തി. ഈ ഇന്റർവ്യൂ

നിയമത്തിൽ ഉൾപ്പെടുത്താൻ സാധിക്കും? സഭയ്ക്കുള്ളിൽ കലഹം വളർത്തി കൂട്ടായ്മ നശിപ്പിച്ച് സഭയെ തകർക്കുക എന്നതായിരിക്കും ചർച്ച് ബില്ലിന്റെ അന്തിമ ഫലം. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ നമ്മൾ ഇതിനെ എതിർക്കണം. മറ്റുള്ളവർ കാണിക്കുന്ന തരത്തിലുള്ള പ്രതികരണമായിരിക്കരുത്, മാന്യമായിട്ടുള്ളതും വിവേകത്തോടു കൂടിയിട്ടുള്ളതുമായ പ്രതികരണമാകണം നമ്മുടെ ഭാഗത്തുനിന്നു വേണ്ടത്. ഇപ്പോൾ ശുപാർശ മാത്രമേയുള്ളൂ, ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നമ്മുടെ ഇടയിൽതന്നെ ബോധവത്ക്കരണം നടക്കണം. ഇതുപോലെയുള്ള കാരണങ്ങൾ കൊണ്ടാണ്

എതിർക്കുന്നതെന്നു പറയാൻ നമുക്ക് കഴിയണം. അല്ലാതെ നാം സുതാര്യതയ്ക്കെതിരല്ല. തെറ്റുകൾ ഉണ്ട്. അത് തിരുത്താനുള്ള സംവിധാനവുമുണ്ട്. മറ്റൊരു സമുദായത്തിലും ഇല്ലാത്ത സംവിധാനങ്ങളാണ് നമുക്കുള്ളത്. എതിർക്കേണ്ടിടത്ത് എതിർക്കുക. പ്രതികരിക്കേണ്ടിടത്ത് പ്രതികരിക്കുക. പ്രതികരിക്കേണ്ടത് മാന്യമായ രീതിയിലാകണം എന്നു മാത്രം.

## ജസ്റ്റിസ് കെ.ടി തോമസ് പുകമറ സൃഷ്ടിക്കുന്നു: കെസിബിസി ജാഗ്രതാ സമിതി

**കൊച്ചി:** ഇ-മെയിൽ സന്ദേശങ്ങൾ വഴി സംസ്ഥാന നിയമപരിഷ്കരണകമ്മീഷനു മുമ്പിലെത്തിയ പ്രതികരണങ്ങളിൽ ഭൂരിഭാഗവും ചർച്ച് ബില്ലിനെ അനുകൂലിക്കുന്നുവെന്ന കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് .കെ.ടി. തോമസിന്റെ അവകാശവാദം, ജനങ്ങൾക്കു മുമ്പിൽ പുകമറ സൃഷ്ടിച്ച് ബില്ലിനെ ന്യായീകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നു വേണം കരുതാൻ. കർഷകർ ആത്മഹത്യ ചെയ്യുകയും പാവപ്പെട്ടവരുടെ കിടപ്പാടം പോലും ബാങ്കുകൾ ജപ്തിചെയ്യുകയും നാട്ടിൽ സമാധാനജീവിതം ദുഷ്കരമാക്കുംവിധം രാഷ്ട്രീയ വൈരവും പകയും വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സഭയുടെ സ്വത്തു സംരക്ഷിക്കാൻ നിയമമുണ്ടാക്കുന്നതാണ് സംസ്ഥാനത്തിന്റെ മുഖ്യമായ പ്രശ്നമെന്നു ധരിച്ചുവശായിരിക്കുകയാണ് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷൻ. സമൂഹത്തിൽ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും ജീവിതം കുറേക്കൂടി മെച്ചമാക്കുന്നതിനും, സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ അതർഹിക്കുന്ന ജനവിഭാഗങ്ങളിലേക്ക് എത്തുന്നു എന്നുറപ്പുവരുത്തുന്നതിനും സാധാരണക്കാരനു നീതി ഉറപ്പാക്കുന്നതിനും ഉപകരിക്കുന്ന നിർദേശങ്ങൾ നല്കാൻ ശ്രദ്ധിക്കുന്നതല്ലേ ഉചിതം? ക്രൈസ്തവ സമുദായത്തെ അധിക്ഷേപിക്കുകയും, സഭയ്ക്കും സമുദായത്തിനുമെതിരേ തെറ്റിദ്ധാരണ പരത്തുംവിധം വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നത് സംസ്ഥാന നിയമപരിഷ്കരണ കമ്മീഷനും അതിന്റെ അധ്യക്ഷനും ഭൂഷണമല്ല. ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിലിരിക്കുന്നവർ, നില മറന്നു പെരുമാറുന്നത് അത്യന്തം ഖേദകരമാണ്. ക്രൈസ്തവ സഭകളുടെയും സമുദായത്തിന്റെയും ആത്മാഭിമാനത്തെ ചോദ്യംചെയ്യുന്ന നിലപാട് സംസ്ഥാന നിയമ പരിഷ്കരണകമ്മീഷൻ അവസാനിപ്പിക്കണം. സംസ്ഥാന സർക്കാരിന്റെയും അതിനു നേതൃത്വം നല്കുന്ന രാഷ്ട്രീയ പാർട്ടികളുടെയും താത്പര്യപ്രകാരമല്ല ബില്ലുകൊണ്ടുവരുന്നതെന്നു പറയുന്ന നിയമപരിഷ്കരണ കമ്മീഷൻ, അതിന്റെ അധ്യക്ഷന്റെ വ്യക്തിപരമായ താത്പര്യങ്ങൾക്കുവേണ്ടിയല്ല നിലപാടെടുക്കുന്നതെന്ന് ഉറപ്പുവരുത്തണം. ക്രൈസ്തവ സമുദായങ്ങളിൽ ഏതെങ്കിലും വിഭാഗത്തിന് ബിൽ നിർദേശിക്കുന്ന ക്രമീകരണങ്ങൾ ആവശ്യമുണ്ടെങ്കിൽ അവർ സംസ്ഥാന സർക്കാരിനെ സമീപിക്കട്ടെ. ഏതെങ്കിലും സംഘടനകളുടെയോ വ്യക്തികളുടെയോ നിലപാട് ക്രൈസ്തവ സമുദായത്തിന്റെമേൽ കെട്ടിയേല്പിക്കാൻ കമ്മീഷൻ ശ്രമിക്കേണ്ടതില്ല. വിവാദങ്ങളുണ്ടാക്കി പ്രശസ്തി നേടാൻ ശ്രമിക്കുന്നതിനുപകരം, കമ്മീഷൻ അനാവശ്യ ഉദ്യമങ്ങളിൽനിന്ന് പിന്മാറുകയും ചർച്ച് ബിൽ പിൻവലിക്കുകയുമാണ് വേണ്ടതെന്ന് കെസിബിസി ജാഗ്രതാ സമിതിയുടെ പി.ഒ.സി.യിൽ ചേർന്ന സമ്മേളനം ചൂണ്ടിക്കാട്ടി. **(6/3/2019)**



# സമകാലീന നവോത്ഥാന ചർച്ചകളും ക്രൈസ്തവ പ്രതികരണവും

റവ. ഡോ. ഗാസ്പർ കടവിപറമ്പിൽ



**(കെസിബിസിയുടെ പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലിന്റെ (കെസിസി) പിഒസിയിൽ കൂടിയ യോഗത്തിൽ "സമകാലീന നവോത്ഥാന ചർച്ചകളും ക്രൈസ്തവപ്രതികരണവും"എന്ന വിഷയത്തിൽ റവ. ഡോ. ഗാസ്പർ കടവിപറമ്പിൽ നടത്തിയ അവലോകനം)**

**കേ**രളത്തെ ഇഴചേർത്തു തുന്നിയെടുത്ത് രൂപപ്പെടുത്തിയെടുക്കുന്നതിൽ വ്യക്തികളെന്നനിലയിലും ഒരു മതാത്മക സമൂഹം എന്ന നിലയിലും നിരവധി സംഭാവനകൾ നല്കിയ ഒരു സമൂഹമാണ് കേരളത്തിലെ ക്രൈസ്തവർ. ഒരു സമൂഹമെന്ന നിലയിൽ പ്രതികരണഗ്രൂപ്പായി മാത്രം നാം ചുരുങ്ങാതെ കേരളം എന്ന സാംസ്കാരിക വൈവിധ്യവും, ആത്മീയ വൈവിധ്യവും സാമുദായിക വ്യത്യാസങ്ങ ആളുകളുടെ ഒരു സമൂഹമെന്ന നിലയിൽ, ക്രിയാത്മകമായി സംവാദങ്ങളിൽ ഇടപെടാനുള്ള ഒരു ഉത്തരവാദിത്വം നമുക്ക് ഉണ്ട്. അജണ്ട ഞങ്ങൾ സെറ്റു ചെയ്തുകൊള്ളാം നിങ്ങൾ പ്രതികരിച്ചാൽ മതി എന്നു പറയുന്ന രാഷ്ട്രീയ പ്രബലത നിലനില്ക്കുന്ന ഈ കാലഘട്ടത്തിൽ അജണ്ടകളെ തീരുമാനിക്കേണ്ടത് ഞങ്ങൾ കൂടിയാണ് എന്നു പറയാനും ചർച്ചകളിലും സംവാദങ്ങളിലും ഇടപെടാനുമുള്ള ഉത്തരവാദിത്വം ക്രൈസ്തവസമൂഹത്തിന് ഉണ്ട്.

എങ്ങനെയാണ് നവോത്ഥാനത്തെക്കുറിച്ചുള്ള ചർച്ചകൾ ഇവിടെ പെട്ടെന്ന് ഉദയം ചെയ്തത്? ശബരിമലവിഷയുവുമായി ബന്ധപ്പെട്ട ബഹു. സുപ്രീംകോടതിവിധിയോട് ചേർന്ന് കേരളത്തിന്റെ സർക്കാർ എടുത്ത നയപരമായ തീരുമാനം, പ്രതിപക്ഷം നടത്തിയ പ്രതികരണങ്ങൾ, വിവിധ രാഷ്ട്രീയ സംഘടനകളുടെയും അവയുടെ കൂട്ടാളികളുടെയും പ്രതികരണങ്ങൾ-ഇതെല്ലാം കൂടി ചേർന്നാണ അത് ഉയർന്നു വന്നിട്ടുള്ളത്. ഇപ്പോഴും അതിന്റെ അലകൾ അടങ്ങിയിട്ടില്ല. ഇലക്ഷൻ കമ്മീഷൻ പറഞ്ഞു, 'ശബരിമല വിഷയമാക്കരുത്,' പക്ഷെ 'ഞങ്ങൾ വിഷയമാക്കും' എന്നു രാഷ്ട്രീയപാർട്ടികൾ. എന്തായാലും വീണ്ടും ഈ ദിവസങ്ങളിൽ നവോത്ഥാനം ചർച്ചാവിഷയമാകും എന്നതിൽ സംശയമില്ല. ഒരു ചരിത്രവും നിഷ്പക്ഷമായ ചരിത്രമല്ലെന്നു നമുക്കറിയാം. ചരിത്രം എഴുതുകയും പറയുകയും ചെയ്യുന്നവരുടെ താത്പര്യവും അവ മുന്നോട്ടുവയ്ക്കുന്ന പാഠങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങളുമാണ് ചരിത്രത്തിൽ ഉള്ളത്. എന്നാൽ രാഷ്ട്രീയ താത്പര്യത്തിന്റെ ഭാഗമായി തമസ്കരിക്കപ്പെടുന്ന കാര്യങ്ങളമാണ് ഇന്ന് ചരിത്രം എന്നു പറയുന്നത്. എല്ലാ ചരിത്രവും ആരുടെയൊക്കെയോ താത്പര്യത്തിന് അനുസൃതമാണ്. ഒന്നാം ക്ലാസു മുതൽ ഡിഗ്രിവരെ ഉള്ള തലങ്ങളിൽ നമ്മുടെ കുട്ടികൾ പഠിക്കേണ്ട കാര്യങ്ങൾ ഇത്രയും മതി എന്നു പറയുന്നതിലും രാഷ്ട്രീയമുണ്ട്. നവോത്ഥാന നായകരെക്കുറിച്ചു പറയുമ്പോൾ ശ്രീ നാരായണഗുരുവിനെ തൊട്ടുതുടങ്ങിയാൽ മതിയോ? മറ്റുള്ളവർ ബഹളം ഉണ്ടാക്കുമ്പോൾ അയ്യങ്കാളിയെക്കുറിച്ച് പറഞ്ഞാൽ മതിയോ? വെള്ളയമ്പലത്ത് പള്ളിയുടെ മുമ്പിൽ അയ്യങ്കാളിയുടെ പ്രതിമ സ്ഥാപിച്ചതിന് തല്ലുകൊണ്ട പാമ്പാടി ജോൺ ജോസഫിന്റെ പ്രതിമ എവിടെ? അയ്യങ്കാളിയെപ്പോലെ നവോത്ഥാനത്തിൽ പങ്കാളിയായ ഒരു വ്യക്തിയാണ് പാമ്പാടി ജോൺ ജോസഫ്. അതുപോലെ പാമ്പാടി ജോൺ ജോസഫിനെ രൂപപ്പെടുത്തിയ തെക്കൻ തിരുവിതാംകൂറുകാരനായ ജ്ഞാന ജോഷ്വായെക്കുറിച്ച് ചരിത്രം ഒന്നും പറയുന്നില്ല. എന്തുകൊണ്ടാണ് അയ്യങ്കാളിയെക്കുറിച്ചും ശ്രീനാരായണഗുരുവിനെക്കുറിച്ചും പറയുമ്പോൾ ക്രൈസ്തവരെ നേതാക്കൾ മറന്നു പോകുന്നത്.

'പള്ളിക്കൊരു പള്ളിക്കൂടം' എന്നു ചാവറയച്ചനും ജെസ്യൂട്ട് മിഷണറിമാരും കർമലീത്തമിഷനറിമാരും, വളരെ കൃത്യതയോടെ പറഞ്ഞു എന്നു പറയുമ്പോൾ ചരിത്രം പൂർത്തിയായി. ചരിത്രം സത്യസന്ധമായി പറയാൻ സാധിക്കണം. 'ദൈവത്താർ ആബേൽ' എന്നുപറയുന്ന ആളെക്കുറിച്ച് ആരും അറിയില്ല. കേൾക്കേണ്ടതാണ്. വേളിക്കര മത്തായി ശ്രീമൂല പ്രജാസഭയിലെ അംഗമായിരുന്നു. കെ.പി. വള്ളോൻ, കൃഷ്ണാതി ആശാൻ തുടങ്ങിയവരെല്ലാം കർഷകരെയും താഴ്ന്ന ജാതിക്കാരെയും ചേർത്ത് സെന്റ് ആൽബർട്സ് സ്കൂളിൽ വച്ച് 1930കളിൽ സംഘടനയുണ്ടാക്കി. കൃഷ്ണാതി ആശാൻ പിന്നീട് ഐക്കര രാജാവായി സ്വയം പ്രഖ്യാപിച്ച് ജോൺ എന്ന നാമം സ്വീകരിച്ച് ക്രിസ്ത്യാനിയായിത്തീർന്നു. കൃഷ്ണാതി ആശാനെ ഐക്കര രാജാവായി കൊണ്ടുവരുന്ന ആളാണ് പാമ്പാടി ജോൺ ജോസഫ്.

കരയിൽ അയിത്തം ഉള്ളതിനാൽ നാടായ നാടു മുഴുവൻ ഇവരെ സംഘടിപ്പിച്ച് കായൽ സമ്മേളനം നടത്തിയ പണ്ഡിറ്റ് കറുപ്പന്റെ കാലത്ത് കൃത്യമായ നേതൃത്വം നല്കിയ ഡൊമിനിക് അച്ചന്റെ കാര്യം ചരിത്രത്തിൽ കാണുന്നില്ലല്ലോ. ഡൊമിനിക്ക് അച്ചൻ എവിടെപ്പോയി? ക്രൈസ്തവ മിഷനറിമാർ ഈ നാടിനെ രൂപപ്പെടുത്തിയതിൽ ചെയ്ത സംഭാവനയെ

ക്കുറിച്ച് കൃത്യമായി മുന്നിൽനിന്നു സംസാരിക്കേണ്ടവരാണ് നമ്മൾ.

ചിഹ്നങ്ങൾ വായിക്കാൻ പഠിക്കണം. ഇവിടത്തെ ചിഹ്നവ്യവസ്ഥിതി നിർണയിക്കുന്നത് ആരാണ്, കേരളത്തിന്റെ ചിഹ്നം - കേരളത്തിന്റെ പൊതുസ്ഥലത്തിനും ഇവിടെയുള്ള പാലത്തിനും മറ്റും പേരുനല്കിയിരിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? കൊച്ചിയിൽ ബി.ഒ.റ്റി പാലം നിർമിച്ചപ്പോൾ റോബർട്ട് ബ്രിസ്റ്റോയെ മറന്നു നമ്മൾ. പശ്ചിമകൊച്ചി രൂപപ്പെടുത്തിയതിൽ ഹർഷലിന്റെയും എം.കെ.രാഘവന്റെയും പേരാണ് കൊടുത്തിരിക്കുന്നത്. ഇതിനു തൊട്ടുതാഴെ ആർ.എസ്.എസി.ന്റെ അഭിവാദ്യങ്ങൾ ഉണ്ടായിരുന്നു. അന്ന് കൊച്ചി ബിഷപ്പ് ആയ കുരീത്തറ പിതാവിന്റെ പേരുകൊടുത്തതിൽ പ്രതിഷേധമുയർന്നു. പശ്ചിമകൊച്ചി രൂപപ്പെടുത്തിയതിൽ കുരീത്തറ പിതാവ് നിർണായക പങ്ക് വഹിച്ചിരുന്നു. ആരുടെയൊക്കെ പേരിലാണ് നമ്മുടെ റോഡുകൾ അറിയപ്പെടുന്നത്. അത് ചരിത്രത്തിന്റെ ഭാഗമാണ്. 10 കൊല്ലം കഴിഞ്ഞുപോയാലും കാലത്തിന്റെ അടയാളങ്ങൾ മാഞ്ഞുപോകാതിരിക്കാൻ ചിഹ്നങ്ങൾ ഒരു പൈതൃകമാതൃകയാകണം. ചരിത്ര സത്യങ്ങളെ തിരിച്ചറിഞ്ഞ് ചിഹ്നവ്യവസ്ഥിതി ഉണ്ടാക്കണം.

നമ്മൾ എപ്പോഴും 'ഫാദർ' ഓഫ് ഫിലോസഫിയും 'ഫാദർ ഓഫ് തിയോളജിയും' 'ഹി'-സ്റ്റോറിയും മാത്രമേ പഠിച്ചിട്ടുള്ളൂ. നവോത്ഥാനത്തിൽ സ്ത്രീകൾ എവിടെ? മദർ തേജോ എന്നുപറയുന്ന ദീനസേവനസഭാസമൂഹത്തിലെ സന്ന്യാസിനി യുടെ പേര് നമ്മൾക്ക് അറിയില്ല. കൂടിവന്നാൽ സുക്കോളച്ചൻ മുതലായവരെ നമ്മൾ ഓർക്കും. മദർ തേജോ എങ്ങോട്ട് പോയി? സ്ത്രീജനങ്ങളാണ് അതു ചോദിക്കേണ്ടത്. വനിതാമതിലൊക്കെ കെട്ടിയിരുന്നാൽ മതിയോ? ലോകസഭാതിരഞ്ഞെടുപ്പിൽ എത്ര സ്ത്രീകൾ മത്സരിക്കുന്നുണ്ട്? നമ്മുടെ സ്ത്രീകൾ മതിലുകെട്ടിയിട്ട് അവർ അവിടെത്തന്നെ ഒരേ നില്പാണ്. സ്ത്രീ ജനങ്ങൾ ഉണരണം. പഴയ നവോത്ഥാന നായികമാരെ ചരിത്രത്തിൽ കൊണ്ടുവരണം.

മതത്തെ എതിർക്കലായിരുന്നു ഒരു കാലഘട്ടത്തിൽ യൂറോപ്പിലെ നവോത്ഥാനം. എങ്കിൽ, മതാത്മകതയും ആത്മീയാനുഭവവുമാണ് കേരളത്തിലെ നവോത്ഥാന അന്തരീക്ഷത്തെ രൂപപ്പെടുത്തിയത്.

ആരാധിക്കാൻ കഴിയാതെ വന്നപ്പോഴാണ് അടിമവിപ്ലവമുണ്ടായത്. 15-16 നൂറ്റാണ്ടിൽ സ്പെയിനിന്റെയും പോർച്ചുഗലിന്റെയും കപ്പലുകൾ പോകുമ്പോൾ കപ്പലിന്റെ മുകളിൽ വിശുദ്ധ കുർബാന അർപ്പിക്കുന്ന സമയത്ത് താഴെ അടിമകൾ തുഴയുന്നു. ഈ സമ്പ്രദായയൊക്കെ എതിർത്തിരുന്നവർ ഏറെയുണ്ട്. അതുകൊണ്ടാണ് പൊയ്കയിൽ അപ്പച്ചൻ ബൈബിൾ കത്തിച്ചുകളഞ്ഞന്നത് എന്ന് ഞാൻ വായിച്ചു. എനിക്ക് ഞെട്ടലുണ്ടായില്ല. ചരിത്രത്തിൽ ഫ്രാൻസിസ് അസീസി ബൈബിൾ വിറ്റ് ഒരു മനുഷ്യന് അപ്പം വാങ്ങിക്കൊടുക്കുന്നുണ്ട്. ഇതൊന്നും തമസ്ക്കരിച്ചുകളയേണ്ട കാര്യമല്ല "കാണുന്നില്ല ഒരു അക്ഷരവും" എന്നു പറഞ്ഞ് തങ്ങളുടെ ചരിത്രം ഇതിൽ കാണുന്നില്ലല്ലോ. ഞങ്ങളുടെ ചരിത്രവും ഇതിൽ പറയേണ്ടതല്ലേ; എന്ന് പാട്ടുരൂപത്തിൽ എഴുതി കേരളത്തിന് നവോത്ഥാനത്തിന് നിർണായക പങ്കുവഹിച്ചവരാണ് പൊയ്കയിൽ അപ്പച്ചൻ, പണ്ഡിറ്റ് കുറുപ്പൻ തുടങ്ങിയവർ. നവോത്ഥാനം എന്ന് സംസാരിക്കാനുള്ള ഭാഷ കേരളത്തിന് നല്കിയത് ക്രൈസ്തവ മിഷനറിമാരാണ്. മിഷനറിമാർ സംഭാവന നല്കിയ ബൈബിളിലെ ഭാഷയ്ക്ക് ഒരു തിളക്കമുണ്ട്. ഹെർമൻ ഗുണ്ടർട്ട് തുടങ്ങിയ മിഷനറിമാരുടെ വ്യാകരണവും നിഘണ്ടുവുമൊക്കെ എടുത്തു പഠിക്കുമ്പോൾ അവർ നല്കിയ ഭാഷയുടെ സംഭാവനകളുടെ പുതിയ വാക്കുകൾ കേരളം പഠിച്ചു. അവർ നല്കിയ ഭാഷയിലാണ് കേരളമിന്ന് വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നത്. സംസ്കൃതഭാഷ നല്കിയ സാമൂഹിക മാനമല്ല മിഷനറിമാർ നല്കിയ ഭാഷയ്ക്കുള്ളത്. മിഷനറിമാരുടെ ഭാഷ ഇല്ലാത്തവന്റെയും താഴ്ന്ന ജാതിക്കാരന്റെയും വേറിട്ടൊരു കാഴ്ചപ്പാടിന്റെ ഭാഷയായിരുന്നു. ഉദയംപേരൂർ സൂനഹദോസ് അതിനെ കാനോനുകളുടെ ഭാഷാരൂപങ്ങളെ കുറിച്ചുള്ള പഠനങ്ങൾ പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഉദയംപേരൂർ സൂനഹദോസ് മാറ്റിനിറുത്തിക്കൊണ്ടുള്ള നവോത്ഥാന ചർച്ച സാധ്യമല്ല. ഉദയംപേരൂർ സൂനഹദോസ് ഈ നാടിനു നല്കിയ അടിത്തറകൾ എന്തെല്ലാമാണെന്ന് എടുത്തു പറയുവാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. നമുക്ക് അജണ്ടകൾ നിർമിക്കാം. കേരള നവോത്ഥാന ചർച്ചകളിൽ ക്രൈസ്തവരെക്കുറിച്ചും ക്രൈസ്തവ വാക്കുകളെക്കുറിച്ചും ജനങ്ങൾ ചർച്ച ചെയ്യട്ടെ.



കേരളത്തിനകത്ത് ജനിക്കേണ്ട മനുഷ്യരുടെ സ്വത്വം ഒരു കാലഘട്ടത്തിൽ നിർണയിച്ചിരുന്നത് ഇവിടത്തെ ക്രൈസ്തവ മിഷനറിമാർ തന്നെ ആയിരുന്നു. പല അയിത്താചാരങ്ങളെയും ഭയംകൂടാതെ എതിർത്ത് താഴ്ന്ന ജാതിക്കാരുടെ മാനം ഉയർത്തിയവരായിരുന്നു ക്രൈസ്തവ മിഷനറിമാർ. ഉദാഹരണമായി ചാന്നാർ ലഹള - അത് ഒരു ലഹളയല്ല, പ്രതിഷേധമായിരുന്നു. ഒരു മുന്നേറ്റത്തിന്റെ പ്രതിഷേധം. സ്വന്തം ശരീരത്തെക്കുറിച്ചുള്ള ധാരണയിൽനിന്നാണ് അത് ഉയർന്നുവന്നത്. മാറുമറയ്ക്കൽ സമരം ഉയർത്തി കൊണ്ടുവന്നത് റവ. മീഡ് ആയിരുന്നു. താഴ്ന്ന ജാതിക്കാരായ ചാന്നാർ സ്ത്രീകൾ, ഉയർന്ന ജാതിക്കാരെപ്പോലെ മാന്യമായി വസ്ത്രധാരണം നേടാൻ സഹായിച്ചത് ക്രിസ്ത്യൻമിഷനറിമാരായിരുന്നു. സിഎംഎസ് മിഷനറിമാർ, എൽ.എം.എസ്. മിഷനറിമാർ, ബാസൽ മിഷനറിമാർ, ജെസ്യൂട്ട് മിഷനറിമാർ തുടങ്ങിയവർ കേരളത്തിൽ നടത്തിയ നവോത്ഥാന പരിശ്രമങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ചാന്നാർ സ്ത്രീകൾ നടത്തിയ മാറുമറയ്ക്കൽ സമരത്തെ പലരും പല രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. വിക്ടോറിയൻ കാലഘട്ടത്തിന്റെ ശരീരമാണ് ഇവിടെ കൊണ്ടുവന്നത്, അതുമൂടിവെക്കേണ്ടതാണ് എന്നും ശരീരം പാപമാണ് എന്നുമുള്ള തെറ്റായ ധാരണ നല്കിയതിൽ സഭയ്ക്ക് നിർണായക പങ്കുണ്ട് എന്നെല്ലാമുള്ള പല വ്യാഖ്യാനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ അന്നത്തെ മിഷനറിമാരുടെ എഴുത്തുകളെക്കുറിച്ചും, സഭയെക്കുറിച്ചും സത്യസന്ധമായി പഠനം നടത്തിയ പണ്ഡിതർ ഈ വ്യാഖ്യാനങ്ങളെ എതിർത്തിട്ടുണ്ട്. എം.ജി. യൂണിവേഴ്സിറ്റി ഫാക്കൽറ്റിയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസേർച്ചിന്റെ ചെയർമാനുമായ ഡോ. സനൽ മോഹൻ, അദ്ദേഹം മിഷനറിമാരുടെ കത്തുകളെ സൂക്ഷ്മമായി പഠിച്ചിട്ട് the modernity of Slavery (ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പബ്ലിക്കേഷൻ) എന്ന പുസ്തകത്തിലൂടെ വിക്ടോറിയൻ കാലഘട്ടത്തിന്റെ ഒരു ശരീരലൈംഗിക സങ്കല്പവും മിഷനറിമാർ ഇവിടെ ഇറക്കുമതി ചെയ്തിട്ടില്ലെന്ന്, വളരെ വ്യക്തതയോടെ പറയുന്നുണ്ട്. പക്ഷേ, ഇതിലൊക്കെയുമുപരി 'ആധികാരികമായി പറയുന്ന', ഭരണത്തിൽ ഇരിക്കുന്ന, 'ബുദ്ധിജീവികളോടാണ്' നമുക്കു താത്പര്യം. അവർ പറയുന്നത് സത്യമെന്നു വിശ്വസിക്കുന്നവരാണ് നമ്മൾ.

എത്ര തെറ്റായ രീതിയിലാണ് നമ്മുടെ രാഷ്ട്രീയത്തിൽ മേൽക്കൈ നേടിയവർ നവോത്ഥാനത്തെ മൊത്തം ഉച്ചനീചത്വസമരത്തിലേക്ക് കൊണ്ടുവന്നുകെട്ടിയിടുന്നത്! ഇഎംഎസ് മുതൽ ഇഎംഎസ്.വരെ എന്നു പറഞ്ഞുകൊണ്ട് മൊത്തം നവോത്ഥാനമുണ്ടാക്കിയത് ഞങ്ങളാണെന്നു പറയുന്നവരാണ് പലരും. നമുക്ക് ഇപ്പോഴും മറവിരോഗം പിടിപെട്ടിട്ടില്ല എന്നു പലർക്കും അറിയാവുന്നതുകൊണ്ടാണ് ഇടയ്ക്കൊക്കെ ചില ക്രൈസ്തവനവോത്ഥാന നേതാക്കന്മാരുടെ പേരുകൾ ഉയർന്നുവരാറുള്ളത്. ഇഎംഎസ് മുതൽ ഇഎംഎസ്.വരെയുള്ള ആളുകൾ മാത്രമല്ല ഇടയ്ക്ക് കുറച്ചു ആളുകൾ ഉണ്ട് എന്ന് പി ഗോവിന്ദപ്പിള്ള ഓർമ്മപ്പെടുത്തിയപ്പോൾ അദ്ദേഹത്തെ കുറച്ചുനാളത്തേക്കു പുറത്താക്കി. ഇന്ന് നമ്മൾ ആഘോഷിക്കുന്ന പല ആളുകളും നവോത്ഥാനത്തിന്റെ ആളുകൾ അല്ല. ശ്രീനാരായണഗുരുവും അയ്യങ്കാളിയും കൈകോർത്തു നിന്നിട്ടും ഒരു രക്ഷയുമില്ലാതെവന്നപ്പോൾ വിവേകോദയത്തിൽ ലേഖനം എഴുതി. അപ്പോൾ സ്വദേശാഭിമാനി രാമകൃഷ്ണപിള്ള അതിനെതിരേ സ്വദേശാഭിമാനിയിൽ എഴുതി. ഉന്നതരായ ആൾക്കാർക്കൊപ്പം എങ്ങനെ താഴ്ന്ന ജാതിക്കാരനെ നിർത്തും? നിലമുഴുന്ന പോത്തിനെയും ആനയെയും ഒരുമിച്ചു കെട്ടാൻ സാധിക്കുമോ? നവോത്ഥാന നായകനായ രാമകൃഷ്ണൻ എഴുതിയ ഈ വാക്കുകൾ ചരിത്രത്തിൽ എന്തേ നാം വായിക്കാത്തത്? നമ്മൾക്ക് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയ സംഭവമേ അറിയൂ. നവോത്ഥാന നായകനായ ശ്രീനാരായണഗുരു എസ്എൻഡിപിയിൽനിന്ന് രാജിവച്ചത് നമ്മൾ കാണില്ല. അദ്ദേഹം നടത്തിയ ദീർഘമായ പ്രസംഗം നാം വായിക്കില്ല. കാരണം അത് ചരിത്രത്തിലില്ല. കണ്ണാടിപ്രതിഷ്ഠ നടത്തിയത് ശ്രീനാരായണഗുരുവാണെന്ന് ചരിത്രം സാക്ഷിക്കുമ്പോൾ അതിനു മുമ്പ് കണ്ണാടിപ്രതിഷ്ഠ നടത്തിയ വൈകുണ്ഠസ്വാമിയെ ചരിത്രം തമസ്ക്കരിച്ചു. വൈകുണ്ഠസ്വാമിയുടെ ശിഷ്യനാണ് ശ്രീനാരായണഗുരു. ഇവരൊക്കെയും അന്നും പ്രചോദനം ഉൾക്കൊണ്ടിരുന്നതും ചർച്ചകൾ നടത്തിയിരുന്നതും ക്രൈസ്തവ മിഷനറിമാർക്കൊപ്പമാണ്. അതു കൊണ്ടാണ് ഞാൻ പറയുന്നത്. ചരിത്രസത്യങ്ങളെ വളച്ചൊടിച്ച് ഇന്നുള്ള പലചരിത്രങ്ങളും രാഷ്ട്രീയത്തിന്റ ഭാഗമാണ്.

മനുഷ്യൻ സങ്കല്പം കൊണ്ടു വന്ന് നവോത്ഥാനത്തിന്റെ അടിത്തറപാകിയത് ക്രൈസ്തവ മിഷനറിമാരാണ്. ജാതിവ്യവസ്ഥയിൽ നിന്ന് അടർന്നു മാറി ഉയർന്നു നിന്ന് ചിന്തിക്കാൻ പഠിപ്പിച്ചവരാണ് മിഷനറിമാർ. കേരളത്തിൽ വ്യക്തി എന്നു പറയുന്ന ഒരു സങ്കല്പത്തെ രൂപപ്പെടുത്തിയത് ക്രൈസ്തവ മിഷനറിമാരാണ്. സത്യസന്ധമായിട്ട് നമുക്ക് ചരിത്രം പറഞ്ഞുതുടങ്ങാം.

താജ്മഹലിന്റെ ചരിത്രം പറയുന്നവർ എല്ലാവരും ഷാജഹാനെ മാത്രമേ ഓർക്കുന്നുള്ളൂ. കാരണം പൈസമുടക്കിയത് ഷാജഹാനാണ്. ചരിത്രത്തിൽ താജ്മഹലിന്റെ ശില്പിയുടെയോ കല്ലുചുമന്നവന്റെയോ മണ്ണുചുമന്നവന്റെയോ പേരില്ല.

അയ്യപ്പന്റെ കവിത ഇവിടെ ഓർക്കുകയാണ് 'ചരിത്രത്തിന്റെ പുസ്തകം വായിക്കുമ്പോൾ കാറ്റുവീശി കണ്ണട താഴെ വീണുടഞ്ഞു. എടുത്തപ്പോൾ കാറ്റുവീശി കുറെ പേജ് പറന്നുപോയി. അതിലായിരുന്നു ഞങ്ങളുടെ ചരിത്രം!'

# ദു:ഖത്തിൽ പിറക്കുന്ന കാവ്യം:
## സഭാപ്രതിസന്ധികൾ മംഗളവാർത്തയുടെ ദർശനത്തിൽ



*(പി.ഒ.സിയിൽ നടന്ന സന്ന്യാസസഭകളിലെ മേജർ സുപ്പീരിയേഴ്സിന്റെ യോഗത്തിൽ 'സഭാപ്രതിസന്ധികളും പ്രതികരണങ്ങളും' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണത്തിന്റെ സംക്ഷിപ്തം)*

***ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി.***

**വ**ത്തിക്കാനിൽ മുന്നൂറോളം സഭാപിതാക്കന്മാർ മാർപാപ്പയുടെ സാന്നിധ്യത്തിൽ ഒരുമിച്ചുകൂടി സഭയിലെ പ്രതിസന്ധി ചർച്ച ചെയ്യാറുണ്ട്. സഭയിലെ ഒരു കോൺഫറൻസുകൊണ്ട് പ്രശ്നം ഒന്നും തീരാൻ പോകുന്നില്ല. മനുഷ്യൻ ഉള്ളിടത്തോളം കാലം ഇത്തരം പ്രശ്നങ്ങളുണ്ടാകുമെന്ന് വളരെ യാഥാർത്ഥ്യബോധത്തോടെ വിമാനത്തിൽ വച്ച് ഫ്രാൻസിസ് മാർപാപ്പ ജേർണലിസ്റ്റുകളോട് പറഞ്ഞകാര്യം ഓർക്കുന്നു. ഈ പ്രതിസന്ധികളെയൊക്കെ എപ്രകാരം ഭാവാത്മകമായി നമുക്കു കാണാൻ കഴിയും? കത്തോലിക്കാ സഭയുടെ ആരംഭം എന്നു പറയുന്നത് വലിയ ഒരു പ്രതിസന്ധിയിൽ നിന്നാണ്. രക്തസാക്ഷികളുടെ പീഡനത്തെപറ്റിയല്ല ഞാൻ പറഞ്ഞുവരുന്നത്. പുതിയ നിയമത്തിന്റെ ബീജവാപം നടക്കുന്നത് വലിയ ഒരു അസ്വസ്ഥതയിൽ നിന്നാണ്. അതാണ് മംഗളവാർത്ത. മംഗളവാർത്ത സംഭവിക്കുന്നത് വളരെ അമംഗളകരമായിട്ടാണ്. അമംഗളകരമായിട്ടാരംഭിക്കുന്നത് മംഗളകരമായിത്തീരുമെന്നാണ് സുവിശേഷങ്ങളുടെ സന്ദേശം.

**1. അസ്വസ്ഥയാകുന്ന അമ്മ**

മാലാഖയുടെ അഭിവാദനം കേട്ട് മറിയം അസ്വസ്ഥയായി എന്നാണ് ലൂക്കാ സുവിശേഷകൻ പറയുന്നത്. അസ്വസ്ഥതയോടുകൂടി അമ്മ ഗർഭം ധരിക്കുക എന്നു പറഞ്ഞാൽ കുഞ്ഞു മനോരോഗിയായി മാറേണ്ടതാണ്. എന്നാൽ ഏറ്റവും ഉദാത്തമായ ജന്മം നടക്കുന്നത് ഈ അസ്വസ്ഥതയോടുകൂടി ആരംഭിച്ച ഗർഭധാരണത്തിൽ നിന്നാണ്. വേദനയോടുകൂടി ആരംഭിക്കുന്നതിന് ഒക്കെ ഭയങ്കര കരുത്താണ്. ആദികാവ്യത്തെക്കുറിച്ച് നാം കേട്ടിട്ടുണ്ട്. ആദികവിയുടെ ശോകത്തിൽനിന്നാണ് ഉദാത്തമായ കാവ്യം പിറന്നുവീഴുന്നത്. വീണ്ടും, ബൈബിളിലുണ്ട് ഒരു ആദികാവ്യം. സൃഷ്ടിയുടെ വിവരണം! അത് കാവ്യമാണെന്നു നമുക്കറിയാം. അങ്ങ് ബാബിലോൺ വിപ്രവാസത്തിൽ കഴിഞ്ഞ ജനതയുടെ നിരാശയിൽ അവർക്കു പ്രത്യാശ കൊടുക്കുന്നതിനുവേണ്ടി രചിക്കപ്പെട്ട കാവ്യമാണ് ബൈബിളിലെ സൃഷ്ടിവിവരണം. ദൈവജനത്തിന്റെ ദുഃഖത്തിൽ നിന്നാണ് സൃഷ്ടിയുടെ കാവ്യം പിറവിയെടുക്കന്നത്. സഭയുടെ ബീജാവാപം നടക്കുന്നത് ഒരു ദുഃഖത്തിൽ നിന്നാണ്. നീ എന്നെ സ്നേഹിക്കുന്നോ എന്ന് മൂന്നാം പ്രാവശ്യം കർത്താവ് തന്നോടു ചോദിച്ചതുകൊണ്ട്, 'പത്രോസ് ദുഃഖിതനായി.' പിന്നെ കർത്താവ് ചോദിച്ചില്ല. പരീക്ഷണം മുഴുവൻ തീർന്നു. അവിടെയാണ് കത്തോലിക്കാസഭയുടെ അസ്തിവാരമിടുന്നത് എന്ന് തോന്നുന്നു. ദുഃഖത്തിൽ നിന്നാണ് കത്തോലിക്കാസഭയുടെ അസ്തിവാരം പടുത്തുയർത്തപ്പെട്ടത്.

പ്രതിസന്ധികളെപ്രതി നമ്മളൊക്കെ വളരെ ദുഃഖിക്കുന്നു. 25 വർഷം മുമ്പ് നമ്മൾ ചെയ്യേണ്ട ഹോംവർക്ക് ചെയ്യാത്തതുകൊണ്ടാണ് ദുഃഖമുണ്ടായത്. ഈ വിശുദ്ധീകരണപ്രക്രിയയിലൂടെ നമ്മൾ കടന്നുപോകുമ്പോൾ വളരെ ശുഭാപ്തി വിശ്വാസത്തോടുകൂടി നമുക്ക് സഭയുടെ ഭാവിയെ നോക്കിക്കാണാൻ കഴിയണം. നമുക്ക് ഒരു പുതിയ സഭ തന്നെയുണ്ടാകും. അമേരിക്കയിൽ 2014-ൽ സ്റ്റീഫൻ റൊസെറ്റിൻ എന്ന മോൺസിഞ്ഞോർ ഒരു സർവേ നടത്തി. ലൈംഗിക വിവാദങ്ങൾ കത്തിനില്ക്കുന്ന വേളയിൽ വിവാദങ്ങൾ വൈദികരുടെ സെൽഫ് ഇമേജിനെ എങ്ങനെ ബാധിക്കുമെന്ന് പരിശോധിക്കുന്ന സർവ്വേ. ഇനിയൊരു ജന്മം ഉണ്ടെങ്കിൽ 72 ശതമാനം വൈദികരും വൈദികരായി ജിവിക്കാൻ ആഗ്രഹിക്കുന്നു എന്നാണ് പറഞ്ഞത്. 15 ശതമാനം പേർ അതു പരിഗണിക്കുമെന്നും സർവേയിൽ പറയുന്നു. ഏതാണ്ട് 87 ശതമാനം പേരും വൈദികവൃത്തിയെ പോസിറ്റീവായി അപവാദങ്ങളുടെ മൂർദ്ധന്യാവസ്ഥയിലും കാണുന്നുവെന്ന് സർവേ വെളിപ്പെടുത്തുന്നു. ഇത് ശാസ്ത്രീയമായിട്ടും വസ്തുനിഷ്ഠമായും നടത്തിയിരിക്കുന്ന ഒരു പഠനമാണ്. അമേരിക്കയിലെ വിവിധ തൊഴിലുകളിൽ ഏറ്റവും സന്തോഷകരമായ ജോലി വൈദികവൃത്തിയാണ് എന്നാണ് പഠനം പറയുന്നത്. ലോകത്തിലെ ഏറ്റവും സന്തോഷകരമായിട്ടുള്ള തൊഴിൽ പൗരോഹിത്യവും സന്ന്യാസവും തന്നെയാണ്. ഇങ്ങനെയുള്ള ഡേറ്റകൾകൊണ്ട് നമ്മൾ നമ്മെത്തന്നെ ആശ്വസിപ്പിക്കണം. അസ്വസ്ഥതകളെ നമ്മൾ പർവതീകരിക്കരുത്. ദുഃഖത്തെ ഉദാത്തമായ കാവ്യമാക്കി മാറ്റണം.

**2. നന്മ നിറഞ്ഞ ദുഃഖത്തിന്റെ അമ്മ**

അമ്മപോലുമറിയാത്ത ഒരു കാരണം അമ്മയുടെ ദുഃഖത്തിനുണ്ടായിരുന്നു. അമ്മയുടെ ദുഃഖത്തിന്റെ കാരണമെന്നു പറയുന്നത് അമ്മ വളരെ നല്ലവളായിരുന്നതാണ്. നന്മനിറഞ്ഞവളായിപ്പോയതുകൊണ്ടാണ് അമ്മയെ ദൂതൻ തിരഞ്ഞുപിടിച്ചതും അഭിവാദനം ചെയ്തു പേടിപ്പിച്ചതുമൊക്കെ.

ഇത് നമ്മുടെ ഒക്കെ ദുഃഖത്തിന്റെ ഒരു സാംഗത്യം തന്നെയാണ്. നന്മനിറഞ്ഞവരായതുകൊണ്ടാണ് നമ്മുടെ പാപങ്ങൾക്കു മാർക്കറ്റു ലഭിക്കുന്നതും മാധ്യമങ്ങൾ കൊണ്ടാടുന്നതും. ഈ ലോകത്ത് എത്രപേർ ലൈംഗികാപവാദങ്ങളിൽ പെടുന്നുണ്ട്. അതിനെ ഒന്നും തെരഞ്ഞുപിടിക്കാതെ എന്തുകൊണ്ടാണ് കത്തോലിക്കാ വൈദികരുടെ അപകീർത്തി മാത്രം ചർച്ചാവിഷയമാക്കുന്നത്. ഇതിന് ഒരു ഒറ്റ ഉത്തരമേയുള്ളൂ. നമ്മൾ ആരുമായും സ്വയം താരതമ്യം

ചെയ്യേണ്ടതില്ല. നമുക്ക് നന്മ കൂടിപ്പോയി. ലോകമനസ്സാക്ഷിക്ക് നന്മതിന്മകളുടെ അക്ഷരമാല പറഞ്ഞുകൊടുത്തത് കത്തോലിക്കാസഭയാണ്.

ഈ കാലഘട്ടിൽ നമ്മുടെ ചില സന്ന്യാസ സഭകളിൽ പ്രത്യേകമായ ചില അസ്വസ്ഥതകളുണ്ട്. നമുക്കിതിൽ അപകർഷതാബോധം തോന്നേണ്ടതില്ല. കാരണം, അൽഫോൻസാമ്മയേയും റാണിമരിയായേയും ജനിപ്പിച്ച സഭയെയാണ് ദൈവം ഈ നിയോഗത്തിനായി തിരഞ്ഞെടുത്തത്. നമ്മുടെ നന്മയ്ക്കാണ് നമ്മൾ വില കൊടുത്തുകൊണ്ടിരിക്കുന്നത്. വൊക്കേഷൻ പ്രമോഷന് പോകാൻ ഇക്കാലഘട്ടത്തിൽ പലർക്കും മടിയാണ്. അഭിമാനം വ്രണപ്പെട്ടിരിക്കുന്ന ഈ കാലഘട്ടമാണ് അച്ചനാകാനും കന്യാസ്ത്രീ ആകാനുമുള്ള സമയമെന്ന് നമ്മൾ ചെറുപ്പക്കാരോട് പറഞ്ഞുകൊടുക്കണം. യഥാർത്ഥദൈവവിളിയുടെ കൊയ്ത്തു കാലമാണ് ഈ പ്രതിസന്ധിയുടെ കാലഘട്ടം. സന്ന്യാസത്തിന്റെ വെല്ലുവിളികൾ അറിഞ്ഞുകൊണ്ട് സന്ന്യാസത്തിലേക്ക് പിച്ചവയ്ക്കുന്ന കാലഘട്ടം. ഒരു അപകർഷതാബോധവും കൂടാതെ വൊക്കേഷൻ പ്രൊമോഷൻ നടത്തേണ്ട കാലഘട്ടമാണിത്. നമ്മൾ ഹോം വർക്ക് ചെയ്യണം. നമുക്ക് അർത്ഥങ്ങൾ വേണം, വ്യാഖ്യാനങ്ങൾ വേണം. ആശയങ്ങൾ വേണം. തിരുസ്സഭയിൽ സന്ന്യാസികൾ ചെയ്തുകൊണ്ടിരുന്ന കാര്യങ്ങൾ ഇതൊക്കെയാണ്. ഇത് നമ്മൾ അധികം ചെയ്യേണ്ടത് ഈ കാലഘട്ടത്തിൽ തന്നെയാണ്.

**3. ആത്മഗതം ചെയ്യുന്ന അമ്മ**

'ഈ അഭിവാദനത്തിന്റെ അർത്ഥമെന്തെന്ന് മറിയം ആലോചിച്ചു.' അമ്മ അമ്മയോടുതന്നെ ചോദ്യങ്ങൾ ചോദിക്കുകയാണ്. അമ്മ അർത്ഥം അന്വേഷിക്കുകയാണ്. ഒരുപാടു തന്നോടുതന്നെ സംവദിക്കുന്ന വ്യക്തിത്വമാണ് പരിശുദ്ധ അമ്മ. അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്നു പറഞ്ഞിട്ട് പിന്നെ ഒരക്ഷരം പോലും പരിശുദ്ധ അമ്മ ഉരുവിടുന്നില്ല. ഈശോ മരിച്ചുകഴിഞ്ഞ് എത്രയോ വർഷം കഴിഞ്ഞാണ് അമ്മ മരിക്കുന്നത്. അതുവരെ അമ്മ മിണ്ടാതിരിക്കുകയായിരുന്നില്ല. എത്ര അഗാധമായ മൗനമാണ് പിയാത്തയിലുള്ള അമ്മയുടെ മുഖത്ത് ചിത്രീകരിച്ചിരിക്കുന്നത്. മൈക്കിൾ ആഞ്ചലോ എത്ര വർഷത്തെ മനനം കൊണ്ടായിരിക്കും അതിനെ ഇങ്ങനെ ചിത്രീകരിച്ചിരിക്കുന്നതെന്ന് ഞാൻ ആലോചിക്കും. പാഷൻ ഓഫ് ക്രൈസ്റ്റിലെ അമ്മയുടെ മുഖത്തെ തീവ്രദുഃഖം നമുക്ക് കാണാം. പക്ഷെ, ഒരിടത്തുപോലും അമ്മ തുള്ളി കണ്ണീർ ഒഴുക്കുന്നില്ല. വിലാപവവുമില്ല, പല്ലുകടിയുമില്ല. ഈ പ്രതിസന്ധിയിൽ നാം നോക്കിക്കാണേണ്ട മുഖം അതുതന്നെയാണ്. അമ്മ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു എന്നു പറയുന്നതിന് പ്രത്യേകം അർത്ഥമുണ്ട്. നമ്മുടെ ആത്മീയതയുടെ ആന്തരിക ഭാവങ്ങളുടെയും ആത്മവിമർശനങ്ങളുടെയും ഉത്തമ നിദർശനമായി അമ്മയുടെ മൗനത്തെ സ്വീകരിക്കാം.

ഈ പ്രതിസന്ധിഘട്ടത്തിൽ നാം സ്വയം ചോദ്യങ്ങൾ ചോദിക്കുകയാണെങ്കിൽ എന്തൊക്കെയായിരിക്കും നമ്മുടെ ആത്മഗതങ്ങളും ആത്മവിമർശനങ്ങളും?

**ഒന്നാമതായി**

തിന്മയായി മാറിയ നന്മയാണ് നമ്മൾ. നന്മ തിന്മയായി മാറിയാൽ അത് വലിയ ചർച്ചാവിഷയമാകും. 15-ാം വയസ്സിൽ കുരിശിന്റെ ഭോഷത്തം സ്വീകരിക്കാനുള്ള ആർജ്ജവത്വം കാണിച്ചവർ. അപാരമായ ആദർശവിശുദ്ധിയും ധൈര്യവും കാണിച്ചവർ. പക്ഷേ കാലത്തിന്റെ കുത്തൊഴുക്കിൽ പലതും നമുക്ക് നഷ്ടപ്പെടുന്നു. സന്ന്യാസം അറിയാതെ തന്നെ ചില ദ്രോഹങ്ങളും നമുക്ക് ചെയ്യുന്നുണ്ട്. എല്ലാവരെയും സ്നേഹിക്കാൻവേണ്ടി ബ്രഹ്മചര്യം എടുത്തിട്ട് ഒരാളെ പോലും നന്നായി സ്നേഹിക്കാതെ ജീവിതത്തിലൂടെ വെറും കാഴ്ചക്കാരായി മാത്രം കടന്നുപോകുന്നവരുണ്ടാവാം. നമ്മൾക്ക് സംഭവിക്കുന്ന ആത്മീയശോഷണത്തിന്റെ ഭീകരമായ പരിണിതഫലങ്ങൾ ആണ് ഇവ.

പരിഹാരമായി അച്ചന്മാരെ വിവാഹം കഴിപ്പിക്കുക എന്നു പറയുന്നത് ശുദ്ധഭോഷത്തമാണ്. പഠനങ്ങൾ പറയുന്നത് അങ്ങനെയല്ല. നേരത്തെ പറഞ്ഞ സർവേയിൽത്തന്നെ 75 ശതമാനം വൈദികർ സെലിബസിയെ വിലമതിക്കുന്നു. മാർപാപ്പ ബ്രഹ്മചര്യം എടുത്തുമാറ്റിയാൽ എത്രപേർ വിവാഹിതരാകും എന്ന ചോദ്യത്തിന് നാലിൽ മൂന്നുപേരും ഇല്ലായെന്നു തന്നെയാണ് മറുപടി നല്കിയത്. വിവാഹിതരായ വൈദികസമൂഹങ്ങളിൽ ഉതപ്പുകൾ കൂടുതലാണെന്ന് പഠനങ്ങൾ പറയുന്നു.

ബ്രഹ്മചര്യ പൗരോഹിത്യത്തിന്റെ പ്രതിസന്ധി പിന്നെന്താണ്? വൈദിക മേധാവിത്വം (clericalism) എന്ന പ്രതിഭാസം. അധികാരം, പണം, സ്വകാര്യത ഇതൊക്കെ തരുന്ന സുരക്ഷിതത്വത്തിൽ സ്വാഭാവികമായി ഇത്തരം അപകടങ്ങൾ കടന്നുകൂടുന്നു. മനസ്സിന്റെ മസ്സിൽ പവറാണ് ക്ലെറിക്കലിസം. അതാണ് അപകടത്തിന്റെ ആദ്യകാരണം. മൗലികമായി തുടങ്ങേണ്ടത് വ്യക്തിപരമായ പരിണാമങ്ങൾ ആണ്. എന്തുകൊണ്ട് അമേരിക്കൻ സഭയിൽ പ്രതിസന്ധിയുണ്ടായി? യുറോപ്പിൽ കത്തോലിക്കരുടെ എണ്ണം കുറഞ്ഞപ്പോഴും അമേരിക്കയിൽ കുറഞ്ഞിരുന്നില്ല. ഒറ്റ മനുഷ്യനാണ് അമേരിക്കയെ താങ്ങിനിർത്തിയത്. ഫുൾട്ടൻ ഷീൻ. അദ്ദേഹം അമേരിക്കൻ സംസ്കൃതിക്ക് ഒരു മന്ത്രം ഉരുവിട്ടുകൊടുത്തു. 'തിരുമണിക്കൂർ!' പ്രൊട്ടസ്റ്റന്റ് കാരോടും പറഞ്ഞു, നിങ്ങൾ വചനം വച്ചു തിരുമണിക്കുർ നടത്താൻ. ദുഃഖം കാവ്യമായി മാറണമെങ്കിൽ നമ്മളിലെ ആന്തരിക അപചയങ്ങൾ പരിശോധിക്കണം.

തിരുസഭയിലെ വൈദികരും സന്യസ്തരും ബലഹീനരായതുകൊണ്ടല്ല, വളരെയധികം കരുത്തൻമാരായതുകൊണ്ടാണ് തിരുസഭയ്ക്ക് ദുഃഖം ഉണ്ടാകുന്നത്. 'സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്ക് ഇതു വെളിപ്പെടുത്തി തന്നത്' എന്നു പറഞ്ഞ് കർത്താവ് പത്രോസിനെ അനുമോദിച്ച് അടുത്ത നിമിഷം അവനെ 'സാത്താനേ' എന്നു വിളിക്കുന്നു. ഉയർച്ചയുടെ നിമിഷം തന്നെയാണ് പത്രോസിന്റെ വീഴ്ചയുടെ നിമിഷവും എന്നത് ആത്മീയതയിലെ ഒരു വൈരുദ്ധ്യാത്മക സത്യമാണ്.

**രണ്ടാമതായി**

ഇപ്പോഴത്തെ ചെറുപ്പക്കാർ പറയുന്നു, 'ഞങ്ങൾക്ക് ക്രിസ്തുവിനെ മതി, സഭ വേണ്ട.' ഇതിൽ ഒരുതരം കാവ്യനീതിയുടെ വന്യമായ ഒരു നിലവിളിയുണ്ട്. സന്യാസസഭകൾ സ്ഥാപനവത്കരണത്തിന്റെ മൂർദ്ധന്യത്തിലെത്തിയപ്പോൾ മാതൃസ്ഥാപനം തന്നെ തിരസ്കരിക്കപ്പെടുന്നത് അനിവാര്യമായ ഒരു കാവ്യനീതി. സഭ എന്നു പറയുന്നത് സ്വർഗ്ഗീയമായ ഒരു സ്ഥാപനമാണ്. അമിതമായ സ്ഥാപനവത്കരണത്തിൽ വലിയ അപകടമുണ്ടെന്ന് തിരിച്ചറിയാൻ കഴിയണം. ഈശോ പ്രവർത്തിച്ച അവസാനത്തെ അത്ഭുതം എന്താണ്? വളരെ പ്രതീകാത്മകമായിട്ട് തോ

ന്നുന്നു. തന്റെ ശിഷ്യപ്രമുഖൻ മുറിച്ച പടയാളിയുടെ ചെവി കൂട്ടിച്ചേർത്തു. തന്റെ പ്രമുഖ ശിഷ്യൻ ചെയ്ത വലിയ കാര്യത്തെ undo ചെയ്യുക! ഒരു പക്ഷെ സഭയിൽ നവീകരണം ഉണ്ടാകുന്നത് നമ്മൾ ചെയ്തു കൂട്ടിയ വലിയ കാര്യങ്ങൾ കർത്താവ് undo ചെയ്യുമ്പോൾ ആണ്. തെറ്റായ ഒരു കാര്യത്തെ അനുഗ്രഹവും വളർച്ചയും ആയി കരുതുന്നതാണ് പാപങ്ങളുടെ പാപം എന്ന് ബോനഫർ പറയുന്നു.

**മൂന്നാമതായി**

സന്യാസത്തിന് ഭാവിയുണ്ടോ? പ്രസക്തിയുണ്ടോ എന്നൊക്കെ ഇന്ന് വളരെ ഗഹനമായ ചർച്ചകൾ നടക്കുന്നു. ന്യൂയോർക്ക് ടൈംസ് അടുത്തിടെ ഒരു ലേഖനം പ്രസിദ്ധീകരിച്ചു The True Catholic Way of Being Pro-life. ലോകത്തിൽ അബോർഷന്റെ തലസ്ഥാനമാണ് ന്യൂയോർക്ക്. അവിടെ 1990-ൽ സ്ഥാപിക്കപ്പെട്ട Sisters of Life എന്ന സഭ പതിനായിരത്തിലധികം കുഞ്ഞുങ്ങളുടെ ജീവൻ സംരക്ഷിക്കുകയും അവരുടെ അമ്മമാർക്ക് സാന്ത്വനം പകർന്നു നല്കുകയും ചെയ്ത കഥയെ ന്യൂയോർക്ക് ടൈംസ് പ്രശംസിക്കുകയായിരുന്നു.

അമേരിക്കയിൽ ചില സന്യാസസഭകളുടെ ചടുലമായ ഒരു ചുവടുവയ്പ്പാണ് Nuns and Nones എന്ന പ്രസ്ഥാനം. Nones എന്നാൽ ഒരു മതവിശ്വാസവും ഇല്ലാത്തവർ. സിസ്റ്റേഴ്സിന്റെ സമൂഹ ജീവിതമാതൃകയിൽ അവർ ചില മഠങ്ങളിൽ തന്നെ അവരുടെ ഭിന്നമായ ശൈലിയിൽ ജീവിക്കുന്നു. അവരെ ശ്രവിക്കാനും മനസ്സിലാക്കാനും സിസ്റ്റേഴ്സ് ഉണ്ട്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഈ 'നാസ്തികരുടെ' കൂട്ടായ്മയിൽ നിന്നും ആറ് ദൈവവിളികൾ ഉണ്ടായത്രേ! ഈ അരക്ഷിതമായ സാഹചര്യത്തിലും കേരളത്തിൽ കാൽനടയായി ഭവനസന്ദർശനം നടത്തുന്ന രണ്ട് സിസ്റ്റേഴ്സ് പറയുന്നു തങ്ങൾക്ക് ഇന്നേവരെ ഒരു മോശം അനുഭവം ഉണ്ടായിട്ടില്ല എന്ന്. സന്യാസത്തിന് ഇന്ന് പ്രകസ്തിയുണ്ടോ? ഭാവിയുണ്ടോ? മാറുന്ന പരിതോവസ്ഥകളോട് അനുരൂപപ്പെടുന്നവയെ പ്രകൃതി നിർദ്ധാരണം ചെയ്യുകയും അല്ലാത്തവയെ നിഷ്കാസനം ചെയ്യുകയും ചെയ്യുന്നു എന്ന് പരിണാമസിദ്ധാന്തം. ഇതാണ് അതിജീവനത്തിന്റെ തത്വം. സന്ന്യാസത്തിനും ഇത് ബാധകമാണ്.



**നാലാമതായി**

അക്ഷരങ്ങളും വാക്കുകളും ഇന്നു നമ്മെ ഭയപ്പെടുത്തുന്നു. മീഡിയ! വചനം കേട്ട് അസ്വസ്ഥയായ അമ്മയുടെ ഭയത്തിന്റെ വിപരീത ഭീതി. പക്ഷെ കേരളത്തെ അക്ഷരം പഠിപ്പിച്ചതാരാണ്? കേരളത്തിന് വാക്കുകൾ നല്കിയതാരാണ്? ഒരു സന്ന്യാസിയാണ്! അർണോസ് പാതിരി. എഴുത്തച്ഛൻ കഴിഞ്ഞാൽ കേരളം കണ്ട വലിയ സാഹിത്യകാരൻ അർണോസ് പാതിരിയെന്നു പറഞ്ഞുതരുന്നത് ശ്രീ. സുകുമാർ അഴീക്കോടാണ്. അവിടെ തുടങ്ങുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. കേരളത്തിൽ ക്രൈസ്തവസഭ കൊണ്ടുവന്നിരിക്കുന്ന അത്രയേറെ നവോത്ഥാനം ആരും കൊണ്ടുവന്നിട്ടില്ല.

ചില മൂവ്മെന്റുകൾ വിജയിച്ചിരുന്നെങ്കിൽ കേരള സഭയിൽ ആളുകൾ ഇല്ലാതായേനെ. ഇന്നും അധികം കേടുകൂടാതെ സഭയുടെ വിശ്വാസഹൃദയം തുടിക്കുന്നതിന് നമ്മൾ ഒത്തിരി കടപ്പെട്ടിരിക്കുന്നത് അൽഫോൻസാമ്മയോടാണ്. ഇവിടെ ഒരു നെഗറ്റീവ് ചിന്ത കടന്നുവന്നു. ജീവിതത്തിന്റെ നിരർത്ഥകതയെ താലോലിക്കുന്ന യൂറോപ്പിന്റെ അസ്തിത്വചിന്തയെ കേരളത്തിലേക്ക് പറിച്ചു നടാനുള്ള പരിശ്രമം. ഒ.വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസമൊക്കെ അതായിരുന്നു. പാമ്പിൻ മാളത്തിലേക്ക് കാലു നീട്ടുന്ന ഖസാക്കിലെ രവി ക്യാമ്പസുകളെ ലഹരിപിടിപ്പിക്കുമ്പോൾ അങ്ങ് കുടമാളൂരിൽ കത്തിയെരിയുന്ന ഉമിക്കുഴിയിലേക്ക് കാലു നീട്ടുന്ന ഒരു കന്യകയെ സഭയ്ക്ക് കാട്ടാനുണ്ടായിരുന്നു. നിരർത്ഥകതയും സാർത്ഥകതയും മുഖാമുഖം നിന്നപ്പോൾ അൽഫോൻസാമ്മ സമുന്നതമായ ഒരു ജീവിതദർശനത്തിന്റെ പ്രതീകവും വ്യാഖ്യാനവുമായി. അസ്തിത്വചിന്തയെ കേരളത്തിൽ പിടിച്ചുകെട്ടിയത് അൽഫോൻസാമ്മയാണ്. സഭ നടത്തിയ ഈ പ്രതിവിപ്ലവമാണ് കേരളത്തിന്റെ ബോധമണ്ഡലത്തിന്റെ സുബോധ മനസ്സുകളെ താങ്ങിനിർത്തിയത്.

വിശുദ്ധരുടെ ജീവിതചരിത്രങ്ങളിൽ ആവർത്തന വിരസത കൂടാതെ വായിക്കാവുന്നത് ഭിന്നമായി നില്ക്കുന്ന ചാവറയച്ചന്റേതാണ് എന്നത് ഒരു സാഹിത്യനിരീക്ഷണമാണ്. ഭക്തിയിൽ മുളപൊട്ടുന്ന കർമ്മമാണ് യഥാർത്ഥ നവോത്ഥാനം എന്ന് കേരളത്തിന് കാണിച്ചുകൊടുത്തത് സന്യാസിയായ ചാവറയച്ചനാണ്. ഇന്ന് നവോത്ഥാനം എന്ന ആശയത്തിന് തന്നെ നവോത്ഥാനം വേണ്ട ഗതികേടിലാണ് കേരളം. ശബരിമലയിൽ മോഷ്ടിക്കാൻ കയറിയാലും അതു നവോത്ഥാനമാണ്.

കേരളത്തിന് അക്ഷരങ്ങൾ നല്കിയവർ തന്നെ അക്ഷരങ്ങളെ ഭയപ്പെടാതെ ശരിയായ ആശയങ്ങളും ദർശനങ്ങളും കൊണ്ട് പ്രതിവിപ്ലവം നയിക്കേണ്ട കാലഘട്ടമാണിത്. അതിനുവേണ്ട ആശയവിഭവങ്ങൾ നമ്മുക്ക് ചരിത്രത്തിലും പ്രയോഗത്തിലും ധാരാളമുണ്ട്. വാക്കിന്റെയും ആശയത്തിന്റെയും ദാരിദ്ര്യം കൊണ്ടാവാം മാധ്യമങ്ങളിലൂടെ നടത്തുന്ന ആക്രമണങ്ങളെ ചീത്തവിളിച്ചും കൂകി വിളിച്ചുമാണ് apologists പലരും സഭയ്ക്ക് പ്രതിരോധം തീർക്കുന്നത്.

ഇന്ന് അക്ഷരങ്ങളും ആശയങ്ങളും വേണ്ടിടത്ത് നമുക്ക് ഭയങ്കര ദാരിദ്ര്യമാണ്. നമ്മളിൽ ദാർശനികർ ഇല്ലാഞ്ഞിട്ടല്ല. നമ്മുടെ ചിന്തകർ വലിയ തിരക്കിലാണ്. കമ്പിയുടെയും സിമന്റിന്റെയും വിലപേശുന്ന തിരക്കിൽ. കവിതയും കാവ്യവും ഉപേക്ഷിച്ചിട്ട് നമ്മൾ കറൻസിയിലും കംപ്യൂട്ടറിലും ആത്മസാക്ഷാത്കാരം തേടുകയാണ്.

സെമിനാരികളിൽ പഠിപ്പിക്കുമ്പോൾ ഒത്തിരി പ്രതിഭാശാലികളെ കണ്ടിട്ടുണ്ട്. കേരളത്തിലെ സാഹിത്യകാരന്മാരോട് കിടപിടിക്കാൻ കഴിവുള്ള സർഗാത്മകതയുള്ള

മിടുക്കന്മാർ. പലർക്കും പട്ടംകിട്ടി. ഒരു മേൽവിലാസവുമില്ല. അവർക്കുമുണ്ട് ഡോക്ടറേറ്റ്. കുറ്റം പറയുന്നതല്ല. പ്രതിഭയുള്ളവരെ നാം റോമിലേക്കു കയറ്റിവിടും. സ്ഥാപനങ്ങളെ ടാർജറ്റ് ചെയ്തുകൊണ്ടാണ് നമ്മൾ ഉപരിപഠനത്തിന് അയക്കുന്നത്. സിസ്റ്റേഴ്സിനു മാസധ്യാനം നടത്താൻ ഇത്രയേറെ ഡോക്ടർമാരെ സഭയിലാവശ്യമുണ്ടോ? ടാലന്റുകളെ ശരിയായവിധം പ്രയോജനപ്പെടുത്തുന്നതിൽ നമ്മൾ പരാജയപ്പെടുന്നു. നമ്മുടെ മുൻഗണനാക്രമങ്ങളിൽ ഒത്തിരിയേറെ വീഴ്ചപറ്റിയിരിക്കുന്നു. ഈ പ്രതിസന്ധിയിലൊക്കെ സന്ന്യാസത്തിന്റെ ലീഡർഷിപ്പ് വളരെ പ്രധാനപ്പെട്ടതാണ്. രാജാക്കന്മാർ ദാർശനികരും ദാർശനികർ രാജാക്കൻമാരുമായിരിക്കണമെന്ന പ്ലേറ്റോയുടെ ആദർശം തന്നെയാണ് സന്ന്യാസത്തിന്റെ ലീഡർഷിപ്പ്. അക്ഷരങ്ങൾ നല്കിയ നമ്മൾ അക്ഷരത്തിലേക്ക് മടങ്ങുക എന്നതാണ് പരിഹാരവും ഗൃഹപാഠവും.

**4. ചോദ്യം ചെയ്യുന്ന അമ്മ**

'ഇതെങ്ങനെ സംഭവിക്കും എന്ന് മറിയം ദൂതനോടു ചോദിച്ചു.' ഇതിന്റെ എല്ലാ അർത്ഥം എന്ത് എന്ന് ചിന്തിച്ച അമ്മയ്ക്ക് തൃപ്തിയായില്ല. നേരിട്ട് ദൈവത്തോട് തന്നെ ചോദിക്കുവാ ഇതെങ്ങനെ സംഭവിക്കുമെന്ന്? വിശ്വാസത്തെയും, പ്രത്യാശയെയും സ്നേഹത്തെയും യുക്തികൊണ്ടുതന്നെ നമ്മൾ അപഗ്രഥിക്കണം എന്ന തോമസ് അക്വീനാസിന്റെ വാക്കുകൾ ഓർക്കുന്നു. എത്ര തന്നെ ഇരുന്ന് ചർച്ച ചെയ്താൽ ഉത്തരമാകില്ല. മുകളിലേക്ക് കൂടി ചോദിക്കണം. സ്വയം ചോദ്യങ്ങൾ ചോദിച്ചിട്ടും ഉത്തരങ്ങൾ മതിയാവാതെ വരുമ്പോൾ ദൈവത്തോടു തന്നെ ചോദിക്കണം. ക്രിസ്തീയ യുക്തി അരൂപിയാൽ ഉദ്ദീപിക്കപ്പെട്ട യുക്തിയാണ്. 'പുരുഷ'നാൽ പ്രകാശിപ്പിക്കപ്പെട്ട 'ചിത്ത്' എന്ന് ഭാരതീയ ജ്ഞാനമീമാംസ. ശരിയായ അറിവ് ഉണ്ടാകണമെങ്കിൽ ബുദ്ധി അതിന്റെ കേന്ദ്രത്തിലായിരിക്കണം. പക്ഷെ ബുദ്ധി കേന്ദ്രത്തിലുള്ള കുറച്ചു പേരെ സമൂഹത്തിലുള്ളൂ. അരൂപിയുടെ വെളിച്ചം വേണം തീരുമാനങ്ങൾ എടുക്കാൻ. 'പുരുഷ'നെ കൂടാതെയുള്ള തീരുമാനങ്ങളൊക്കെ അപകടമാണ്. ഒരു തീരുമാനവും ശരിയാവില്ല.

പരിശുദ്ധ അമ്മയെപോലെ നാം മുകളിലേക്ക് നോക്കേണ്ട സമയമാണ്. നമ്മുടെ നാട്ടിൻ എത്രപേരാണ് പ്രവാചകപരിവേഷമണിഞ്ഞ് ഇറങ്ങിയിരിക്കുന്നത്. എല്ലാം സഭാസ്നേഹത്തെ പ്രതി. തീക്ഷ്ണതകൊണ്ട് സഭയെ പീഡിപ്പിക്കുന്നവർ. മനഃസാക്ഷിക്ക് അനുസരിച്ചുള്ള ചോദ്യങ്ങളാണ് ചോദിക്കുന്നതത്രേ. നമ്മുടെ മനഃസാക്ഷികൾ എന്നാണ് ഇത്ര ഭീകരമായി പോയത് എന്നു ചിന്തിക്കണം.

ഈശോ വലിയ പ്രവാചകനാണ്. കർത്താവ് എവിടുന്നാണ് വിപ്ലവം തുടങ്ങിയത്? അത് മലമുകളിൽ നിന്ന് ആരംഭിച്ച വിപ്ലവമാണ്. വിജനമായ ഏകാന്തതയിലിരുന്ന് പിതാവുമായി സംവദിച്ച് സമൂഹത്തിലേക്ക് ഇറങ്ങി. വേശ്യയോടും ചുങ്കക്കാരോടും കൂടി വിരുന്നിനിരുന്നു. ഈ ആർജ്ജവത്വം അനുഭവ തീവ്രതയുടേതാണ്. നമ്മുടെ പ്രവാചകൻമാർക്ക് ഇല്ലാതെ പോകുന്നത് ഈ അനുഭവമാണ്. എല്ലാവരും ഒരുപാട് ഒച്ചപ്പാട് ഉണ്ടാക്കുന്നുണ്ട്. മലമുകളിലേക്ക് കയറേണ്ട സമയത്ത് തെരുവിലേക്ക് ഇറങ്ങിയാൽ വിപ്ലവമാകില്ല. ആൾക്കൂട്ടം ഉണ്ടാകും. ആൾമാറാട്ടം സംഭവിച്ചവരുടെ ആൾക്കൂട്ടങ്ങൾ. പക്ഷെ ഉദാത്തമായ ക്രിസ്തീയ വിപ്ലവമാകുകയില്ല. ആബാപിതാവിന്റെ മുന്നിൽ നിന്നും തുടങ്ങേണ്ടത് പിതാവിന്റെ കല്ലറയിൽ നിന്നും തുടങ്ങിയാൽ മതിയോ? ദുഃഖം ഉണ്ടാകുമ്പോൾ എന്റെ പിഴ ചെല്ലുന്നതിനെയാണ് നമ്മൾ ക്രിസ്തീയ വിപ്ലവം എന്നു പറയുന്നത്. ദുഃഖം ഉണ്ടാകുമ്പോൾ പൊട്ടിത്തെറിക്കുന്നത് വെറും വിപ്ലവമാണ്.

ചിതറിപ്പോയ ശിഷ്യന്മാരെയൊക്കെ വിളിച്ചുകൂട്ടി ഒരുമിച്ചിരുത്തുന്ന സെഹിയോൻ ഊട്ടുശാലയിലെ അമ്മയിൽ നിന്നും നമ്മൾ അറിയുന്നു, അമ്മയുടെ നിതാന്ത മൗനം നിഷ്ക്രിയമായിരുന്നില്ല, തീർത്തും സ്ഫോടനാത്മകമായിരുന്നു എന്ന്. 'വിദ്വാൻ മൗനിയായിരിക്കും. അല്പജ്ഞാനി തന്റെ അജ്ഞതയുടെ പടക്കം പൊട്ടിക്കുന്നു,' എന്ന ഉപനിഷത്ത് വചനം ഓർത്തുപോകുന്നു. സ്ഫോടനാത്മക മൗനത്തിന് അട്ടഹാസം പോയിട്ട് വാക്കുകൾ പോലും വേണ്ടി വരില്ല. എവിടെ നമ്മുടെ പ്രവാചകർ? 'തെറ്റായ അക്ഷരമില്ല. അസ്ഥാനത്തുവരുന്ന അക്ഷരമാണ് അക്ഷരത്തെറ്റ് എന്ന് വൈറ്റ്ഹെഡ് പറയുന്നു. അസ്ഥാനത്ത് ഉരുവിടുന്ന പ്രവചനമാണ് false prophecy. മൗനത്തിന്റെ മകുടമായ പിയാത്തെയിൽ സൗന്ദര്യശാസ്ത്രപരമായ ഒരു വലിയ തെറ്റുണ്ട്. മാതാവിന്റെ കൈകൾക്ക് മൈക്കിൽ ആഞ്ചലോ ഒത്തിരി നീളംകൂട്ടി. യഥാർത്ഥ കലാകാരൻ, അനുഭവമുള്ളവൻ, നിയമം ലംഘിക്കുമ്പോൾ അതിന് എന്തൊരു സൗന്ദര്യവും സുഗന്ധവുമാണ്. പിയാത്തെയാണല്ലോ ഇന്ന് സഭയിലെ വിപ്ലവങ്ങളുടെ മുഖം. അനുഭൂതിയില്ലാത്തവൻ നിയമം ലംഘിക്കുമ്പോൾ എന്തൊരു വൈരൂപ്യവും ദുർഗന്ധവുമാണ്. ഈ ദുർഗന്ധത്തിന്റെ വീർപ്പുമുട്ടലുകളെയും നവോത്ഥാനം എന്ന് വിളിക്കുമ്പോൾ സാംസ്കാരിക കേരളത്തിൽ നവോത്ഥാനത്തെ ആര് ഉദ്ധരിക്കും?

സഭാ ചരിത്രത്തിൽ ശരിയായ ചോദ്യങ്ങൾ ചോദിച്ചവരായിരുന്നു സന്യാസികൾ. അനുഭവാധിഷ്ഠിതമായ തിരുത്തൽവാദത്തിന്റെ വക്താക്കളായിരുന്നു സന്യാസിമാർ. കാവ്യം മരിച്ചപ്പോൾ നമ്മളിലെ പ്രവാചകരും മരിച്ചു! മാർപാപ്പയുടെ മുഖത്തു നോക്കി തർക്കിച്ചവനാണ് ഫ്രാൻസിസ് അസീസി. ശരിയായ രീതിയിൽ തർക്കിക്കാൻ നമ്മൾ എത്രമാത്രം പഠിക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്. 300 ദിവസമായി നമ്മുടെ ഒരു കന്യാസ്ത്രീ ജയിലിലുണ്ട്. നമ്മുടെ ചോര തിളക്കുന്നില്ല. ഒരു സന്ന്യാസിനിയുടെ കന്യാചർമ്മത്തെ വച്ച് മാധ്യമങ്ങൾ വിലപേശി. പ്രവാചകരൊക്കെ വാലും മടക്കി മാളത്തിലായിരുന്നു. വിപ്ലവത്തിൽ കമ്യൂണിസത്തോടും യാഥാസ്ഥികത്വത്തിൽ താലിബാനിസത്തോടും കിടപിടിക്കുന്ന അതിതീവ്ര ചേരിതിരിവുകൾ സഭയിലെ സമീപകാലവിവാദങ്ങളിൽ നിഴലിക്കുന്നുണ്ട്. സെക്കുലർ മാധ്യമങ്ങളെ വിമർശിക്കുന്ന സഭയുടെ മാധ്യമങ്ങളുടെ തന്നെ പക്ഷം ചേരലുകളും ആക്രമണപ്രത്യാക്രമണങ്ങളും ലജ്ജാകരമാണ്. സഭയിലെ തന്നെ സമൂഹമാധ്യമ കൂട്ടായ്മകളിലെ വൈരനിര്യാതന സമീപനങ്ങൾ ഭയാനകമാണ്.

**5. മുദ്രാവാക്യം വിളിക്കുന്ന അമ്മ**

അസ്വസ്ഥതയോടുകൂടി ആരംഭിച്ച മംഗള വാർത്ത അവസാനിക്കുന്നത്. വലിയൊരു വിപ്ലവ പ്രഖ്യാപനത്തോടുകൂടിയാണ്. 'ഇതാ കർത്താവിന്റെ ദാസി' എന്നു പറഞ്ഞത് സുകൃതജപമായി നമ്മൾ പഠിച്ചു വച്ചിരിക്കുന്നതാണ്. അതങ്ങനെയല്ല. പശ്ചാത്തലത്തിൽ മനസ്സിലാക്കി കഴിഞ്ഞാൽ മാതാവു മുഷ്ടി ചുരുട്ടി മുദ്രാവാക്യം വിളിക്കുകയായിരുന്നു. പരിശുദ്ധ അമ്മയ്ക്ക് അറിയാമാ

യിരുന്നു സമൂഹം തന്നെ കല്ലെറിഞ്ഞു കൊല്ലാനിരിക്കുന്ന കാര്യം. അവിവാഹിത ഗർഭിണിയായാൽ ഉണ്ടാകുന്ന അപകടം തിരിച്ചറിഞ്ഞ് മാലാഖയോടു മറിയത്തിനു പറയാമായിരുന്നു യൗസേപ്പിനോടു പോയി പറഞ്ഞിട്ടുവരാൻ. എന്നാൽ കാര്യം എളുപ്പമായിരുന്നു. മറിയം അങ്ങനെ പറഞ്ഞില്ല. സുവിശേഷത്തിലെ ഏറ്റവും ധീരമായ കഥാപാത്രമായി കാണുന്നത് പരിശുദ്ധ അമ്മയെയാണ്. ജനിതക പരമായിട്ട് അമ്മയിൽ നിന്ന് ലഭിച്ച ധൈര്യമാണ് ഈശോയുടെ സിരകളിൽ ഒഴുകിയത്. ആ കുറുക്കനോട് പോയി പണി നോക്കാൻ പറയണമെങ്കിൽ അപാരമായ ധൈര്യം വേണം.

അസ്വസ്ഥതകളെ മുദ്രാവാക്യങ്ങളാക്കുന്നതിൽ നമ്മുടെ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. ടി.പി.വധത്തിനുശേഷവും നാടൊട്ടുക്ക് വിശദീകരണയോഗം നടത്തി ഉയിർത്തെണീറ്റ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ചിലതു പഠിക്കാനുണ്ട്. ഏഷ്യാനെറ്റും മാതൃഭൂമിയും ചർച്ചചെയ്യുന്ന കുമ്പസാരത്തെക്കുറിച്ച് നമ്മുടെ സ്ഥാപനങ്ങളിൽ എന്തു ചർച്ചയാണ് നടന്നിട്ടുള്ളത്? ശരിയായ അർത്ഥമറിഞ്ഞാൽ അക്രൈസ്തവനും കുമ്പസാരിക്കും. ക്രൈസ്തവദർശനത്തിലെ മനുഷ്യമഹത്വം ഉദാത്തമായ മാനവികമൂല്യങ്ങളായി സെക്കുലർ സമൂഹത്തോട് തന്നെ പറഞ്ഞുകൊടുക്കാനുള്ള അവസരങ്ങളാണ് സമീപകാല കോടതിവിധികളിലൂടെ കൈവന്നത്. നാക്കും (NAAC) സ്വയംഭരണവും മുഖ്യ ലക്ഷ്യമാകുന്നിടത്ത് നവസുവിശേഷവത്കരണത്തിന്റെ അവസരങ്ങൾ പാഴാക്കാനാണ് നമ്മുടെ സ്ഥാപനങ്ങൾ മത്സരിക്കുന്നത്. നമ്മുടെ സ്ഥാപനങ്ങളുടെ നടത്തിപ്പുശൈലിയുടെ ഉല്പന്നം തന്നെയാണ 'സഭ വേണ്ട, ക്രിസ്തുമതി' എന്ന പുതിയ പ്രമേയം. അവിടെ അസ്വസ്ഥത എങ്ങിനെ മുദ്രാവാക്യമാകും?

നമ്മുടെ അസ്വസ്ഥതകളൊക്കെ മുദ്രാവാക്യങ്ങളാക്കി മാറ്റുവാനുള്ള സമയം വരും. അതിനുവേണ്ടി ശരിയായ ഗൃഹപാഠങ്ങൾ ചെയ്ത് നാം ഒരുങ്ങിയിരിക്കണം. മാലാഖ പറഞ്ഞുതുടങ്ങിയപ്പോൾ, പകുതി സത്യം അറിഞ്ഞപ്പോൾ, മാതാവ് അസ്വസ്ഥയായി. അർദ്ധസത്യങ്ങൾ നമ്മെ അസ്വസ്ഥരാക്കും. മുഴുവൻ പറഞ്ഞു കഴിഞ്ഞപ്പോൾ അമ്മയ്ക്ക് ധൈര്യമായി. പൂർണ്ണസത്യങ്ങൾ നമ്മെ ധൈര്യപ്പെടുത്തും.

**6. സ്വയം പഠിക്കുന്ന അമ്മ**

മംഗളവാർത്തയിൽ സ്വയം പഠിക്കുന്ന ഒരമ്മയുണ്ട്. അമ്മ ചോദ്യങ്ങൾ ചോദിക്കുക മാത്രമല്ല, സ്വയം പഠിക്കുക കൂടിയാണ്. മറിയത്തിനു മാലാഖ പറഞ്ഞുകൊടുക്കുന്ന ക്രിസ്തുദർശനം എന്തായിരുന്നു? "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം. അവൻ വലിയവനായിരിക്കും; അത്യുന്നതൻെറ പുത്രൻ എന്നു വിളിക്കപ്പെടും. അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിൻെറ ഭവനത്തിൻമേൽ അവൻ എന്നേക്കും ഭരണം നടത്തും. അവൻെറ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല.' (ലൂക്ക.1 31-33.)" ശരിക്കും പറഞ്ഞാൽ മാലാഖ മറിയത്തെ 'കളിപ്പിക്കുക'യാണ്. മംഗളവാർത്തയിലെ ക്രിസ്റ്റോളജി രാജകീയ ക്രിസ്റ്റോളജിയാണ്. നമ്മൾ അറിയുന്ന കുരിശിലേറുന്ന ഈശോയല്ല മറിയത്തിനു ലഭിച്ച ക്രിസ്തുദർശനം. വീണ്ടും മറിയത്തിന്റെ സ്ത്രോത്രഗീതത്തിൽ 'ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു'വെന്ന് പറയുമ്പോൾ രാജാവിനെ ജനിപ്പിക്കാൻ പോകുന്ന രാജാമാതാവിന്റെ ദർശനമാണ്. ശരിയായ ക്രിസ്റ്റോളജി അമ്മയും പഠിക്കുന്നതേയുണ്ടായിരുന്നുള്ളൂ. ആദ്യത്തെ ക്രിസ്റ്റോളജി, മരിയൻ ക്രിസ്റ്റോളജി, പാഷണ്ഡതയായിരുന്നു! കുരിശിൻചുവട്ടിൽ നില്ക്കുന്നതുവരെ അമ്മ ക്രിസ്തുവിജ്ഞാനീയം പഠിക്കുന്നതേ ഉണ്ടായിരുന്നുള്ളു. അതുവരെ അമ്മയുടെ ക്രിസ്തുദർശനം പൂർണ്ണമായിരുന്നില്ല.

നമ്മുടെ 'ഉത്കൃഷ്ട' ദർശനങ്ങളിൽ തന്നെ വളരെയധികം പാഷണ്ഡതകൾ കുടിയിരിപ്പുണ്ടാവാം. സുവിശേഷാത്മകമായി വിലയിരുത്തിയാൽ തിരുത്തപ്പെടേണ്ട പാഷണ്ഡതകൾക്കുവേണ്ടിയാണ് ഇന്ന് ദൈവശാസ്ത്രത്തിലെയും ആത്മീയതയിലേയും ശക്തിപ്രകടനങ്ങൾ പലതും. ആഗോളസഭയിലെ ഏറ്റവും വലിയ 'പ്രതിസന്ധി' ഇന്ന് ഫ്രാൻസീസ് പാപ്പ തന്നെയാണ്! ചിലരുടെ വീക്ഷണത്തിൽ സഭയ്ക്ക് ഇന്നൊരു പുതിയ കോൺസ്റ്റന്റൈനെ ലഭിച്ചിരിക്കുകയാണ്. ഡൊണാൾഡ് ട്രംപ്! സഭയിൽ ഒരു അന്തിക്രിസ്തുവുണ്ട്. ഫ്രാൻസീസ് പാപ്പ! പാപ്പ രാജിവക്കണം എന്നു തുടങ്ങി ഒറ്റപ്പെട്ടതെങ്കിലും അസ്വസ്ഥജനകമായ അപശ്രുതികൾ അമേരിക്കയിൽ നിന്നും മറ്റും ഉയർന്നുകേട്ടത് ദൈവശാസ്ത്രത്തേക്കാളുപരി സഭയുടെ ഹയരാർക്കിയിലെ രാഷ്ട്രീയ അലയടികളായിരുന്നു എന്ന് നമ്മൾ തിരിച്ചറിയുന്നു. മാർപാപ്പയെ ധിക്കരിച്ച സഭകളിൽ തന്നെയാണ് വലിയ പ്രതിസന്ധികൾ ഉണ്ടായിട്ടുള്ളതും. കേരളസഭയിലും മാർപാപ്പയെ ഉദ്ധരിക്കുവാൻ മടിക്കുന്നവരുണ്ട്. മാർപാപ്പ പറയുന്നത് എല്ലാം അംഗീകരിക്കാൻ ബുദ്ധിമുട്ടാണത്രേ. ഫ്രാൻസിസ് പാപ്പയെ അറിയാത്തവരുടെ കൈകളിലാണ് ഇന്ന് പാപ്പ ചെന്നുപെട്ടിരിക്കുന്നത് എന്നതാണ് ഇതിന്റെ വിപരീതഫലം. ദൈവവചനം ഉദ്ധരിച്ച് പിശാച് ക്രിസ്തുവിനെ പരീക്ഷിച്ചതുപോലെയാണ് ചിലപ്പോഴെങ്കിലും ഫ്രാൻസീസ് പാപ്പയെ ഉദ്ധരിച്ചു നടത്തുന്ന പ്രവചനങ്ങൾ. എന്നും രാവിലെയും ഉച്ചയ്ക്കും വൈകീട്ടും സഭയെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്നത് ഒരു ചിത്തരോഗമാണെന്നതാണ് ഫ്രാൻസിസ് വചനം.

ഫ്രാൻസിസ് മാർപാപ്പ എന്നത് ഈ കാലഘട്ടത്തിലെ ഒരു തിരുമണിക്കൂർ തന്നെയാണ്. ഫ്രാൻസിസ് മാർപ്പാപ്പയെക്കുറിച്ച് വിപുലമായ പഠനങ്ങൾ നടത്തി ആ ദർശനത്തെ കേരളത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുക എന്നതാണ് ഈ പ്രതിസന്ധിഘട്ടത്തിൽ സന്ന്യാസികൾക്ക് ചെയ്യാവുന്ന വലിയ ഒരു സേവനം.

ആദ്യത്തെ വിശുദ്ധകുർബാന വലിയൊരു ദുരന്തം കൂടിയായിരുന്നു. 'അപ്പോൾ അവനിൽ പിശാച് പ്രവേശിച്ചു. 'കുർബാനയിൽ തുടങ്ങുന്ന ദുരന്തങ്ങൾക്ക് വലിയ വില നല്കേണ്ടിവരും. കേരള സഭയിലെ അനൈക്യവും ചേരിതിരിവുകളും കുർബാനയിൽ ആരംഭിച്ചത് വലിയൊരു ദുഃസ്സൂചനയാണ്. നിരക്ഷരതയും പാഷണ്ഡതയും കൈകോർക്കുന്ന വിചിത്രമാതൃകകൾക്ക് നമ്മുടെയിടയിൽ ദാരിദ്ര്യമില്ല.

തിരുസ്സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും എന്നതായിരുന്നു വി. കൊച്ചുത്രേസ്യായുടെ തിരിച്ചറിവ്. ഇത് എല്ലാ സന്യാസസഭകളെയും തിരുസ്സഭയുമായി അധികമായി വിളക്കിച്ചേർക്കുന്ന മൗലികവും സാർവ്വത്രികവുമായ ഒരു ദർശനവും സിദ്ധിയുമാണ്.

*****************



# അരുത്, ഗുരുനിന്ദ മഹാപാപമാണ്



**അഡ്വ. ചാർളി പോൾ MA.LL.B., DSS**

ഭാരതീയസംസ്കൃതിയിൽ ഏറ്റവും സമുന്നതമേത് എന്നതിന് ലഭിക്കുന്ന ഒരേയൊരു പ്രത്യുത്തരമാണ് ഗുരു എന്നത്. "ന ഗുരോരധികം തത്വം, ന ഗുരോമധികം തപ:" (ഗുരുവിനേക്കാൾ വലിയൊരു തത്വമില്ല, ഗുരുവിനേക്കാൾ വലിയൊരു തപസ്സുമില്ല). അതിശ്രേഷ്ഠവും പാവനവുമായ ഒരു നിയോഗമാണ് അധ്യാപനം. ലോകത്തിലേറ്റവും മൂല്യമുള്ള സത്പ്രവൃത്തി കൂടിയാണ് അധ്യാപനം. "ഗുരുവും ഈശ്വരനും ഒരേസമയം എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടാൽ ഞാൻ ആദ്യം ഗുരുവിനെ വന്ദിക്കും. കാരണം ഗുരുവാണ് എനിക്ക് ദൈവത്തെ കാണിച്ചു തന്നത്." കബീർദാസിന്റെ ഈ വാക്കുകൾ അധ്യാപനത്തിന്റെ മഹത്വത്തിലേക്ക് വിരൽ ചൂണ്ടുന്നു. "ആചാര്യ ദേവോ ഭവ:" എന്നാണ് ചൊല്ല്. ആചാര്യനെ ഈശ്വര തുല്യനായി കാണുന്ന നമ്മുടെ നാട്ടിൽ ഈയിടെയായി ഗുരുശിഷ്യ ബന്ധത്തിന്റെ പാവനത കളങ്കപ്പെടുത്തുന്ന സംഭവങ്ങൾ തുടർച്ചയായി ഉണ്ടാകുന്നത് അങ്ങേയറ്റം ഖേദകരമാണ്.

യൂണിഫോം ധരിക്കാതെ ക്ലാസ്സിൽ എത്തിയത് ചോദ്യം ചെയ്തതിന് കുമളി ഗവ.ഹയർ സെക്കണ്ടറി സ്കൂളിലെ ഭൂമിശാസ്ത്ര അധ്യാപകനായ എസ്. ജയദേവിനെ പ്ലസ് വൺ വിദ്യാർത്ഥി കഴിഞ്ഞദിവസം ക്രൂരമായി മർദ്ദിക്കുകയുണ്ടായി. നട്ടെല്ലിന് പൊട്ടലും ചെവിക്ക് ഗുരുതര തകരാറും സംഭവിച്ച അധ്യാപകൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. കൊല്ലം പരവൂരിൽ ചെമ്പകശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിൽ, തലയിൽ കെട്ടിയ സ്കാർഫ് മാറ്റി പരീക്ഷ എഴുതാൻ ആവശ്യപ്പെട്ട അധ്യാപകനെ വിദ്യാർത്ഥി മർദ്ദിച്ചിട്ട് അധികം ദിവസമായിട്ടില്ല. ഹയർസെക്കണ്ടറി മാതൃകാ പരീക്ഷയ്ക്കിടെ കോപ്പിയടി ചോദ്യം ചെയ്ത കാസർഗോഡ് ചെമ്മനാട് സ്കൂളിലെ അധ്യാപകനെ വിദ്യാർത്ഥി ക്രൂരമായി മർദ്ദിച്ചത് കഴിഞ്ഞ മാസമാണ്. മകനെതിരെ പരാതി നൽകിയാൽ കൊന്നുകളയുമെന്ന്, ആശുപത്രിയിൽ ചികിത്സയിലുള്ള അധ്യാപകന്റെ അടുത്തെത്തി ഭീഷണി മുഴക്കിയതിന് പിതാവിനെതിരെ പോലീസ് കേസെടുക്കുകയും ചെയ്തു.

കേരളത്തിനു പുറത്ത് ചെന്നൈ നഗരത്തിലെ സ്കൂളിൽ, സ്കൂൾ ഡയറിയിൽ മോശം അഭിപ്രായം എഴുതിയതിന് ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥി അധ്യാപികയെ കുത്തിക്കൊന്നതും ഉത്തർപ്രദേശിലെ ഗാസിപൂർ ജില്ലയിലെ കോളജിൽ പരീക്ഷയ്ക്ക് കോപ്പിയടിച്ചത് പിടികൂടിയതിന് മൂന്നാംവർഷ ബിരുദ വിദ്യാർത്ഥി അധ്യാപകനെ വെടിവെച്ചു കൊന്ന സംഭവവും യു പി. യിലെ ബസ്തിയിൽ, മോശം പെരുമാറ്റത്തെക്കുറിച്ച് മാതാപിതാക്കളോട് പരാതി പറഞ്ഞ അധ്യാപകനെ വെടിവെച്ചു കൊന്നതും രാജ്യം നടുക്കത്തോടെയാണ് നോക്കി കണ്ടത്. ഗുരുനിന്ദയുടെ ഇത്തരം വാർത്തകൾ കേരളത്തിനകത്തും പുറത്തും വർദ്ധിച്ചു വരുന്നത് അത്യധികം സങ്കടകരമാണ്.

വിദ്യാഭ്യാസം ഒരു സംസ്കാരപ്രക്രിയയാണ്. സംസ്കാരത്തിന്റെ ശ്രേയസ്സ് ദൈവവിചാരത്തിലും ആത്മീയഭാഷയിലും ധാർമികമുന്നേറ്റത്തിലുമാണ്. കർമ്മശോഷണവും ധർമ്മശോഷണവും മൂല്യശോഷണവും സംഭവിക്കുമ്പോൾ സംസ്കാരം ക്ഷയിക്കുകയാണ്. ധാർമ്മികശക്തി പകരാത്ത സാമൂഹിക പശ്ചാത്തലം, കുടുംബ ബന്ധങ്ങളിലെ ശൈഥില്യം, മൂല്യങ്ങൾക്ക് പ്രാധാന്യം നൽകാത്ത വിദ്യാഭ്യാസ ശൈലി, മോശം കൂട്ടുകെട്ടുകൾ, രാഷ്ട്രീയ ദുരുപയോഗം തുടങ്ങിയവയൊക്കെ വിദ്യാർത്ഥികളുടെ അധമരീതിക്ക് കാരണങ്ങളാകാം. രാഷ്ട്രപതിയായിരുന്ന ഡോ.എസ്. രാധാകൃഷ്ണൻ, വിദ്യഭ്യാസത്തിന്റെ മൗലികലക്ഷ്യം സ്വഭാവഗുണമാണെന്നും അത് ആർജ്ജിക്കാൻ പറ്റാത്ത വിദ്യാഭ്യാസം ആപത്കരവും ഉപയോഗശൂന്യവുമാണെന്നും പറഞ്ഞുവയ്ക്കുന്നുണ്ട്. ഇവിടെയും സ്വഭാവഗുണം ആർജ്ജിക്കാൻ പറ്റാത്ത ആപത്കരവും ഉപയോഗ്യശൂന്യവുമായ നീക്കങ്ങളാണ് ചില വിദ്യാർത്ഥികളിൽ നിഴലിച്ചു കണ്ടത്.

ശരിയായ സംസ്കരണമാണ് ശരിയായ വിദ്യാഭ്യാസം. കാട്ടുമനുഷ്യനെ നാട്ടുമനുഷ്യനാക്കലാണ് വിദ്യാഭ്യാസമെന്ന് ശ്രീബുദ്ധൻ പറഞ്ഞിട്ടുണ്ട്. മനുഷ്യത്വത്തിൽ നിന്ന് ഒരുവനെ ദൈവികതയിലേക്ക് ഉയർത്താൻ ഗുരുവിന് (ആചാര്യൻ) കഴിയണമെന്നാണ് പറയുക. ഉത്തമനുഷ്യരായി കുട്ടികളെ രൂപപ്പെടുത്തിയെടുക്കുന്നതിൽ നാം പരാജയപ്പെടുന്നത് എന്തുകൊണ്ട് എന്ന് ചിന്തിക്കാൻ സമയമായി. ഇരുണ്ട വഴികളിൽ സഞ്ചരിക്കുന്ന വിദ്യാർത്ഥികളെ തിരിച്ചുകൊണ്ടുവരാനുള്ള ഉത്തരവാദിത്വം ഈ സമൂഹത്തിനുണ്ട്.

കുടുംബാന്തരീക്ഷമാണ് കുട്ടികളെ താന്തോന്നികളും കുറ്റവാളികളുമാക്കി മാറ്റുന്നത്. സ്വഭാവഗുണത്തിന്റെയും ധാർമികമൂല്യങ്ങളുടേയും രൂപീകരണപ്രക്രിയ കുടുംബങ്ങളിൽ നടക്കണം. മാതാപിതാക്കളിൽ നിന്നുമാണ് കുട്ടികൾ മൂല്യങ്ങൾ സ്വാംശീകരിച്ചെടുക്കുന്നത്. മാതാപിതാക്കൾ മൂല്യമുള്ളവരും മാതൃകാ ജീവിതം നയിക്കുന്നവരുമാണെങ്കിൽ കുട്ടികൾ വഴിതെറ്റാനുള്ള സാധ്യത കുറവാണ്. വീടുകളിൽ അധ്യാപകരോടുള്ള ബഹുമാനവും ആദരവും കുറയത്തക്ക സംഭാഷണങ്ങൾ നടത്തരുത്. ഏവരേയും ബഹുമാനിക്കാനും ആദരിക്കാനും കുട്ടികളെ പ്രാപ്തരാക്കണം. 'മാതാ പിതാ ഗുരു ദൈവം' എന്ന സങ്കല്പം കുട്ടികളിൽ രൂഢമൂലമാക്കണം. ജീവിത മൂല്യങ്ങളുടെ മധുരം പകരാൻ അധ്യാപകർക്കും രക്ഷിതാക്കൾക്കും കഴിയട്ടെ. ഗുരുനിന്ദയുടെ മഹാപാപങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കട്ടെ.

******************

# കേരളസഭ (വസ്തുക്കളും സ്ഥാപനങ്ങളും) ബിൽ 2019 സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ




കേരള നിയമപരിഷ്കരണ കമ്മീഷൻ ദി കേരള ചർച്ച് (പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ) ബിൽ 2019 എന്ന പേരിൽ, പ്രസ്തുത കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഡ്രാഫ്റ്റ് സംബന്ധിച്ച് പൊതുജനാഭിപ്രായം തേടിയ സാഹചര്യത്തിൽ കേരളത്തിലെ കത്തോലിക്കാസഭയുടെ പ്രതികരണം ഏവരുടെയും ശ്രദ്ധയിലേക്ക് അറിയിക്കുന്നു.

കേരളത്തിലെ ക്രൈസ്തവസഭകളുടെ വസ്തുക്കളും സ്ഥാപനങ്ങളും ഫണ്ടുകളും സത്യസന്ധവും സുതാര്യവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, ഇക്കാര്യത്തിൽ തെറ്റായ എന്തെങ്കിലും നടപടികളുണ്ടായാൽ അതിനു പരിഹാരമുണ്ടാക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ചർച്ച് ബിൽ 2019 കൊണ്ടുവരുന്നതെന്നാണ് അതിന്റെ ഡ്രാഫ്റ്റിൽ പറഞ്ഞിട്ടുള്ളത്. ക്രൈസ്തവസഭകളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് നിലവിൽ നിയമങ്ങളില്ലാത്ത പശ്ചാത്തലത്തിലും, സഭയുടെ സ്വത്തുക്കൾ ശരിയായ മണ്ഡലങ്ങളിൽ ആലോചനകൂടാതെ അന്യാധീനപ്പെടുത്തുകയും പണയപ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ സഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ഭക്തരുടെ അഭിമാനത്തിനു ക്ഷതമുണ്ടാക്കുകയും ചെയ്യുന്ന സാഹചര്യത്തിലുമാണ് പ്രസ്തുത ബില്ലെന്നും, ഇപ്പോൾ സഭാസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനമില്ല എന്നും, സഭാസ്വത്തുക്കളുടെ കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ ഭക്തർക്ക് ഒരു വേദിയില്ല എന്നും ബില്ലിന്റെ ലക്ഷ്യങ്ങളെയും കാരണങ്ങളെയും കുറിച്ചുള്ള പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നു. സഭയുടെ അത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ഒരു നിയമം ഉണ്ടാകേണ്ടത് ആവശ്യമാണെന്ന് സർക്കാരിനു ബോധ്യമായതിനാലാണ് പ്രസ്തുത ബില്ലെന്നും പറഞ്ഞിരിക്കുന്നു.

ഇക്കാരണങ്ങളാൽ, സർക്കാർ പ്രസ്തുത ആവശ്യങ്ങൾക്കായി ഒരു ട്രൈബ്യൂണൽ സ്ഥാപിക്കുമെന്നും, സഭകളുടെ വസ്തുവകകളുടെയും ഫണ്ടിന്റെയും കൈകാര്യത്തെക്കുറിച്ചുള്ള ഏതു തർക്കത്തെ സംബന്ധിച്ചും ആ സഭാവിഭാഗം സ്വീകരിച്ച തീരുമാനം കൊണ്ടു തൃപ്തിപ്പെടാത്ത ഏതൊരു സഭാംഗത്തിനും പ്രസ്തുത ട്രൈബ്യൂണലിൽ പരാതി നല്കാവുന്നതാണെന്നും, തർക്കവിഷയത്തിൽ ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുമെന്നും ബില്ലിൽ വ്യവസ്ഥചെയ്തിരിക്കുന്നു.

ഇപ്രകാരം ഒരു നിയമമുണ്ടാക്കുന്നതിന് ന്യായീകരണമായി നിർദ്ദിഷ്ടബില്ലിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണാജനകവുമാണ്. സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്നു പറഞ്ഞിരിക്കുന്നത് തെറ്റാണ്. കത്തോലിക്കാസഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിന് ഈ രാജ്യത്തുനിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്. പ്രസ്തുത നിയമങ്ങൾക്കനുസരിച്ചാണ് അവ കൈകാര്യം ചെയ്യപ്പെടുന്നത്. ഏതെങ്കിലും നിയമലംഘനമുണ്ടായാൽ ബന്ധപ്പെട്ട സഭാധികാരികളെയോ, സിവിൽ കോടതികളെയോ സമീപിച്ച് പരിഹാരം തേടുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവ്വമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയനിയമം വേണം എന്ന തെറ്റായ അടിസ്ഥാനത്തിലാണ് നിർദ്ദിഷ്ടബിൽ തയ്യാറാക്കിയിരിക്കുന്നത്. കത്തോലിക്കാ സഭയോ സഭാംഗങ്ങളായ വിശ്വാസികളുടെ ഏതെങ്കിലും അംഗീകൃത സംഘടനയോ പ്രസ്ഥാനമോ ഇങ്ങനെ ഒരു നിയമം വേണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം ഒരു പുതിയ നിയമത്തിന്റെ ആവശ്യകത അവർക്കാർക്കും അനുഭവപ്പെട്ടിട്ടില്ല, ബോധ്യപ്പെട്ടിട്ടുമില്ല. ക്രൈസ്തവസഭകളെ പൊതുജനമധ്യത്തിൽ അപമാനിക്കാൻ താല്പര്യമുള്ളതുകൊണ്ടോ, വ്യക്തിപരമായ കാരണങ്ങളാൽ സഭയോടും സഭാധികാരികളോടും വിദ്വേഷംവച്ചുപുലർത്തുന്നതുകൊണ്ടോ, മറ്റു നിക്ഷിപ്ത താത്പര്യങ്ങളുള്ളവരുടെ പ്രേരണയ്ക്കും സമ്മർദ്ദത്തിനും വഴങ്ങിയോ ക്രൈസ്തവ നാമധാരികളായ ചില വ്യക്തികളും അവരുടെ സൃഷ്ടിയായ ചില നാമമാത്ര സംഘടനകളും പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ സഭയിലെ അസംതൃപ്തരും ഒറ്റപ്പെട്ടവരുമായ ചിലരുടെമാത്രം ശബ്ദമാണ്; സഭാവിശ്വാസികളുടെ പൊതു അഭിപ്രായമല്ല. അത്തരക്കാർ ആവശ്യപ്പെട്ടന്ന പേരിൽ ഒരു പുതിയനിയമം നിർദ്ദേശിക്കാൻ മുതിർന്ന നിയമപരിഷ്കരണ കമ്മീഷന്റെ നടപടി ആശങ്കാജനകവും അതിനുപിന്നിലെ ഉദ്ദേശ്യശുദ്ധി സംശയാസ്പദവുമാണ്.

ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്. ഭരണഘടനയുടെ അടിസ്ഥാനഘടനയും അടിസ്ഥാനസ്വഭാവങ്ങളും മാറ്റത്തക്കവിധം ഇന്ത്യയുടെ ഭരണഘടന ഭേദഗതിചെയ്യാൻ പാർലിമെന്റിനുപോലും അധികാരമില്ല എന്ന് സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ച് വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. മതേതരത്വം ഭരണഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മതേതരത്വം ഇന്ത്യൻ ഭരണഘടനയുടെ അവിഭാജ്യഘടകമാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന് മതേതര സ്വഭാവം നല്കുന്ന ഭരണഘടനയിലെ സുപ്രധാന വകുപ്പുകളിൽ ഒന്നാണ് ആർട്ടിക്കിൾ 26. പ്രസ്തുത വകുപ്പുപ്രകാരം ഓരോ മതത്തിനും അല്ലെങ്കിൽ അതിന്റെ ഏതു വിഭാഗത്തിനും പൊതുവായ ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:

എ) മതപരവും പരസ്നേഹപ്രവർത്തനപരവുമായ ലക്ഷ്യങ്ങളുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ഉള്ള അവകാശം,

ബി) മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള അവകാശം,

സി) ജംഗമവസ്തുക്കളും സ്ഥാവരവസ്തുക്കളും സമ്പാദിക്കാനും ഉടമസ്ഥത നിലനിർത്താനുമുള്ള അവകാശം,

ഡി) അത്തരം വസ്തുക്കൾ നിയമാനുസൃതം ഭരിക്കാനും പരിപാലിക്കാനുമുള്ള അവകാശം.

സ്ഥാവര ജംഗമ വസ്തുക്കൾ സ്വന്തമാക്കിവയ്ക്കാനും സമ്പാദിക്കാനുമുള്ള അവകാശം മാത്രമല്ല ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്നത്; പ്രത്യുത, നിയമാനുസൃതം അവയെ ഭരിക്കാനുള്ള അവകാശവുമാണ്. ആർട്ടിക്കിൾ 26 ഉറപ്പു നല്കുന്ന മൗലികാവകാശങ്ങളെ, പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയൊഴികെ മറ്റൊരു കാരണത്തിന്റെയും പേരിൽ നിഷേധിക്കാനോ പരിമിതിപ്പെടുത്താനോ നിയന്ത്രിക്കാനോ സർക്കാരിനും നിയമനിർമ്മാണസഭയ്ക്കും അധികാരമില്ല. ബില്ലിന്റെ പ്രഖ്യാപിത ലക്ഷ്യം പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയുടെ സംരക്ഷണമല്ല. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള പ്രസ്താവനയിൽ പൊതുക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല. അതുകൊണ്ട്, തികച്ചും ഭരണഘടനാവിരുദ്ധമായ ഒരു നിയമമുണ്ടാക്കി ക്രൈസ്തവസഭകളുടെ ഭരണഘടനാദത്തമായ മൗലികാവകാശങ്ങളെ നിഷേധിക്കാനും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും മേൽ വിശ്വാസികളല്ലാത്തവരുടെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഗൂഢശ്രമം ഈ ബില്ലിനു പിന്നിലുണ്ട്. നിലവിൽ സഭവകസ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനവും, അത്തരം കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ വേദികളും ഇല്ല എന്ന കാരണമാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. ഇത് വസ്തുതാ വിരുദ്ധമാണ്. സഭാവസ്തുക്കളുടെ ഭരണത്തെയും കൈമാറ്റത്തെയും സംബന്ധിക്കുന്ന കാനൻ നിയമങ്ങളുണ്ട്. പ്രസ്തുത കാനൻ നിയമങ്ങളനുസരിച്ച് ഭരണം നടത്താൻ സഭയ്ക്ക് മൗലികാവകാശമുണ്ട്. കാനൻ നിയമത്തിലെ അത്തരം വ്യവസ്ഥകളും അവയുടെ പ്രയോഗവും പൊതുക്രമസമാധാനത്തിനും ധാർമികതയ്ക്കും ആരോഗ്യത്തിനും എതിരാണെങ്കിൽ മാത്രമേ സ്റ്റേറ്റിന് ഇടപെടാൻ കഴിയുകയുള്ളൂ. നിർദ്ദിഷ്ട ബില്ലിൽ അത്തരം ആരോപണങ്ങളൊന്നുമില്ല. മാത്രവുമല്ല, മതവിഭാഗങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യുന്നതിൽ രാജ്യത്തെ നിയമങ്ങളുടെ ലംഘനം എന്തെങ്കിലും ഉണ്ടായാൽ ഉചിതമായ നടപടികൾ സ്വീകരിക്കാൻ ഇപ്പോൾത്തന്നെ നിയമങ്ങളുണ്ട്.

സഭാസ്വത്തുക്കളുടെ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, ഇൻഹറിറ്റൻസ് മുതലായവയും ഫീസ്ഒടുക്കൽ, നികുതിഒടുക്കൽ എന്നിവയും അവയെ സംബന്ധിച്ച സിവിൽ നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ചാണ് നടത്തേണ്ടത്. ആ വകകാര്യങ്ങൾ പാലിക്കപ്പെടുന്നുമുണ്ട്. രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശിക്കുന്ന രജിസ്ട്രേഷനുകളും അനുവാദങ്ങളും ലഭ്യമാക്കിയും കാലാകാലങ്ങളിൽ നടപ്പിൽ വരുന്ന ഓഡിറ്റുനിയമങ്ങൾ കൃത്യമായി പാലിച്ചും ചട്ടപ്രകാരമുള്ള റിട്ടേണുകളും രേഖകളും സമർപ്പിച്ചും നിയമാനുസരണമുള്ള അടവുകളും ഫീസുകളും ഒടുക്കിയും രാജ്യത്തു നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടാണ് സഭാവകസ്വത്തുവകകൾ കൈകാര്യം ചെയ്യുന്നതും സ്ഥാപനങ്ങൾ നടത്തുന്നതും.

ഭരണഘടനയിലെ ആർട്ടിക്കിൾ 26-ന്റെ വെളിച്ചത്തിൽ മതവിഭാഗത്തിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കേണ്ടത് എങ്ങനെയെന്നും ആരെന്നും നിശ്ചയിക്കേണ്ടത് അതിലെ അംഗങ്ങളാണ്. സ്റ്റേറ്റിനോ ബാഹ്യശക്തികൾക്കോ ഇക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. സഭയുടെ ഏതെങ്കിലും ഒരംഗത്തിന് ഇപ്പോഴത്തെ വ്യവസ്ഥിതി തൃപ്തികരമല്ലെങ്കിൽ അയാൾ തന്റെ വീക്ഷണം സഭയെക്കൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിക്കണം. ഉചിതമായ വേദികളിൽ അത്തരം ആവശ്യങ്ങൾ ഉന്നയിക്കണം. അവയിൽ സഭയുടെ നിയമങ്ങൾ അധികാരപ്പെടുത്തിയിട്ടുള്ള വ്യക്തിയോ സംഘമോ തീരുമാനമെടുക്കണം. പാരിഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, ഫിനാൻസ് കൗൺസിൽ തുടങ്ങിയ സഭയ്ക്കുള്ളിലെ ജനാധിപത്യസംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം. അതിന് ശ്രമിക്കാത്ത സർക്കാരിന് ഇല്ലാത്ത അധികാരം ഉപയോഗിക്കാൻ സർക്കാരിനോട് അപേക്ഷിക്കുന്നത് ന്യായമല്ല; നീതിയല്ല, ജനാധിപത്യവിരുദ്ധവുമാണ്.

കൂടാതെ, ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയ സങ്കല്പം കുടുംബങ്ങൾ, സ്വകാര്യസ്ഥാപനങ്ങൾ, അസോസിയേഷനുകൾ, മതവിഭാഗങ്ങൾ എന്നിവയുടെ കാര്യത്തിൽ പൂർണമായും പ്രയോഗിക്കാൻ സാധ്യമല്ല. സഭയിലെ ഇപ്പോഴത്തെ സമ്പ്രദായം കാലത്തിന്റെ പരീക്ഷയ്ക്കു വിധേയമായിട്ടുള്ളതാണ്. സഭയുടെ ഏതെങ്കിലും അംഗീകൃതസമിതിയോ ഫോറമോ ബില്ലിൽ നിർദേശിച്ചിട്ടുള്ള പുതിയ സമ്പ്രദായം സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടില്ല. ഇത്തരം കാര്യങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ ആവശ്യമായി വന്നാൽ, അവ സംബന്ധിച്ചു തീരുമാനമെടുക്കേണ്ടത് സഭ തന്നെയാണ്.

കൂടുതൽ ജനാധിപത്യമോ കാര്യക്ഷമതയോ വളർത്താനെന്ന ഭാവേന പുതിയ നിയമനിർമാണം നടത്താൻ സ്റ്റേറ്റിന് അധികാരമില്ല. കൂടാതെ, ബില്ലിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ ഗുണത്തെക്കാൾ കൂടുതൽ ദോഷം ചെയ്യുമെന്നാണ് സഭാവിശ്വാസിക

ളുടെ നിരീക്ഷണം.

വഖഫ് ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സംവിധാനങ്ങളും അവയെ ബാധിക്കുന്ന നിയമങ്ങളും ചൂണ്ടിക്കാട്ടി ക്രൈസ്തവരുടെ കാര്യത്തിൽ സമാനസംവിധാനങ്ങൾ എന്തുകൊണ്ട് പാടില്ല എന്നു ചോദിക്കുന്നത് യുക്തിസഹമല്ല. വഖഫ് ബോർഡുകളും ദേവസ്വം ബോർഡുകളും സ്ഥാപിക്കപ്പെട്ട ചരിത്രപരമായ കാരണങ്ങളും സാഹചര്യങ്ങളുമല്ല ക്രൈസ്തവസഭകളുടെ സ്വത്തിന്റെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ നിലവിലുള്ളത്. ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള മതപരമായ അവകാശങ്ങളും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സുതാര്യവും നീതിപൂർവ്വകവുമായ ഭരണം ഉറപ്പാക്കുന്നതിനാവശ്യമായ സഭാനിയമങ്ങളും സിവിൽ നിയമങ്ങളും ക്രൈസ്തവ സഭകളുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും കാര്യത്തിൽ അത്തരം സംവിധാനങ്ങളെ അനാവശ്യവും അപ്രസക്തവുമാക്കുന്നു.

ഇപ്പോൾ നിർദേശിക്കപ്പെട്ട ബില്ല് നിയമമായിത്തീർന്നാൽ സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ സമാധാനപൂർണവും ക്രമാനുസൃതവുമായ ഭരണം തർക്കങ്ങൾകൊണ്ടും വ്യവഹാരങ്ങൾകൊണ്ടും നശിപ്പിക്കപ്പെടുമെന്നതിൽ സംശയമില്ല. സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഭരണം സഭാധികാരികളുടെ കൈയിൽ നിന്നെടുത്ത് സർക്കാരിന്റെ നിയന്ത്രണത്തിലാക്കുകയെന്ന ഗൂഢലക്ഷ്യം ഈ ബില്ലിന്റെ പിറകിലുണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇത്തരം ഒരു നിയമമുണ്ടാക്കുന്നതിന് സർക്കാരിനുതന്നെ ഉദ്ദേശ്യമില്ലെന്ന് ബന്ധപ്പെട്ടവർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ, ഭരണഘടനയുടെ ആർട്ടിക്കൾ 26 ഉറപ്പുനല്കുന്ന മൗലികാവകാശങ്ങളെ നിഷേധിക്കുന്നതും, ഭരണഘടനയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന മതനിരപേക്ഷതയുടെ ചൈതന്യത്തിനു നിരക്കാത്തതും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സമാധാനപൂർണമായ നടത്തിപ്പിന് വിഘാതമുണ്ടാക്കുന്നതുമായ ഇത്തരം ഒരു നിയമനിർമ്മാണ ശ്രമത്തിൽനിന്നും കേരളനിയമപരിഷ്കരണ കമ്മീഷൻ പിന്മാറണം.

നിയമ പരിഷ്കരണകമ്മീഷൻ പ്രസിദ്ധീകരിച്ച ബിൽ പ്രത്യക്ഷത്തിൽ നിരുപദ്രവമെന്നു തോന്നുമെങ്കിലും, അതിന്റെ പരിണിതഫലങ്ങൾ അതീവഗുരുതരമാണ്. ഇത്തരം ഒരു നീക്കം നിയമപരിഷ്കരണ കമ്മീഷനിൽ നിന്നുണ്ടായത് അങ്ങേയറ്റം നിർഭാഗ്യകരവും അപലപനീയവുമാണ്. എന്നിരുന്നാലും, കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരം സഭയുടെ നിലപാട് നിശ്ചിത സമയപരിധിക്കുള്ളിൽ കമ്മീഷനെ അറിയിക്കുന്നതാണ്. നിർദ്ദിഷ്ട ബിൽ നല്കുന്ന അപകടസൂചനകളും, ഉയർത്തുന്ന വെല്ലുവിളികളും മനസ്സിലാക്കി ജാഗ്രതയോടെ പ്രവർത്തിക്കാൻ മുഴുവൻ വിശ്വാസികളെയും പൊതുസമൂഹത്തെയും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു.

## ജനാധിപത്യവും മതേതരത്വവും ഭരണഘടനയുടെ പവിത്രതയും കാത്തുസൂക്ഷിക്കുന്നവർ അധികാരത്തിൽ വരണം: കെസിബിസി

### (17-ാം ലോകസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ)

2019 ഏപ്രിൽ11 മുതൽ മെയ് 19 വരെ ഏഴുഘട്ടങ്ങളായി നടക്കുന്ന 17-ാം ലോകസഭാ തിരഞ്ഞെടുപ്പ് ഭാരതത്തെ സംബന്ധിച്ച് സുപ്രധാനവും നിർണായകവുമാണ്.

രാജ്യത്തിന്റെ ജനാധിപത്യ മനസ്സ് വ്യക്തമായി പ്രകടമാക്കുന്നതിനുള്ള അവസരമാണ് പൊതുതിരഞ്ഞെടുപ്പുകൾ. ഭാരതത്തിന്റെ ഭരണഘടന വിഭാവനചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളിലേക്കും മൂല്യങ്ങളിലേക്കും രാജ്യത്തെ നയിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ സുപ്രധാനമായ പങ്കുവഹിക്കുന്നു. സ്വഭാവമഹിമയും സാമൂഹ്യ പ്രതിബദ്ധതയും ഭരണഘടനയോടും ഭരണഘടനാസ്ഥാപനങ്ങളോടും ആദരവുമുള്ള നേതാക്കൾ ഭരണത്തിന്റെ തലപ്പത്തു വരേണ്ടത് രാജ്യത്തിന്റെ ഭാവിക്കും എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനും അത്യന്താപേക്ഷിതമാണ്. ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയ പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമുള്ള പ്രാധാന്യവും വലുതാണ്. ഭരണഘടനയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ലക്ഷ്യങ്ങളുമായി ഒത്തുപോകുന്ന പ്രത്യയശാസ്ത്ര നിലപാടുകളാണ് രാഷ്ട്രീയ പാർട്ടികളെ




പ്രസക്തമാക്കുന്നത്. അക്രമരഹിതവും സമാധാനപൂർണവുമായ ജനജീവിതം ഉറപ്പുവരുത്താൻ രാഷ്ട്രീയ പാർട്ടികൾക്കു ചുമതലയുണ്ട്.

കത്തോലിക്കാസഭയ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക മുന്നണിയുമായോ രാഷ്ട്രീയ പാർട്ടിയുമായോ സ്ഥാനാർത്ഥിയുമായോ സവിശേഷബന്ധമോ പ്രത്യയശാസ്ത്ര ആഭിമുഖ്യമോ ഇല്ല. സഭാംഗങ്ങളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ സഭ ഇടപെടാറുമില്ല. എന്നാൽ ജനാധിപത്യവും മതേതരത്വവും ഉൾപ്പെടെ

യുള്ള ഭരണഘടനാ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സമഗ്രപുരോഗതിയും ഉറപ്പുവരുത്തുന്നതിനും അതിനു കഴിവുള്ള ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനും കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്. ദരിദ്രരോടും പാർശ്വവത്കരിക്കപ്പെട്ടവരോടുമുള്ള പ്രത്യേക പരിഗണനയും കരുതലും സഭയുടെ നയവും നിലപാടുമാണ്.

വൈവിധ്യമാർന്ന ജനസമൂഹങ്ങളും സാംസ്കാരിക പൈതൃകങ്ങളും ഭാഷകളുമുള്ള ഭാരതം ഒരു രാജ്യവും ഒറ്റ ജനതയുമായി മുന്നേറുന്നതിൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യസംവിധാനം മുഖ്യപങ്കു വഹിക്കുന്നു. ലോകരാജ്യങ്ങൾക്കിടയിൽ ഭാരതത്തിന് അഭിമാനാർഹമായ സ്ഥാനം നേടിത്തരുന്നതും ഈ ജനാധിപത്യ സംവിധാനം തന്നെയാണ്. കൃത്യസമയത്തു നടക്കുന്ന തിരഞ്ഞെടുപ്പുകൾ ഈ ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനശിലകളാണ്. എല്ലാ പൗരന്മാർക്കും തുല്യാന്തസ്സും പൗരാവകാശങ്ങളും ഉറപ്പുവരുത്തുന്ന ഭരണഘടന, ഒരാൾക്ക് ഒരു വോട്ട് എന്ന രീതിയിൽ പ്രായപൂർത്തി വോട്ടവകാശം ഏർപ്പെടുത്തിക്കൊണ്ട്, ഭരണഘടനയെയും ജനാധിപത്യത്തെയും സംരക്ഷിക്കാനും ശക്തിപ്പെടുത്താനുമുള്ള ഉത്തരവാദിത്വം ഓരോ പൗരനും നല്കിയിരിക്കുന്നു. ഈ ഉത്തരവാദിത്വ നിർവഹണത്തിൽ വീഴ്ച വരുത്താതെ, രാജ്യത്തിന്റെ ഭരണാധികാരികളെ തിരഞ്ഞെടുക്കാൻ ഓരോ പൗരനും കടമയുണ്ട്. തിരുസഭാംഗങ്ങളായ വോട്ടർമാർ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ കർത്തവ്യം ഉത്തരവാദിത്വത്തോടെയും വിവേകപൂർവവും നിർവഹിക്കണം.

ലോകത്തിലെ പല ജനാധിപത്യ രാജ്യങ്ങളും സമഗ്രാധിപത്യത്തിന്റെയും ഏകാധിപത്യത്തിന്റെയും പാതയിലേക്കുള്ള പ്രവണത കാട്ടുമ്പോഴും ഇന്ത്യ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും പാതയിൽ മുന്നേറുന്നു എന്നത് ഓരോ ഇന്ത്യൻ പൗരനെയും അഭിമാനപുളകിതനാക്കും. ഈ പാതയിൽ നിന്ന് ഇന്ത്യയെ വ്യതിചലിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകൾ ഒരു കാരണവശാലും പിന്തുണ അർഹിക്കുന്നില്ല. ഭരണഘടനയുടെ അടിസ്ഥാനശിലകളെ ഇളക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും രാഷ്ട്രീയ നിലപാടുകളെയും പ്രോത്സാഹിപ്പിക്കുന്ന വ്യക്തികളും രാഷ്ട്രീയ പാർട്ടികളും അധികാരത്തിൽ വരുന്നത് രാജ്യത്തിന് ആപത്തുണ്ടാക്കും. വിവിധ ഭരണഘടനാസ്ഥാപനങ്ങളുടെ സ്വതന്ത്രവും നിഷ്പക്ഷവുമായ പ്രവർത്തനം ഉറപ്പുവരുത്തേണ്ടത് ജനാധിപത്യമൂല്യങ്ങളുടെയും ഭരണഘടനയുടെയും സംരക്ഷണത്തിന് അനിവാര്യമാണ്.

ആഗോളവത്കരണത്തിന്റെ പശ്ചാത്തലത്തിൽ ലോകം വലിയ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയാണ്. കോർപറേറ്റ് ശക്തികൾ സാധാരണക്കാരെ ചൂഷണംചെയ്തു തടിച്ചുകൊഴുക്കുകയും ദരിദ്രർ കൂടുതൽ ദരിദ്രരാവുകയും ചെയ്യുന്നു. സമ്പന്നരെ മാത്രമല്ല സാധാരണക്കാരെയും കർഷകരെയും ആദിവാസികളെയും ദളിത് ജനവിഭാഗങ്ങളെയും കരുതുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന നയപരിപാടികൾ ഭരണകൂടം പിൻതുടരണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ദരിദ്ര ജനവിഭാഗങ്ങളുടെ പരാധീനതകൾ മനസ്സിലാക്കി സാമ്പത്തിക നയരൂപീകരണം നടത്തുകയും, രാജ്യം ഒരു സാമ്പത്തിക ശക്തിയായി വളരുന്നതോടൊപ്പം ഓരോ ഇന്ത്യക്കാരനും സാമ്പത്തിക സാമൂഹ്യരംഗങ്ങളിൽ വികസനത്തിന്റെ പ്രയോജനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഒരു ഇന്ത്യ വിഭാവനം ചെയ്യുന്നവരെയാണ് തിരഞ്ഞെടുക്കേണ്ടത്. പരിസ്ഥിതിയെയും പാവപ്പെട്ടവരെയും പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാവണം സർക്കാരിന്റെ വികസനനയം.

മനസ്സാക്ഷി സ്വാതന്ത്ര്യവും മതബോധവും മനുഷ്യന്റെ സാംസ്കാരിക വളർച്ചയിൽ മുഖ്യപങ്കാണു വഹിക്കുന്നത്. ഇന്ത്യയുടെ ഭരണഘടന ഉറപ്പു നല്കുന്ന മതസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുകയും, മനസ്സാക്ഷിയുടെ സ്വരത്തിനനുസരിച്ച് ജീവിതം ക്രമപ്പെടുത്തുന്നതിന് വ്യക്തികൾക്കും മതസമൂഹങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ചെയ്യണം. ഏതെങ്കിലും ഒരു മതത്തോടു പ്രത്യേക മമതയോ ഏതെങ്കിലും മതത്തിനെതിരേ വിവേചനമോ പുലർത്താതിരിക്കുകയും നിയമപരമായി എല്ലാവർക്കും തുല്യപരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്ന മതേതര സങ്കല്പമാണ് ഭാരതം ഉയർത്തിപ്പിടിക്കുന്നത്. മതത്തിന്റെ പേരിൽ ഉയർന്നുവരുന്ന എല്ലാ തീവ്രവാദ ഭീകരവാദ നിലപാടുകളെയും വിട്ടുവീഴ്ചയില്ലാതെ ചെറുത്തു തോല്പിക്കുന്നതോടൊപ്പം, എല്ലാ മത-സാംസ്കാരിക ധാരകളെയും രാഷ്ട്രപുരോഗതിക്കായി ചേർത്തു നിറുത്തുന്ന രാഷ്ട്രീയ നേതൃത്വമാണ് ഉണ്ടാകേണ്ടത്.

മതത്തിന്റെയോ ഭാഷയുടെയോ ജാതിയുടെയോ സമുദായത്തിന്റെയോ സമ്പത്തിന്റെയോ ഭക്ഷണരീതിയുടെയോ പേരിൽ സാമൂഹ്യവിവേചനത്തിനോ ശാരീരിക ആക്രമണത്തിനോ ഒരാളും ഇരയാകേണ്ടി വരരുത്. അക്രമ രാഷ്ട്രീയത്തിനു മുതിരുന്നത് ജനാധിപത്യസംസ്കാരത്തിൽ പതംവരാത്ത മനസ്സുകളാണ്. മനുഷ്യജീവന്റെ മൂല്യവും മഹത്ത്വവും ഉയർത്തിപ്പിടിക്കുന്നവരും ജനാധിപത്യ മര്യാദകളെ മാനിക്കുന്നവരുമാകണം ജനപ്രതിനിധികൾ. ചരിത്രത്തെ മുന്നോട്ടു നയിക്കുന്നത് സാമ്പത്തികഘടകങ്ങൾ മാത്രമല്ല, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുള്ള സാംസ്കാരിക ഇടപെടലുകളും രാഷ്ട്രീയ നിലപാടുകളും തീരുമാനങ്ങളും നടപടികളുമാണ്. അഴിമതിക്കും അക്രമത്തിനും സ്വജനപക്ഷപാതത്തിനും കൂട്ടുനില്ക്കാത്ത നേതാക്കൾ തിരഞ്ഞെടുക്കപ്പെടണം.

ഭാരതപൗരൻ എന്ന നിലയിൽ ഒരു വ്യക്തിക്കു കിട്ടേണ്ട ഭരണഘടനാപരമായ തുല്യതയും പരിഗണനയും ന്യൂനപക്ഷങ്ങൾക്ക് ആസൂത്രിതമായി

നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകരുത്. ഇന്ത്യയിൽ ദളിത് ക്രൈസ്തവർ ഇത്തരത്തിലുള്ള വിവേചനം അനുഭവിച്ചുവരുന്നു എന്നത് നിർഭാഗ്യകരമാണ്. ഇത്തരം വിവേചനങ്ങൾക്കെതിരേ നിലപാടെടുക്കാൻ കഴിയുന്ന രാഷ്ട്രീയപാർട്ടികളും വ്യക്തികളും അധികാരത്തിൽ വരേണ്ടത് നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ആവശ്യമാണ്.

പാശ്ചാത്യ രാജ്യങ്ങളെ അന്ധമായി അനുകരിക്കുന്ന നിയമനിർമാണം ഭാരതത്തിന്റെ സംസ്കൃതിക്കും സാമൂഹികജീവിതത്തിനും ചേരുന്നതല്ല. സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റായ കുടുംബത്തിന്റെ ഭദ്രതയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണവും സുരക്ഷിതത്വവും ഭരണകർത്താക്കൾ കണക്കിലെടുക്കണം. കുടുംബത്തിനു ശൈഥില്യമുണ്ടാക്കുന്ന നിയമനിർമാണശ്രമങ്ങൾ സമൂഹത്തിന്റെ സുസ്ഥിതിയെയും കെട്ടുറപ്പിനെയും ദോഷകരമായി ബാധിക്കും. ഭരണഘടനാമൂല്യങ്ങളോടൊപ്പം ധാർമ്മിക മൂല്യങ്ങളും മതബോധവും സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. അത്തരം മൂല്യങ്ങൾ സംരക്ഷിക്കുന്നവരാണ് ഭരണനേതൃത്വത്തിൽ വരേണ്ടത്.

പൗരസമൂഹങ്ങൾ തമ്മിൽ പരസ്പര ബഹുമാനവും സ്നേഹവും ഐക്യവും വളർത്തുന്നതിൽ ഭരണനേതൃത്വത്തിനുള്ള പങ്ക് സുപ്രധാനമാണ്. വൈവിധ്യത്തെ മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ സംസ്കൃതി കുടികൊള്ളുന്നത്. ഭാരതത്തിന്റെ സാംസ്കാരിക വൈവിധ്യത്തെ തകർക്കുന്നതോ ഏതെങ്കിലും ഒരു ഏകശിലാരൂപത്തിലേക്ക് ആവാഹിക്കാൻ ശ്രമിക്കുന്നതോ ആയ നീക്കങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അത് രാജ്യത്തിന്റെ അഖണ്ഡതയെയും നിലനില്പിനെത്തന്നെയും ദോഷകരമായി ബാധിക്കും. അതുകൊണ്ട് സംവാദത്തിന്റെയും സഹകരണത്തിന്റെയും പരസ്പര ശാക്തീകരണത്തിന്റെയും സമീപനം പുലർത്തുന്ന നേതാക്കളെയാണ് നമുക്കാവശ്യം.

തിരഞ്ഞെടുപ്പിന്റെ സമാധാനപൂർണമായ നടത്തിപ്പിനും രാജ്യത്തിന്റെ സുസ്ഥിതിക്കുമായി എല്ലാ വിശ്വാസികളും പ്രത്യേകം പ്രാർത്ഥന നടത്തുകയും പ്രായപൂർത്തിയായ എല്ലാവരും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുകയും വേണം. സമാധാനപൂർവകമായ പൗരജീവിതവും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക രംഗങ്ങളിൽ വളർച്ചയും രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങൾക്കുമുണ്ടാകട്ടെ! എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

---

## സന്ന്യാസ ജീവിതത്തെപ്പറ്റി തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരവേല അപലപനീയം: മേജർ സുപ്പീരിയർമാർ



**(കേരള കത്തോലിക്കാസഭയിലെ വിവിധ സന്ന്യാസസമൂഹങ്ങളിലെ മേജർ സുപ്പീരിയർമാരുടെ പിഒസിയിൽ ചേർന്ന സമ്മേളനം അംഗീകരിച്ച പ്രമേയം)**

വ്രതത്രയങ്ങളായ ദാരിദ്ര്യം, അനുസരണം, ബ്രഹ്മചര്യം എന്നിവ പൂർണ അറിവോടും ബോധ്യത്തോടും തികഞ്ഞ സ്വാതന്ത്ര്യത്തോടുംകൂടി ജീവിതക്രമമായി ഏറ്റെടുത്ത് ദൈവരാജ്യത്തെപ്രതി ജീവിതത്തെ പൂർണമായും പ്രാർത്ഥനയ്ക്കും മാനവസേവനത്തിനുമായി സമർപ്പിച്ചു സമൂഹജീവിതം നയിക്കുന്നവരാണ് സന്ന്യസ്തർ. കേരള കത്തോലിക്കാസഭയുടെ വിദ്യാഭ്യാസ-ആതുരശുശ്രൂഷാ മേഖലകളെയും സാമൂഹിക സേവനരംഗങ്ങളെയും കരുതലിന്റെ ശുശ്രൂഷാവേദികളും മികവിന്റെ കേന്ദ്രങ്ങളുമാക്കിത്തീർക്കുന്നതിൽ കേരളസഭയിലെ മുപ്പത്തിനാലായിരത്തോളം വരുന്ന സന്ന്യസ്തർ സുപ്രധാന പങ്കാണ് വഹിക്കുന്നത്. പൊതുസമൂഹം നല്കുന്ന സ്നേഹാദരങ്ങളിൽ ഞങ്ങൾക്ക് സന്തോഷവും കൃതജ്ഞതയുമുണ്ട്. എങ്കിലും സന്ന്യാസത്തെയും സമർപ്പിത ജീവിതത്തെയും വികലമായി ചിത്രീകരിക്കുകയും വിലകുറച്ചു കാണിക്കുകയും ചെയ്യുന്ന പ്രവണത സമീപകാലത്ത് കേരളത്തിന്റെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ വർധിച്ചു വരുന്നതിൽ ഞങ്ങൾക്ക് ആശങ്കയും പ്രതിഷേധവുമുണ്ട്. സന്ന്യാസജീവിതം നയിക്കുന്നവർ അരക്ഷിതരും അസംതൃപ്തരുമാണെന്ന് പ്രചരിപ്പിക്കാൻ ബോധപൂർവമുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്.

അടുത്തകാലത്ത് കേരളത്തിലുണ്ടായ ചില സംഭവങ്ങളും സന്ന്യാസവ്രതങ്ങളോടും നിയമങ്ങളോടും നീതിപുലർത്തി ജീവിക്കാൻ കഴിയാത്ത ചിലരുടെ വാക്കുകളും ഏറ്റെടുത്ത് അതിനെ സാമാന്യവത്കരിക്കുകയും സന്ന്യസ്തരുടെ ബ്രഹ്മചര്യസമർപ്പണത്തെയും അനുസരണത്തെയും അധിക്ഷേപിക്കുകയും അസത്യങ്ങളും അർധസത്യങ്ങളും ഉന്നയിച്ച് മാധ്യമ വിചാരണ നടത്തുകയും ചെയ്യുന്ന പ്രവണത വർധിച്ചുവരുന്നു. ആദിമക്രൈസ്തവരുടെ അരൂപിയിൽ എല്ലാവരും അധ്വാനിക്കുകയും സന്ന്യാസസമൂഹത്തിനുള്ള സകലതും പൊതുവായി കരുതി വ്യക്തിജീവിതത്തിൽ ദാരിദ്ര്യവും വിരക്തിയും പാലിക്കാൻ ശ്രമിക്കുകയും ചെയ്യുന്നത് ആധുനിക ലോകത്തിന് അവിശ്വസനീയമായി തോന്നുന്നുവെങ്കിൽ അതിനു സന്ന്യാസജീവിതത്തെയോ സഭയെയോ കുറ്റപ്പെടുത്തുന്നത് ശരിയല്ല. സിനിമയിലും സാഹിത്യത്തിലും സന്ന്യാസജീ

വിതത്തെ വികലമായി ചിത്രീകരിക്കുകയും സംസ്കാരത്തിനു യോജിക്കാത്തവിധം ദുഷ്പ്രചാരണം നടത്താൻ ചിലർ ബോധപൂർവം ശ്രമിക്കുകയും ചെയ്യുന്നത് ഏറെ വേദനാജനകമാണ്. എല്ലാ വെളിച്ചവും ഊതിക്കെടുത്തി ഇരുട്ടിനെ പ്രകീർത്തിക്കുന്നതല്ല, കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനമെന്ന് സമൂഹം തിരിച്ചറിയണം. ലോക മനസ്സാക്ഷിക്ക് നന്മതിന്മകളെക്കുറിച്ചുള്ള അറിവു പകരുന്നതിലും ചരിത്രത്തെ നയിച്ച നവോത്ഥാന പരിശ്രമങ്ങൾക്ക് നേതൃത്വം നല്കുന്നതിലും കത്തോലിക്കാസഭയിലെ സന്ന്യാസപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് കാണാതിരിക്കരുത്. സന്ന്യാസജീവിതത്തെപ്പറ്റി തെറ്റിദ്ധാരണയുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രചാരവേല അത്യന്തം അപലപനീയമാണ്.

സമകാലിക കേരളത്തിൽ പ്രത്യക്ഷപ്പെട്ട Save Our Sisters (SOS) എന്നൊരു സംഘടന കത്തോലിക്കാസഭയുടെയോ സമുദായത്തിന്റെയോ ഭാഗമല്ല. ചിലരുടെ സ്വാർത്ഥതാത്പര്യത്തെ മുൻനിർത്തിയും സഭയെ തകർക്കാൻ ആഗ്രഹിക്കുന്ന ബാഹ്യശക്തികളുടെ പിൻതുണയോടും കൂടി പ്രവർത്തിക്കുന്ന ഈ സംഘടനയെ ഞങ്ങൾ പൂർണമായും തിരസ്കരിക്കുന്നു. ഈ സംഘടനയുടെ സഹായവും സംരക്ഷണവും ഞങ്ങൾക്കാവശ്യമില്ല. കേരളത്തിലെ സമർപ്പിതർ, വിശിഷ്യ സന്ന്യാസിനികൾ നിസ്സഹായരും നിരാലംബരുമാണെന്ന മുൻവിധിയോടെ അവരെ രക്ഷിക്കാനെന്ന പേരിൽ തുടങ്ങിയിരിക്കുന്ന ഈ സംഘടന സത്യത്തിൽ, സന്ന്യാസത്തെയും സമർപ്പിതരെയും അവഹേളിക്കുകയാണ് ചെയ്യുന്നത്. ഈ ജീവിതത്തിലേക്ക് ഞങ്ങളെ നയിച്ച ദൈവത്തിന്റെയും അത്മായരുൾപ്പെടെയുള്ള വിശ്വാസസമൂഹത്തിന്റെയും സന്ന്യാസ സമൂഹത്തിന്റെയും സംരക്ഷണവും സുരക്ഷിതത്വവും വേണ്ടുവോളം ഞങ്ങൾക്കുണ്ട്. "കുരിശിന്റെ ഭോഷത്തം" (1 കോറി 1:8) ജീവിതത്തിന്റെ മാർഗമാക്കിയവരാണ് ഞങ്ങൾ സന്ന്യസ്തർ. ഞങ്ങളെ ലോകത്തിന്റെ പ്രവണതകൾക്കനുസരിച്ച് മാറ്റിയെടുക്കാനുള്ള ശ്രമം ശരിയല്ല. സന്ന്യസ്തരുടെ മനുഷ്യാവകാശത്തെയും വിമോചനത്തെയും കുറിച്ച് വാചാലരാകുന്ന മാധ്യമ പ്രവർത്തകരും മനുഷ്യാവകാശ പ്രവർത്തകരെന്നവകാശപ്പെടുന്നവരും ഇക്കാര്യം കാണാതിരിക്കരുത്. നിശ്ശബ്ദത ഞങ്ങളുടെ ആത്മീയതയുടെ ഭാഗമായിരിക്കെ, ആ നിശ്ശബ്ദതയെ ബലഹീനതയുടെ അടയാളമായി കണക്കാക്കി ഞങ്ങളെയും കത്തോലിക്കാസഭയെയും അവഹേളിക്കാൻ ഇനിയും ഇക്കൂട്ടർ തുനിയുകയാണെങ്കിൽ അതിനെതിരേ പരസ്യമായി പ്രതിഷേധിക്കാനും നിയമനടപടികൾ സ്വീകരിക്കാനും ഞങ്ങൾ നിർബന്ധിതരായിത്തീരും.

സന്ന്യാസസമൂഹങ്ങളുടെ നിയമാവലിപ്രകാരം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായ ഞങ്ങളിൽത്തന്നെയാണ് ഞങ്ങളുടെ സന്ന്യാസസമൂഹങ്ങളുടെ നയപരവും സാമ്പത്തികവും ഭരണപരവുമായ ഉത്തരവാദിത്വങ്ങൾ നിക്ഷിപ്തമായിരിക്കുന്നത്. ആയതിനാൽ, ഞങ്ങളെ വൈദികരുടെയോ മെത്രാന്മാരുടെയോ അടിമകളായി ചിത്രീകരിക്കുന്നത് അപലപനീയവും ഞങ്ങളെ ഇകഴ്ത്തുന്നതിന് തുല്യവുമാണ്. സന്ന്യാസ സമൂഹങ്ങളുടെ ആഭ്യന്തരകാര്യങ്ങളുടെ നടത്തിപ്പു പൂർണമായും സന്ന്യസ്തരിൽ നിക്ഷിപ്തമാണ്. അത്തരത്തിലാണ് കത്തോലിക്കാസഭയുടെ കാനോൻ നിയമം കൃത്യമായി സന്ന്യാസജീവിതത്തെ ക്രമീകരിച്ചിരിക്കുന്നത്.



സമർപ്പിത ജീവിതം നയിക്കുന്നവരിൽ ചിലർ മനുഷ്യസഹജമായ ബലഹീനതമൂലം സന്ന്യാസജീവിതത്തിന്റെ സംശുദ്ധി കൈവിടുന്നതു ഏറെ സങ്കടകരമായ കാര്യമാണ്. ആന്തരിക അപചയങ്ങൾ മൂടിവയ്ക്കുന്ന പ്രസ്ഥാനമല്ല കത്തോലിക്കാസഭയും സന്ന്യാസസമൂഹങ്ങളും. നിരന്തരമായ ആത്മശോധനയും പശ്ചാത്താപവും ജീവിത നവീകരണവും സഭയുടെയും സന്ന്യാസജീവിതത്തിന്റെയും ആന്തരിക ചൈതന്യവും ശൈലിയുമാണ്. സമർപ്പിതജീവിതം നയിക്കുന്നവരും മറ്റുപൗരൻമാരെപ്പോലെ രാജ്യത്തെ നിയമങ്ങൾക്കു വിധേയരാണ്. വ്രതവാഗ്ദാനങ്ങളനുസരിച്ച് ജീവിക്കാൻ പരാജയപ്പെട്ട ചിലർ ഒറ്റപ്പെട്ട സംഭവങ്ങളുടെ പേരിൽ പുരോഗമന പരിവേഷമണിഞ്ഞ് സഭയെയും സന്ന്യാസത്തെയും അധിക്ഷേപിക്കുന്ന പ്രവൃത്തിയെ ആദർശവത്ക്കരിക്കുന്ന പ്രവണത സഭയ്ക്കും സമൂഹത്തിനും അപകടകരമാണ്.

ആർഷഭാരതത്തിന്റെ ആത്മാവ് സന്ന്യാസജീവിതത്തിന്റെ മൂല്യങ്ങളോട് ചേർന്നുനില്ക്കുന്നതാണ് എന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം.

മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിനുവേണ്ടി വൈസ് പ്രസിഡന്റ് മദർ ലിറ്റിൽ ഫ്ളവർ എസ്.ഐ.സി. അവതരിപ്പിച്ച പ്രമേയം യോഗം അംഗീകരിച്ചു. കേരളത്തിലുള്ള മുപ്പത്തിനാലായിരത്തോളം വരുന്ന സന്ന്യസ്തരുടെ 274 മേജർ സുപ്പീരിയർമാരാണ് യോഗത്തിൽ സംബന്ധിച്ചത്. കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം യോഗം ഉദ്ഘാടനം ചെയ്തു. കെസിഎംഎസ് പ്രസിഡന്റ് റവ. ഡോ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ വി.സി. അധ്യക്ഷനായിരുന്നു. 'മാറുന്ന സംസ്കാരവും സന്ന്യാസജീവിതത്തിലെ പ്രതിസന്ധികളും' എന്ന വിഷയത്തിൽ ബിഷപ് ജോസഫ് പാംപ്ലാനിയും 'അച്ചടക്കം സഭയിലും സെക്കുലർ സമൂഹത്തിലും' എന്ന വിഷയത്തിൽ ജേക്കബ് പുന്നൂസ് ഐപിഎസും, 'സമകാലിക കേരളവും സാംസ്കാരിക പ്രതിസന്ധികളും' എന്ന വിഷയത്തിൽ ഡോ. അഗസ്റ്റിൻ സിഎസ്റ്റിയും പ്രബന്ധം അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് മോഡറേറ്ററായിരുന്നു.

# കെസിബിസി പ്രസ്താവനകൾ, വാർത്തകൾ

## മാണിസാർ: നീതിബോധത്തോടെ നിലകൊണ്ട മനുഷ്യസ്നേഹി



**കൊച്ചി:** കർഷകരുടെയും സാധാരണക്കാരുടെയും ജീവിതങ്ങളെ തൊട്ടറിഞ്ഞ സമുന്നതനായ രാഷ്ട്രീയ നേതാവായിരുന്നു ശ്രീ. കെ.എം. മാണി. അദ്ദേഹത്തിന്റെ നിര്യാണം രാഷ്ട്രീയ കേരളത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. കാർഷിക മേഖലയുടെ പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കി രാഷ്ട്രീയ നയപരിപാടികളിലൂടെയും സാമ്പത്തിക നടപടികളിലൂടെയും കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാൻ അദ്ദേഹം യത്നിച്ചു. എല്ലാ വിഭാഗം ജനങ്ങളോടും രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങൾക്കതീതമായ ബന്ധം പുലർത്തിയിരുന്ന മാണിസാർ, ക്രൈസ്തവ സമൂഹത്തോടും സഭാനേതൃത്വത്തോടും അടുത്ത ബന്ധം പുലർത്തിയിരുന്നു. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ തനതായ സംഭാവന നല്കുന്നതിന് മാണിസാറിന് സാധിച്ചു. സമുന്നതനായ രാഷ്ട്രീയക്കാരനായിരിക്കുമ്പോഴും, ആഴമായ ആധ്യാത്മിക ജീവിതത്തിനും മനുഷ്യസ്നേഹത്തിനും നീതിബോധത്തിനും ഉടമയായിരുന്നു മാണിസാർ. പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ കരുതലും കാരുണ്യവും എന്നും അനുസ്മരിക്കപ്പെടും. കേരളത്തിന്റെ മതേതര രാഷ്ട്രീയ മുഖമായിരുന്ന മാണിസാറിന്റെ നിര്യാണത്തിൽ കെസിബിസി അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## മാറുമറയ്ക്കൽ സമരം കുട്ടികൾ പഠിക്കേണ്ടെന്ന് കേന്ദ്ര സർക്കാർ, ചാന്നാർ ലഹള ഉൾപ്പെടുന്ന പാഠഭാഗങ്ങൾ എൻസിഇആർടി നീക്കം ചെയ്തു

**തിരുവനന്തപുരം:** മനുഷ്യനായി ജീവിക്കാനുള്ള അടിയാളന്റെ അവകാശസമരങ്ങൾ യുവതലമുറ പഠിക്കേണ്ടതില്ലെന്ന് ബിജെപി സർക്കാർ. കേരളത്തിന്റെ ജാതിവിരുദ്ധമുന്നേറ്റ ചരിത്രത്തിൽ നാഴികക്കല്ലായ മാറുമറയ്ക്കൽ സമരം ഒമ്പതാംക്ലാസ് ചരിത്ര പാഠപുസ്തകത്തിൽനിന്ന് എൻസിഇആർടി നീക്കം ചെയ്തു. ചാന്നാർ ലഹള പ്രതിപാദിക്കുന്ന വസ്ത്രധാരണത്തിന്റെ സാമൂഹ്യചരിത്രം (ക്ലോത്തിങ്: എ സോഷ്യൽ ഹിസ്റ്ററി) ഉൾപ്പെടെ മൂന്ന് അധ്യായങ്ങളാണ് പുസ്തകത്തിൽനിന്ന് നീക്കിയത്.

## പാഠപുസ്തകത്തിലെ മാറ്റം: നീക്കിയത് സ്ത്രീകൾ അന്തസ്സിനായി നടത്തിയ പോരാട്ടത്തെ- മുഖ്യമന്ത്രി

**തിരുവനന്തപുരം:** സ്ത്രീകൾ അന്തസ്സിനുവേണ്ടി നടത്തിയ പോരാട്ടത്തെ ചരിത്രത്തിൽനിന്നും പുറത്താക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ് കേന്ദ്ര സിലബസിൽനിന്നും പാഠഭാഗം ഒഴിവാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമഗ്ര ശിക്ഷാ അഭിയാൻ സംഘടിപ്പിച്ച പെൺകുട്ടികളുടെ സർഗസംഗമം 'ജ്വാല കനൽക്കൂട്ടം' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അറിയേണ്ട കാര്യങ്ങൾ മറച്ചുവയ്ക്കുകയാണ്. സ്ത്രീത്വത്തിന്റെ അന്തസ് ഉയർത്താൻ നടത്തിയ പോരാട്ടമാണ് ഒഴിവാക്കിയത്.

സ്ത്രീയെ അടിമയ്ക്കു സമാനമായി അടിച്ചമർത്താൻ ശ്രമിക്കുന്ന സ്ത്രീവിരുദ്ധശക്തികളുടെ ഇടപെടലാണ് പാഠഭാഗങ്ങൾ ഒഴിവാക്കിയിതിനു പിന്നിൽ. തങ്ങൾക്ക് അസുഖകരമായ ചിലഭാഗങ്ങൾ അടങ്ങിയിട്ടുണ്ടെന്നതാണ് പാഠഭാഗങ്ങൾ ഒഴിവാക്കാൻ കാരണം. സ്ത്രീകളുടെ പോരാട്ടങ്ങൾ ചരിത്രത്തിൽ എവിടെയും ഉണ്ടായിട്ടില്ലെന്നു വരുത്തിത്തീർക്കുകയാണ് ഉദ്ദേശം- മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

## ചരിത്രവസ്തുത തമസ്കരിക്കാനുള്ള നടപടി അപലപനീയം: കെസിബിസി ഐക്യ ജാഗ്രതാ കമ്മീഷൻ - കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

**കൊച്ചി:** ഒൻപതാം ക്ലാസിലെ എൻസിഇആർടി ചരിത്രപാഠപുസ്തകത്തിൽ കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ നിർണായക സ്വാധീനമുള്ള ചാന്നാർ സമരം പ്രതിപാദിക്കുന്ന വസ്ത്രധാരണത്തിന്റെ സാമൂഹ്യചരിത്രം ഉൾപ്പെടെ മൂന്ന് അധ്യായങ്ങൾ പാഠപുസ്തകത്തിൽനിന്നും പിൻവലിക്കാനുള്ള മാനവവിഭവശേഷി മന്ത്രിയുടെ നിർദേശം അപലപനീയമാണെന്ന് കെസിബിസി. ചരിത്രം അതിന്റെ തനിമയിൽ അറിയുവാനും പഠിക്കുവാനുമുള്ള വിദ്യാർഥികളുടെ അവകാശത്തെയാണ് ഇതുവഴി നിഷേധിക്കുന്നത്. കുട്ടികളുടെ പഠനഭാരം കുറയ്ക്കുവാനെന്ന വ്യാജേന നടത്തിയ ഈ നടപടി ചരിത്രസംഭവങ്ങളെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാൻ തയ്യാറാകാത്ത രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ മറ്റൊരു മുഖമായേ കാണാൻ പറ്റൂ. നവോത്ഥാനചരിത്രത്തിൽ ക്രൈസ്തവ മിഷണറിമാരുടെ സ്വാധീനത്തിൽ നടന്ന ചാന്നാർ മുന്നേറ്റമുൾപ്പെടെയുള്ള പാഠഭാഗങ്ങൾ ഒഴിവാക്കുന്നതിലൂടെ ഈ രംഗത്തുള്ള ക്രൈസ്തവ സംഭാവനകളെ തമസ്കരിക്കാനുള്ള നീക്കം കൂടിയാണിതെന്നു സംശയിക്കുന്നു. മനുഷ്യനെ മൃഗങ്ങളെപ്പോലെ സ്വന്തമാക്കി വയ്ക്കാനും പണിയെടുപ്പിക്കാനും ശിക്ഷിക്കാനും അധികാരമുണ്ടെന്നു കരുതിയ സവർണ ജന്മിത്തത്തിനെതിരേ ഒരു ജനവിഭാഗം തങ്ങളുടെ ശരീരത്തിന്മേലുള്ള സ്വയംനിർണയാവകാശം സ്വയം പ്രഖ്യാപിച്ച വിപ്ലവകരമായ മുന്നേറ്റമായിരുന്നു ചാന്നാർ സമരം. മനുഷ്യന്റെ അന്തസ്സ് അവനിൽത്തന്നെയാണ് കുടികൊള്ളുന്നതെന്നും, അത് നിഷേധിക്കാൻ മേലാളർക്കോ മതാചാരങ്ങൾക്കോ അധികാരമില്ലെന്നും പ്രഖ്യാപിച്ച ചരിത്രസംഭവമായിരുന്നു 'ചാന്നാർ ലഹള'യെന്നതും പുതുതലമുറ അറിയേണ്ടതാണ്. ദേശീയതലത്തിൽ വിദ്യാഭ്യാസ വിദഗ്ധർ ഉൾപ്പെടുന്ന പാഠപുസ്തകസമിതി വിശദമായി പഠിച്ചു തയ്യാറാക്കിയ ഈ പാഠഭാഗങ്ങൾ ഏകപക്ഷീയമായി ഒഴിവാക്കാനുള്ള തീരുമാനം പിൻവലിക്കണമെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ കൂടിയ കെസിബിസി വിദ്യാഭ്യാസകമ്മീഷന്റെയും ഐക്യ ജാഗ്രതാ കമ്മീഷന്റെയും സംയുക്ത യോഗം ആവശ്യപ്പെട്ടു. **(20/3/2019)**

**തിരുക്കർമ്മങ്ങളുടെ വികലമായ ചിത്രീകരണം പ്രതിഷേധാർഹം: കെസിബിസി ഐക്യജാഗ്രതാക മ്മീഷൻ-മീഡിയാകമ്മീഷൻ**

**കൊച്ചി:** കുമ്പസാരം എന്ന കൂദാശയെ വികലമായി ചിത്രീകരിക്കുകയും ആഴമായി പരിഹസിക്കുകയും ചെയ്തുകൊണ്ട് മലയാളത്തിലെ ഒരു വിനോദ ചാനൽ സംപ്രേഷണം ചെയ്ത "തകർപ്പൻ കോമഡി" എന്ന പരിപാടിയുടെ 134-ാം എപ്പിസോഡ് മതേതരസംസ്കാരത്തെ അവഹേളിക്കുന്നതും മതവികാരങ്ങളെ വ്രണപ്പെടുത്തുന്നതും തികച്ചും പ്രതിഷേധാർഹവുമാണെന്ന് കെസിബിസി ഐക്യജാഗ്രതാ-മീഡിയാകമ്മീഷനുകൾ. വിശ്വാസികൾ വളരെ ആദരവോടും വിശുദ്ധിയോടും കൂടി അനുഷ്ഠിച്ചുവരുന്ന കുമ്പസാരം എന്ന ദൈവിക കൂദാശയെയും വിശ്വാസികളെയും വൈദികരെയും തമാശരൂപേണ ചിത്രീകരിച്ചുകൊണ്ടുള്ള വികലമായ ഈ കലാസൃഷ്ടി തീർത്തും അപഹാസ്യവും സമൂഹമനസ്സാക്ഷിക്ക് ആഴത്തിൽ മുറിവുണ്ടാക്കുന്നതുമാണ്. ആവിഷ്കാരസ്വാതന്ത്ര്യം എന്ന അവകാശവാദം ഉന്നയിക്കാമെങ്കിലും ജനവികാരത്തെയും മതാനുഷ്ഠാനങ്ങളെയും അപമാനിക്കുന്ന ഇത്തരം പ്രവണതകൾ ആശാസ്യമല്ല.

സമീപകാലത്ത് കലാസാംസ്കാരിക രംഗങ്ങളിൽ സഭയെ അവഹേളിക്കുന്ന പ്രവണത വർധിച്ചുവരുന്നതിനെ കത്തോലിക്കാസഭ ഉത്ക്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്. ഈ നിർഭാഗ്യകരമായ പ്രവൃത്തിയിൽ കത്തോലിക്കാസഭയ്ക്കുള്ള വേദനയും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് ഇത്തരം ഭ്രാന്തമായ സൃഷ്ടികൾ സംപ്രേഷണം ചെയ്തതിൽ ചാനലിന്റെ ഉത്തരവാദിത്വപ്പെട്ടവർക്ക് കനത്ത ജാഗ്രതകുറവാണ് ഉണ്ടായതെന്ന് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അധ്യക്ഷതയിൽ പി.ഒ.സി.യിൽ ചേർന്ന കെസിബിസി മീഡിയാ കമ്മീഷന്റെയും ജാഗ്രതാസമിതിയുടെയും സംയുക്ത സമ്മേളനം കുറ്റപ്പെടുത്തി. **(27/3/2019)**

**കെ.ഇ.ആർ ഭേദഗതി**

**അദ്ധ്യാപകനിയമനങ്ങൾ സർക്കാർ ഏറ്റെടുക്കാൻ ശ്രമിക്കുന്നു - കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

കേരള വിദ്യാഭ്യാസചട്ടങ്ങളിൽ ഏകപക്ഷീയമായ ഭേദഗതികൾ വരുത്തി വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ സർക്കാർ സങ്കീർണ്ണമാക്കുകയാണെന്ന് കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതി കുറ്റപ്പെടുത്തി. 2016 മുതൽ പ്രതിഫലം ലഭിക്കാത്ത അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തുടനീളം നടന്ന പ്രക്ഷോഭങ്ങൾക്കു ശേഷം 2019 ഫെബ്രുവരി 28ന് സർക്കാർ കൊണ്ടുവന്ന ഭേദഗതികൾ ന്യൂനപക്ഷവിദ്യാഭ്യാസ അവകാശങ്ങൾക്കു നേരെയുള്ള വെല്ലുവിളിയാണ്. പുതിയ ഭേദഗതിയനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ എയ്ഡഡ് സ്കൂളുകളിലേയും അധിക തസ്തികകളിലെ 50% നിയമനങ്ങൾ സർക്കാർ ഏറ്റെടുക്കുകയാണ്. ഹ്രസ്വകാല അവധി ഒഴിവുകളിലും പ്രൊട്ടക്ടഡ് അധ്യാപകരെ നിയമിക്കണമെന്ന് നിർദ്ദേശിക്കുന്ന കെ.ഇ.ആർ. ഭേദഗതി 1979നു ശേഷം സ്ഥാപിതമായ വിദ്യാലയങ്ങളിലെ ഒരു റഗുലർ തസ്തികയും ഏറ്റെടുക്കുന്നു. ഇതു വഴി 2016-17 വർഷം മുതൽ പുതിയ സ്കൂൾ / പുതിയ ഡിവിഷൻ വേക്കൻസികളിൽ നിയമിതരായ എല്ലാ അദ്ധ്യാപകരുടെയും നിയമനാംഗീകാരം ഇല്ലാതാക്കിയിരിക്കുകയാണ്. വിവിധ കോർപ്പറേറ്റ് മാനേജ്മെന്റുകളിലെ അധികം വരുന്ന അധ്യാപകരെ അതേ മാനേജ്മെന്റുകൾ തന്നെ അവരുടെ മറ്റു വിദ്യാലയങ്ങളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. പ്രൊട്ടക്ടഡ് അധ്യാപകരെ പുനർ വിന്യസിക്കാനെന്ന പേരിൽ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകനിയമനങ്ങൾ, പിൻവാതിലിലൂടെ സർക്കാർ ഏറ്റെടുക്കാൻ ശ്രമിക്കുകയാണ്. കർഷക ആത്മഹത്യകൾ പെരുകുന്ന നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി ശമ്പളം കിട്ടാത്ത അധ്യാപകരെകൂടി ആത്മഹത്യയിലേക്ക് തള്ളിവിടുന്നതാണ് സർക്കാരിന്റെ നയസമീപനങ്ങൾ.

സർക്കാരിന്റെ ന്യൂനപക്ഷവിരുദ്ധവും ഭരണഘടനാവിരുദ്ധവുമായ വിദ്യാഭ്യാസ നയങ്ങളെ കുറിച്ച് വിലയിരുത്താനും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യാനും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാനനേതൃയോഗം മാർച്ച് 11 തിങ്കളാഴ്ച ഉച്ചയ്ക്ക് 1.30ന് പാലാരിവട്ടം പി.ഒ.സി.യിൽ ചേരുമെന്ന് കെസിബിസി വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡന്റ് സാലു പതാലിൽ, ജനറൽ സെക്രട്ടറി ജോഷി വടക്കൻ എന്നിവർ അറിയിച്ചു. **(8/3/2019)**

**ജീവൻ സംരക്ഷിക്കാൻ സർക്കാരിന് ഉത്തരവാദിത്വമുണ്ട്: കെസിബിസി പ്രോ ലൈഫ് സമിതി**

**കൊച്ചി:** രാഷ്ട്രീയ കൊലപാതകങ്ങളും കർഷക ആത്മഹത്യകളും വർധിക്കുമ്പോൾ വ്യക്തികളുടെ ജീവനും സ്വത്തും സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്തം സർക്കാരിനുണ്ടെന്നു കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ഫാ. വർഗീസ് വള്ളിക്കാട്ട് പറഞ്ഞു. അപരന്റെ ആശയങ്ങളോടു വ്യത്യസ്ത നിലപാട് സ്വീകരിക്കുമ്പോഴും അയാളുടെ ജീവൻ സംരക്ഷിക്കുവാനുള്ള ബാധ്യത ഓരോരുത്തർക്കുമുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കെസിബിസി പ്രോ ലൈഫ് സമിതി എറണാകുളം മേഖലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡന്റ് സാബു ജോസ് അധ്യക്ഷത വഹിച്ചു.

**മദ്യനയം മുതലാളിമാരുടെ ഗുണത്തിന് മാത്രം: വി.എം.സുധീരൻ**

**കൊച്ചി:** ജന നന്മയല്ല, മുതലാളിത്ത നന്മയാണു മദ്യവിഷയത്തിൽ സർക്കാർ നയമെന്ന് വി.എം. സുധീരൻ. കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർക്കാരിന്റെ മദ്യനയം ജീവിത നിലവാരം പിന്നോട്ടു തള്ളുന്നു. പാവങ്ങളുടെ ജീവിതനിലവാരം ഉയരുന്നില്ല. മുതലാളിമാർ ഉയർച്ച നേടുന്നു. രക്ഷകരാകേണ്ട ഭരണഘടനാ സ്ഥാപനങ്ങൾ സംഹാരകരാകുന്നു. എക്സൈസ് കമ്മീഷണർ ഋഷിരാജ് സിങ് കാപട്യക്കാരനാണ്. മദ്യം ലഭിക്കാത്തതാണു ലഹരിമരുന്നു വ്യാപനത്തിനു കാരണമെന്ന് അദ്ദേഹം പ്രചരിപ്പിച്ചു. എന്നാൽ, മദ്യം സുലഭമായപ്പോൾ ലഹരിമരുന്നു

വ്യാപകമായി സുധീരൻ പറഞ്ഞു. **(ദീപിക, 24/3/2019)**

**ദളിത് ക്രൈസ്തവരുടെ സെക്രട്ടറിയേറ്റ് മാർച്ചിൽ പ്രതിഷേധം ഇരമ്പി**

**തിരുവനന്തപുരം:** കൗൺസിൽ ഓഫ് ദളിത് ക്രിസ്ത്യൻസ് (സിഡിസി) കേരളയുടെ ആഭിമുഖ്യത്തിൽ ദളിത് ക്രൈസ്തവർ സെക്രട്ടറിയേറ്റ് മാർച്ചും ധർണയും നടത്തി. തെരഞ്ഞെടുപ്പു വരുമ്പോൾ മുന്നണികൾ നല്കിയ മോഹന വാഗ്ദാനങ്ങളൊന്നും ഇതേവരെ നടപ്പിലാക്കിയില്ലെന്ന് മാർച്ച് ഉദ്ഘാടനം ചെയ്ത സിഎസ്ഐ കൊല്ലം കൊട്ടാരക്കര മഹായിടവക ബിഷപ് റവ. ഡോ. ഉമ്മൻ ജോർജ് പറഞ്ഞു. ദളിത് ക്രൈസ്തവരുടെ ആവശ്യങ്ങൾ നേടാനായി സമാധാനപരമായി സമരം ചെയ്യുന്നതു സമാധാനം ആഗ്രഹിക്കുന്നതുകൊണ്ടാണ്. സമരത്തിൽനിന്നു പിന്നോട്ടു പോകുന്ന പ്രശ്നമില്ല. വിദ്യാഭ്യാസം നേടുന്നതിനു സാമൂഹ്യവ്യവസ്ഥിതി മൂലം തടസമുണ്ടായിരുന്ന കാലത്ത് അറിവു നേടിയവരാണ് ഇപ്പോൾ ബുദ്ധിമുട്ട് അനുഭവിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. **(ദീപിക, 24/3/2019)**

**ഇടവകകളിലെ അവധിക്കാല പരിശീലന സമയം പുനഃക്രമീകരിക്കണം: കെസിബിസി**

**കൊച്ചി:** സംസ്ഥാനത്തു വർധിച്ചുവരുന്ന താപനില പരിഗണിച്ച് കുട്ടികൾക്കായി ഇടവകകളിൽ നടത്തിവരുന്ന അവധിക്കാല പരിശീലന പരിപാടികൾ മാറ്റിവയ്ക്കുകയോ രാവിലെ 10-നുമുമ്പ് അവസാനിക്കത്തക്ക വിധത്തിലോ, വൈകുന്നേരം 4-ന് ശേഷം നടത്തത്തക്ക വിധമോ പുനഃക്രമീകരിക്കണമെന്ന് കെസിബിസി പ്രിസഡന്റ് ആർച്ചുബിഷപ് ഡോ. എം. സൂസൈപാക്യം അറിയിച്ചു. ഇക്കാര്യത്തിൽ കുട്ടികളുടെ സുരക്ഷിതത്വം ഏറ്റവും പ്രധാനമായി കരുതി ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ എല്ലാ രൂപതകളും ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

**പെസഹാവ്യാഴം, ദു:ഖവെള്ളി ദിനങ്ങളിലെ മൂല്യനിർണയ ക്യാമ്പ് റദ്ദാക്കണം: കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്**

**കൊച്ചി:** പെസഹാവ്യാഴം ദുഃഖവെള്ളി ദിനങ്ങളിലെ ഹയർ സെക്കൻഡറി മൂല്യനിർണയ ക്യാമ്പ് നടത്താനുള്ള സംസ്ഥാന ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെ തീരുമാനം അത്യന്തം വേദനാജനകവും പ്രതിഷേധാർഹവുമാണെന്നു കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതി. ഡ്യൂട്ടിക്ക് ഹാജരാകാത്തവർക്കെതിരെയും ഇടവിട്ട ദിവസങ്ങളിൽ വരുന്നവർക്കെതിരെയും നടപടി ഉണ്ടാകുമെന്ന ഭീഷണിയും ആശങ്കാജനകമാണ്. ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തിലും വിദ്യാഭ്യാസ അവകാശങ്ങളിലും നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ കേന്ദ്രസർക്കാരും സംസ്ഥാനസർക്കാരും മത്സരിക്കുകയാണ്.

കേന്ദ്രഭരണ പ്രദേശങ്ങളിൽ ദുഃഖവെള്ളി യാഴ്ചകളിലെ അവധി റദ്ദാക്കിയതും 13 സംസ്ഥാനങ്ങളിൽ പെസഹാ വ്യാഴാഴ്ച തെരഞ്ഞെടുപ്പ് നടത്തുന്നതും ക്രൈസ്തവസമൂഹത്തോടുള്ള വെല്ലുവിളിയാണ്.

**ഇന്ത്യയിലെ ബാലമരണങ്ങളിൽ മിക്കതും ഒഴിവാക്കാവുന്നത്**

**പ്രധാനകാരണങ്ങൾ പകർച്ചവ്യാധി, മുങ്ങിമരണം, റോഡപകടം**

**51% മരണവും സാംക്രമിക രോഗങ്ങളാൽ**

**കൊച്ചി:** രാജ്യത്തെ അഞ്ചുമുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ ഉയർന്ന മരണനിരക്ക് ഒഴിവാക്കാനാകുന്നതാണെന്ന് പഠനം റിപ്പോർട്ട്. പകർച്ചവ്യാധികൾ, മുങ്ങിമരണം, അപകടങ്ങളിലെ പരിക്ക്, അർബുദം തുടങ്ങിയവയാണ് ഇന്ത്യയിൽ കുട്ടികളുടെ മരണനിരക്ക് കൂടാൻ കാരണമെന്നാണ് റിപ്പോർട്ടിൽ പറയുന്നു. ആരോഗ്യമാസികയായ 'ലാൻസെറ്റി'ലാണ് പഠനം പ്രസിദ്ധീകരിച്ചത്. അഞ്ചുവയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ മരണനിരക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും അതിന് മുകളിൽ പ്രയാമുള്ള കുട്ടികളുടെ കാര്യത്തിൽ കാര്യമായ ശ്രമങ്ങൾ നടക്കുന്നില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യ, ചൈന, ബ്രസിൽ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങളിലാണ് ബലമരണങ്ങൾ കൂടുതൽ ഈ നാലുരാജ്യങ്ങളിലെ 2,44,401 ബാലമരണ കാരണങ്ങളാണ് ഗവേഷകൻ വിലയിരുത്തിയത്. ഇതിൽ ഇന്ത്യയിലുണ്ടായ ബാലമരണങ്ങളിൽ വലിയൊരുപങ്ക് ന്യൂമോണിയ, ക്ഷയം തുടങ്ങിയവ മൂലമാണ്. **(മാതൃഭൂമി, 20/3/2019)**

**നൈജീരിയൻ തീവ്രവാദികൾ 200 ക്രൈസ്തവരെ കൊലപ്പെടുത്തി**

**അബൂജ:** നൈജീരിയയിലെ കഡൂനാ സ്റ്റേറ്റിൽ ക്രൈസ്തവർക്ക് എതിരേയുള്ള ആക്രമണം ശക്തമായി. ഫുലാനി മുസ്ലീം ജിഹാദിസ്റ്റുകൾ നടത്തിയ ആക്രമണത്തിൽ ഒരു മാസത്തിനുള്ളിൽ 200 ക്രൈസ്തവർക്കു ജീവഹാനി നേരിട്ടതായി ക്രിസ്ത്യൻ പോസ്റ്റ് റിപ്പോർട്ടു ചെയ്തു. കുപ്രസിദ്ധ ബൊക്കോ ഹറാം ഭീകരപ്രസ്ഥാനത്തേക്കാൾ വലിയ ഭീഷണിയായി മാറിയിരിക്കുകയാണ് ഫുലാനി ജിഹാദിസ്റ്റുകൾ. അക്രമികളെ അമർച്ച ചെയ്യുന്നതിനും ക്രൈസ്തവർക്കു സംരക്ഷണം നല്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ ശ്രമം ഉണ്ടാവുന്നില്ലെന്ന് ആംഗ്ലിക്കൽ ബിഷപ് ഡോ. ബഞ്ചമിൻ ആർഗാക് കാഷി പറഞ്ഞു. **(ദീപിക, 19/3/2019)**

**ജീവിക്കണോ? എങ്കിൽ സർവലോക കർഷകരേ സംഘടിക്കുവിൻ: ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**

**കോഴിക്കോട്:** സർക്കാരുകളുടെ അവഗണന മറികടന്നു ജീവിക്കണമെങ്കിൽ രാജ്യത്തെ മുഴുവൻ കർഷകരും ഒറ്റക്കെട്ടായി സംഘടിക്കണമെന്ന് കോഴിക്കോട് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ. "സർവലോക തൊഴിലാളികളേ സംഘടിക്കുവിൻ എന്ന പഴയ മുദ്രാവാക്യം മാറ്റിയെഴുതാൻ അദ്ദേഹം ആഹ്വാനം ചെയ്തു. സർവലോക കർഷകരേ സംഘടിക്കുവിൻ, നിങ്ങൾക്ക് നഷ്ടപ്പെടാനൊന്നുമില്ല. കിട്ടാനുള്ളത് പുതിയ ആകാശവും പുതിയ ഭൂമിയുമായിരിക്കും". കർഷകർ നേരിടുന്ന കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് സംയുക്ത കർഷക സംഘടനകളുടെ നേതൃത്വത്തിൽ

കളക്ടറേറ്റിലേക്ക് നടത്തിയ കർഷക അവകാശ സംരക്ഷണ റാലിയും കർഷക മഹാസംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. **(ദീപിക, 21/3/2019)**

**'ഭാരത് മാതാ കീ ജയ്' വിളി മാത്രമല്ല രാജ്യ സ്നേഹം: ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു**

**ന്യൂഡൽഹി:** കപട രാജ്യസ്നേഹം കാട്ടി സമൂഹത്തിൽ വേർതിരിവ് സൃഷ്ടിക്കുന്നവർക്കെതിരെ കടുത്ത വിമർശനവുമായി ഉപരാഷട്രപതി എം. വെങ്കയ്യ നായിഡു 'ഭാരത് മാതാ കീ ജയ്' എന്നി വിളിക്കുന്നതു മാത്രമല്ല രാജ്യസ്നേഹമെന്നും മതത്തിന്റെയും ജാതിയുടെയും പേരിൽ വേർതിരിവുണ്ടാക്കുന്നവർ അങ്ങനെ വിളിക്കുന്നതിൽ അർഥമില്ലെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരും ജയിക്കട്ടെ എന്ന ചിന്തയാണ് ശരിയായ രാജ്യസ്നേഹമെന്ന് ഡൽഹി സർവകലാശാലയിൽ നടന്ന വിദ്യാർഥി സംഗമത്തിൽ അദ്ദേഹം ഓർമിപ്പിച്ചു. **(ദീപിക, 25/3/2019)**

**കന്യാമറിയത്തിന്റെ ഭവനത്തിൽ നിന്ന് യുവാക്കൾക്കായി ചരിത്രരേഖ** (Christus Vivit)

**ലൊറേറ്റോ (ഇറ്റലി):** യുവജനങ്ങൾക്കായുള്ള ചാക്രിക ലേഖനത്തിൽ ഒപ്പുവയ്ക്കാൻ ഫ്രാൻസിസ് മാർപാപ്പ തിരഞ്ഞെടുത്തത് യേശുവിന്റെ അമ്മയായ കന്യാമറിയത്തിന്റെ ഭവനം. ലോകമെങ്ങുമുള്ള യുവജനങ്ങളുടെ വീടായതുകൊണ്ടാണ് ചരിത്രപ്രധാനമായ രേഖ ഒപ്പുവയ്ക്കാൻ ഇവിടം തിരഞ്ഞെടുത്തതെന്ന് മാർപാപ്പ പറഞ്ഞു. നസ്രത്തിൽ കന്യാമറിയം വസിച്ചിരുന്ന വീടാണിതെന്നും യേശുവിന്റെ ജനനം മാലാഖ മറിയത്തെ അറിയിച്ചത് ഇവിടെയാണെന്നുമാണ് വിശ്വാസം.

ഇപ്പോൾ ലൊറേറ്റോ കത്തീഡ്രലിന്റെ ഭാഗമായ ഈ ചെറുകല്പ്പര വിശുദ്ധ നാട്ടിൽ നിന്ന് കുരിശുയുദ്ധ കാലത്ത് നശിപ്പിക്കപ്പെടാതെ കാത്തുസൂക്ഷിച്ച് മാലാഖമാർ ഇവിടെ പറന്നെത്തിച്ചെന്നു വിശ്വാസം. ഇറ്റലിയിൽ ഏറ്റവുമധികം തീർഥാടകർ എത്തുന്നയിടമാണിത്. 13-ാം നൂറ്റാണ്ടിൽ എയ്ഞ്ചേലി എന്ന സമ്പന്ന കുടുംബം കപ്പലിലാണ് 'പറക്കു വീട്' ഇവിടെ എത്തിച്ചതെന്നു പറയപ്പെടുന്നു. കഴിഞ്ഞ ഒക്ടോബറിൽ വത്തിക്കാനിൽ നടന്ന മെത്രാന്മാരുടെ സിനഡ് തീരുമാനം ഉൾക്കൊള്ളുന്നതാണ് പുതിയ ചാക്രിക ലേഖനം. യുവജനങ്ങൾക്കും സ്ത്രീകൾക്കും സഭാ കാര്യങ്ങളിൽ കൂടുതൽ പങ്കാളിത്തം. ഭിന്നലിംഗക്കാരോട് സൗഹൃദ സമീപനം. സഭയെ ഉലച്ച ലൈംഗിക പീഡന വിവാദങ്ങൾ നേരിടുന്നതിനുള്ള മാർഗരേഖ എന്നിവയടങ്ങുന്നതാണിത്. പുതിയ കാലത്തെ യുവജനങ്ങളെ നയിക്കണമെന്ന് അജപാലന മാർഗരേഖയും, സ്പാനിഷ് ഭാഷയിലുള്ള ചാക്രിക ലേഖനത്തിന്റെ പരിഭാഷ ഉടൻ ലഭ്യമാകും. യുവാക്കൾക്കുള്ള സുപ്രധാന രേഖയിൽ കന്യാമറിയത്തിന്റെ ഭവനത്തിൽ വച്ച് ഒപ്പുവയ്ക്കുന്നതിന് മംഗലവാർത്ത തിരുനാൾ ദിനത്തിൽ മാർപാപ്പ പ്രത്യേകം തിരഞ്ഞെടുക്കുകയായിരുന്നു. **(ദീപിക, 26/3/2019)**

**കർഷകരുടെ കടങ്ങൾ സർക്കാർ എഴുതിത്തള്ളണം: ആർച്ചുബിഷപ് മാർ ജോർജ് ഞരളക്കാട്ട്**

**തലശേരി:** വൻകിടക്കാരുടെ കോടിക്കണക്കിന് രൂപ എഴുതിത്തള്ളുന്ന സർക്കാരുകൾ പാവപ്പെട്ട കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയാറാകണമെന്ന് തലശേരി ആർച്ചുബിഷപ് മാർ ജോർജ് ഞരളക്കാട്ട്. ഇൻഫാം സംസ്ഥാന നേതൃസമ്മേളനം തലശേരി സന്ദേശ് ഭവൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. എല്ലാ രംഗത്തും കർഷകൻ അവഗണിക്കപ്പെടുകയാണ്. ദുരിതത്തിലായ കർഷകരെ രക്ഷിക്കാനുള്ള ശ്രമം ഒരുഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഒരുമിച്ചുനിന്ന് പോരാടിയാൽ മാത്രമേ കർഷകർക്ക് വിജയം കൈവരിക്കാനാകുകയുള്ളൂ. വോട്ട് തേടിയെത്തുന്ന രാഷ്ട്രീയക്കാർക്ക് കർഷകരെ ആവശ്യമില്ലെന്ന മനോഭാവമാണുള്ളത്. ഏതു പ്രതിസന്ധിയിലും കർഷകർ കൃഷിരംഗത്തുനിന്നു പിന്മാറരുതെന്നും മാർ ഞരളക്കാട്ട് പറഞ്ഞു. **(ദീപിക, 26/3/2019)**

**രാഷ്ട്രീയ പ്രകടനപത്രികയ്ക്കു ബദലായി ഇൻഫാം കർഷകപത്രിക**

**കോട്ടയം:** പൊതുതെരഞ്ഞെടുപ്പ് ലക്ഷ്യം വച്ചു രാഷ്ട്രീയനേതൃത്വങ്ങളും മുന്നണികളുമിറക്കുന്ന പ്രകടന പത്രികയ്ക്കു ബദലായി ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ് (ഇൻഫാം) കർഷക പത്രികയുമായി രംഗത്ത്. കടക്കെണിയും വിലത്തകർച്ചയുംമൂലം മനംമടുത്തു ജീവൻ വെടിഞ്ഞ ആയിരക്കണക്കായ കർഷക സഹോദരങ്ങളുടെ ചുടുരക്തത്തിലും ശവക്കൂനയിലും ചവിട്ടിനിന്നാണ് തെരഞ്ഞെടുപ്പിനെ വരവേല്ക്കുന്നതെന്നു മറക്കരുതെന്ന് കർഷക പത്രിക ആമുഖമായി സൂചിപ്പിക്കുന്നു. **(ദീപിക, 27/3/2019)**

**സന്ന്യാസ ജീവിതത്തിനു പുതിയ മാർഗരേഖ**

**വത്തിക്കാൻ സിറ്റി:** സന്ന്യസ്തരെ സംബന്ധിച്ച ലത്തീൻ സഭയുടെ കാനൻ നിയമവ്യവസ്ഥകൾ പരിഷ്കരിച്ച് ഫ്രാൻസിസ് മാർപാപ്പ ചൊവ്വാഴ്ച മോത്തു പ്രോപ്രിയോ പുറത്തിറക്കി. 'കമ്മ്യൂണിസ് വീത്ത (കൂട്ടായ ജീവിതം)' എന്ന ഈ ലേഖനം നിയമത്തിൽ വരുത്തിയ മാറ്റം ഏപ്രിൽ 10ന് പ്രാബല്യത്തിലാകും. ലത്തീൻകാനൻ നിയമം 694-ാം വകുപ്പിലാണു ഭേദഗതി. ഇതുവരെ സന്ന്യസ്തർ സന്ന്യാസസഭയിൽനിന്ന് പുറത്താക്കപ്പെടുന്ന രണ്ടു സാഹചര്യങ്ങളാണ് ആ വകുപ്പിൽ പറഞ്ഞിരുന്നത്. ഒന്ന്: കത്തോലിക്കാ വിശ്വാസം പരിത്യജിക്കുക, രണ്ട്: വിവാഹം കഴിക്കുകയോ വിവാഹത്തിനു ശ്രമിക്കുകയോ ചെയ്യുക. ഇവയോട് മൂന്നാമതൊരു സാഹചര്യമാണ് കമ്യൂണിസ് വീത്തയിലൂടെ കൂട്ടിച്ചേർത്തത്. തുടർച്ചയായി 12 മാസം നിയമവിരുദ്ധമായി സന്ന്യാസ ഭവനത്തിൽ ഇല്ലതാതിരിക്കുകയും മേലധികാരികൾക്കു ബന്ധപ്പെടാൻ കഴിയാതിരിക്കുകയും ചെയ്താൽ അവർ സഭയിൽനിന്ന് പുറത്തായതായി പ്രഖ്യാപിക്കാം എന്നാണു പുതിയ വ്യവസ്ഥ. പുറത്താക്കലിനു സഭാചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണം. പൊന്തിഫിക്കൽ സഭകൾക്കു മാർപാപ്പയിൽനിന്നും രൂപതാസഭകൾക്ക് ബന്ധപ്പെട്ട മെത്രാനിൽനിന്നും പുറത്താക്കലിന് അംഗീകാരം നേടണം. **(ദീപിക(28/3/2019)**

**ബാലനീതി: സർക്കാർ വാഗ്ദാനം പാലിക്കണമെന്നു കത്തോലിക്കാ കോൺഗ്രസ്**

**കൊച്ചി:** കേന്ദ്ര സർക്കാരിന്റെ ബാലനീതി നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിലൂടെ അനാഥക്കുട്ടികൾക്ക് ആശ്രയം നഷ്ടമാക്കുന്ന അവസ്ഥയ്ക്കെതിരേ പ്രതിഷേധവുമായി കത്തോലിക്ക കോൺഗ്രസ്. ബാലനീതി നിയമത്തിന്റെ മറവിൽ ശിശുബാല സംരക്ഷണ മന്ദിരങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോൾ സർക്കാരിന്റെ നിസംഗ നിലപാട് അംഗീകരിക്കാനാവില്ല. സമൂഹനന്മയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള നിലപാടുകളിൽനിന്നു സർക്കാർ പിന്മാറണം. **(ദീപിക, 30/3/2019)**

**മതിലുകൾ കുടിയേറ്റം തടയില്ല: ഫ്രാൻസിസ് മാർപാപ്പ**

**റബാത്ത്:** നല്ല ജീവിതം തേടിയുള്ള കുടിയേറ്റം മനുഷ്യന്റെ അവകാശമാണെന്നു ഫ്രാൻസിസ് മാർപാപ്പ. മതിൽ കെട്ടിയും ഭയപ്പെടുത്തിയും ഇതു തടയാനാവില്ല. വടക്കു പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ മൊറോക്കോയിൽ ദ്വിദിന സന്ദർശനത്തിനു തുടക്കംകുറിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മതസഹിഷ്ണുത, കുടിയേറ്റക്കാരോടുള്ള സമീപനം എന്നിവയിൽ മൊറോക്കോ മറ്റു രാജ്യങ്ങൾക്കു മാതൃകയാണെന്നു മാർപാപ്പ ചൂണ്ടിക്കാട്ടി. റബാത്തിലെ സലേ വിമാനത്താവളത്തിൽ വിമാനമിറങ്ങിയ മാർപാപ്പായെ മൊറോക്കൻ രാജാവ് മുഹമ്മദ് ആറാമൻ സ്വീകരിച്ചു. യൂറോപ്പിലേക്കു കുടിയേറാൻ ശ്രമിക്കുന്ന ആഫ്രിക്കക്കാരുടെ ഇടത്താവളമാണ് മൊറോക്കോ. കുടിയേറ്റക്കാരെ അന്തസും അവകാശവുമുള്ള മനുഷ്യരായി കാണണമെന്നു മാർപാപ്പ പറഞ്ഞു. കുടിയേറ്റത്തിനു മനുഷ്യരെ പ്രേരിപ്പിക്കുന്ന പ്രശ്നങ്ങൾ അടിയന്തരമായി നേരിടാൻ ലോക രാജ്യങ്ങൾ തയ്യാറാകണമെന്നു ആവശ്യപ്പെട്ടു. **(ദീപിക, 31/3/2019)**

**ബാലവകാശ കമ്മീഷൻ വസ്തുതകൾ മനസ്സിലാക്കണം: കത്തോലിക്കാ കോൺഗ്രസ്**

**തൊടുപുഴ:** മാധ്യവേനൽക്കാലത്തു സ്കൂളുകൾക്ക് അവധി സർക്കാർ പ്രഖ്യാപിച്ചതിന്റെ മറവിൽ വിശ്വാസ പരിശീലനങ്ങളെയും ആദ്യ കുർബാന സ്വീകരണത്തിനുള്ള ഒരുക്കങ്ങളെയും മറ്റു മതപരമായ കുടിച്ചേരലുകളെയും നിയന്ത്രിക്കാൻ ബാലാവകാശ കമ്മീഷൻ ശ്രമിക്കുന്നതു വസ്തുതകൾ മനസിലാക്കാത്തതു മൂലമാണെന്നു കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് ബിജു പറയന്നിലം.

വേനൽ ചൂടിന്റെ ബുദ്ധിമുട്ടുകൾ മനസിലാക്കി വിശ്വാസ പരിശീലന സമയങ്ങളിൽ മാറ്റം വരുത്തുന്നതിനോടു പൂർണമായും യോജിക്കുന്നു. കുട്ടികൾക്കു യാതൊരു ബുദ്ധിമുട്ടുകളും ഉണ്ടാകാതെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. എന്നാൽ, അവധിക്കാലത്തു മാത്രമായി നടത്തിവരുന്ന ആദ്യകുർബാന സ്വീകരണത്തിനായുള്ള ഒരുക്കങ്ങൾ ബാലാവകാശ കമ്മീഷൻ തടയാൻ ശ്രമിക്കുന്നത് അംഗീകരിക്കാൻ സാധ്യമല്ല. വിശ്വാസ പരിശീലനം കുട്ടികളുടെ മതാനുഷ്ഠാനങ്ങളുടെ ഭാഗമാണ്. ആരധാനയും പ്രാർഥനയും വിശ്വാസ പരിശീലനത്തിന്റെ ഭാഗമാണ്. ഇത് കുട്ടികളുടെ വ്യക്തിത്വ രൂപീകരണത്തിനു പ്രധാനപങ്ക് വഹിക്കുന്നതുമാണ്. അതിനാൽ വേണ്ടത്ര പഠനങ്ങളില്ലാതെ സർക്കാരിന്റെ ഉത്തരവിനു പുതിയ വ്യാഖ്യനങ്ങൾ നല്കി വിശ്വാസപരീശീലനങ്ങൾ തടയാൻ ബാലാവകാശ കമ്മീഷൻ ശ്രമിക്കരുത്. കമ്മീഷന്റെ ഈ നിലപാടിനെതിരേ കത്തോലിക്കാ കോൺഗ്രസ് പരാതി നല്കിയിട്ടുണ്ടെന്നും സംസ്ഥാന സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുമെന്നു പ്രതീക്ഷിക്കുന്നതായും പ്രസിഡന്റ് അറിയിച്ചു. **(ദീപിക, 6/4/2019)**

**Income-Tax Law prevails over 'Canon' Law; Salary received by Nuns/Missionaries is Taxable**

**Madras High Court**

HC: 'A-political', 'A-religious' Income-tax law prevails over Christian 'Canon' law vis-a-vis taxation of missionaries

Madras HC Division Bench, in a judgment with far reaching impact, allows Union of India's writ, holds that the salaries/grant-in-aid received by the Christian Missionaries & Nuns from Tamil Nadu govt., although belonging to the Church or Institution, is an application of income and not in the nature of diversion of income by overriding title and hence liable to TD SHC further holds that the 'vows of poverty' taken by the Nuns and their surrender to the Church or Diocese does not affect the taxability of the receipt as salary from State Govt.; Court refuses to blindly apply the law of precedents to all facts alike and observes that it is the nature and character of receipt as salary at the time of payment, which important under the Act HC also rules that the operation/application of Sec. 192 of Income-tax Act, relating to TDS provisions, is 'uniform' and not affected by 'religious character' of the recipient of income, whether they are Nuns, Sisters or Missionaries: Rejects heavy reliance of Senior Advocate Arvind Datar on CBDT Circular issued in 1977, which according to him, has been consistently followed by the tax department for 40 years and which is now sought to be reversed by the Revenue, merely because the mode of payment has been changed from the earlier lumpsum payment of grant-in-Aid to these Institutions directly to the individual bank accounts of the Teachers under the ECS payment system; HC opines that the Circulars/Notifications issued by the CBDT cannot decide the question of taxability and that the Board does not have any power to exempt a taxable income without any statutory basis available for the same; HC accepts Revenue's submission that the CBDT clarification issued in the year 2016 unambiguously held that the exemption sought to be granted by the 1977 circular is applicable only to 'fees' and not 'salary'; HC rules that the State Govt. as a payer of salary under Income tax Act, is not bound by any religious tenets or provisions of 'Cannon Law' and upholds the instructions of the Income tax officers to the Tamil Nadu State to deduct TDS from payments by way of salary & pension to members of religious congregations; HC quips " .... The provisions of Income Tax Law are dry, plain and simple, a-political, a-religious in character"; Division bench reverses Single judge order, however considering the practical complications for the past period, makes the judgment applicable prospectively.; HC The ruling was delivered by division bench comprising of Dr.Justice Vineet Kothari and Justice C.V. Karthikeyan, Senior Advocates Arvind Datar and Fr. Xavier Arulraj argued on behalf of the assessed while Revenue was represented by Standing Counsel Karthik Ranganathan.

## ജീവന്റെ സംരക്ഷണദിനത്തിൽ പ്രൊ-ലൈഫ് പതാകയും ലോഗോയും പ്രകാശനം ചെയ്തു



**കൊച്ചി:** മനുഷ്യജീവന്റെ സമഗ്രസംരക്ഷണത്തിനും ജീവസമൃദ്ധിക്കുമായി പ്രവർത്തിക്കുന്ന കേരള കത്തോലിക്കാസഭയുടെ പ്രസ്ഥാനമായ പ്രൊലൈഫ് സമിതിയുടെ ലോഗോയും പതാകയും വരാപ്പുഴ ആർച്ചു ബിഷപ് ഡോ. ജോസഫ് കളത്തിപറമ്പിൽ സംസ്ഥാന പ്രസിഡന്റ് സാബു ജോസിനു നല്കികൊണ്ട് പ്രകാശനം ചെയ്തു.

പൊതുസമൂഹത്തിന്റെ നന്മയ്ക്കും ജീവന്റെ സംസ്കാരത്തിന്റെ വ്യാപനത്തിനുമായി എല്ലാ ഇടവകകളിലും പ്രൊ-ലൈഫ് ശുശ്രൂഷകൾ വ്യാപിപ്പിക്കണമെന്ന് പതാക പ്രകാശനം ചെയ്തു സമൂഹത്തിന് സമർപ്പിച്ചുകൊണ്ട് വരാപ്പുഴ ആർച്ചു ബിഷപ് ഡോ. ജോസഫ് കളത്തിപറമ്പിൽ ആഹ്വാനം ചെയതു. പ്രൊലൈഫർ എന്നു പറയുന്നതിൽ അഭിമാനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. സഭയുടെ ശുശ്രൂഷകളുടെ അടിസ്ഥാനം മനുഷ്യജീവനോടുള്ള ആദരവും സംരക്ഷണവുമാണെന്നും അപരന്റെ ജീവനെ ആദരിക്കുവാനും സംരക്ഷിക്കുവാനുമാണ് പ്രൊ-ലൈഫ് ശുശ്രൂഷകളിലൂടെ കത്തോലിക്കാസഭ ശ്രമിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

### സാമൂഹിക അപചയത്തിനു കാരണം വർദ്ധിച്ചു വരുന്ന കുടുംബപ്രശ്നങ്ങൾ

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**



**കൊച്ചി:** കുടുംബങ്ങളിൽ വളർന്നു വരുന്ന പ്രശ്നങ്ങളാണ് വർദ്ധിച്ചുവരുന്ന സാമൂഹിക അപചയത്തിനു കാരണമെന്ന് കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. കെസിബിസി ഫാമിലി കമ്മീഷനു കീഴിലുള്ള മരിയൻ സിംഗിൾസിന്റെ കറുകുറ്റിയിലുള്ള പുതിയ ഭവനം (മരിയഭവൻ) ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. വിവാഹിതരുടെ ഇടയിലെ സമർപ്പണമില്ലായ്മയാണ് ഇതിനു കാരണം. വിവാഹ ജീവിതത്തിലെ സമർപ്പണം റോസാദളങ്ങൾ കൊണ്ട് അലംകൃതമായ പുഷ്പമെത്തയല്ല. സമർപ്പിക്കുക എന്നാൽ കൊടുക്കുക എന്നാണ്. ജീവിതപങ്കാളിക്കു വേണ്ടി ചോരയും കണ്ണുനീരും വിയർപ്പുതുള്ളിയുമൊഴുക്കലാണ്.

ജീവിതം പങ്കാളിക്കും മക്കൾക്കും സമൂഹത്തിനും നല്കേണ്ടതാണ്. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം, സൗന്ദര്യവർദ്ധകവസ്തുക്കളോടുള്ള അമിത താല്പര്യം ഇവയൊക്കെ സമർപ്പണ ജീവിതത്തിന്റെ ശത്രുക്കളാണ്. വിവാഹജീവിതത്തിൽ ഭാര്യ ഭർത്താവിന്റെ സത്തയായി മാറണം. ജീവിത പങ്കാളി കാണുന്നതും കേൾക്കുന്നതും പോലെ വീക്ഷിക്കാനും സാധിക്കണം. ജീവിതപങ്കാളിയെ ധരിക്കണം-വാക്കിലും പ്രവൃത്തിയിലും. ഇങ്ങനെയുള്ള സത്താമാറ്റം കുടുംബത്തിൽ സംഭവിക്കണം. അപ്പോഴാണ് മേൽപ്പറഞ്ഞ സമർപ്പണം പൂർണമാകുക.

### നീതിയും സമാധാനവും സ്ഥാപിക്കുക സാമൂഹ്യ നേതൃത്വത്തിന്റെ ദൗത്യം: ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ




**കൊച്ചി:** നീതിയും സമാധാനവും സ്ഥാപിക്കുകയാണു സാമൂഹിക നേതൃത്വത്തിന്റെ പ്രധാന ദൗത്യമെന്നു കെസിബിസി ലേബർ കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ.

കേരള ലേബർ മൂവ്മെന്റ് പി.ഒ.സിയിൽ സംഘടിപ്പിച്ച നേതൃസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സമൂഹം തങ്ങളേല്പിക്കുന്ന വിശ്വാസം കാത്തുപാലിക്കാൻ നേതൃത്വത്തിലുള്ളവർക്കു ബാധ്യതയും ഉത്തരവാദിത്വവുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# വാങ്മയം

## ബൈബിൾ നെഞ്ചോട് ചേർത്ത് സി.വി. ബാലകൃഷ്ണൻ

### എഴുത്ത് ജീവിതത്തിന്റെ ആവിഷ്കാരം



**കൊച്ചി:** ഞാൻ ഒരു പ്രഭാഷകനല്ല; വാക്കുകൾ കൊണ്ട് ജോലി ചെയ്യുന്ന വെറും ഒരു എഴുത്തുകാരൻ മാത്രം. ഞാൻ ഏറ്റവുമധികം എന്റെ നെഞ്ചോടു ചേർത്തു പിടിച്ചിട്ടുള്ളത് ബൈബിളാണ്. ഞാൻ ആരാധിച്ചിട്ടുള്ളത് ക്രിസ്തുവിനെയാണ്. മനുഷ്യരാശിക്കുവേണ്ടി ഏറ്റവും വലിയ ഒരു ബലി അർപ്പിച്ച ക്രിസ്തുവിനെ. കെസിബിസി പ്രസിദ്ധീകരണമായ താലന്ത് മാസികയും പി.ഒ.സിയും ചേർന്നു നടത്തുന്ന പ്രതിമാസ കലാ, സാഹിത്യ സാംസ്കാരിക സായാഹ്നമായ വാങ്മയത്തിന്റെ ഒമ്പതാമത് എഡിഷനിൽ നോവലിസ്റ്റ് സി.വി. ബാലകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. എഴുത്ത് ജീവിതത്തിന്റെ ആവിഷ്കാരമാണെന്നു ബാലകൃഷ്ണൻ പറഞ്ഞു.

പി.ഒ.സി ഡയറക്ടർ റവ. ഡോ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. നിരൂപകൻ ഡോ. സന്തോഷ് മാനിച്ചേരി, താലന്ത് ചീഫ് എഡിറ്റർ റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, കോ ഓർഡിനേറ്റർ പ്രഫ. ഷാജി ജോസഫ് എന്നിവർ പ്രസംഗിച്ചു

## ഒന്നിപ്പിക്കാൻ ശ്രമിക്കുന്നവരാണ് എഴുത്തുകാർ: സി. രാധാകൃഷ്ണൻ



**കൊച്ചി:** ലോകത്തെ ഒന്നിപ്പിക്കാൻ എന്താണ് മാർഗം എന്ന ചിന്തയാണ് ഓരോ നല്ല എഴുത്തുകാരനും ഉണ്ടാകേണ്ടതെന്ന് എഴുത്തുകാരൻ സി. രാധാകൃഷ്ണൻ പറഞ്ഞു. ലോകം വലിയ അപകടത്തിലേക്കും പ്രതിസന്ധികളിലേക്കുമാണ് പോകുന്നത്.

ലോകത്തെ ഭിന്നതകളെയും പരിഹരിച്ച് ഒന്നിച്ചുചേർക്കുന്ന ഒരു തുന്നൽക്കാരന്റെ വേഷമാണ് എഴുത്തുകാരനെന്നും അദ്ദേഹം പറഞ്ഞു. പാലാരിവട്ടം പി.ഒ.സിയുടെ പ്രതിമാസ കലാ-സാഹിത്യ-സാംസ്കാരിക സായാഹ്നമായ വാങ്മയത്തിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷനായി. ഡോ. എം. ലീലാവതിയും അനന്തപത്മനാഭനും സി. രാധാകൃഷ്ണന്റെ സാഹിത്യ സംഭാവനകളെ വിലയിരുത്തി സംസാരിച്ചു. ജോൺപോൾ, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, പ്രൊഫ. ഷാജി ജോസഫ് എന്നിവരും സംസാരിച്ചു.

## മൂല്യമില്ലാത്ത രാഷ്ട്രീയം സമൂഹത്തെ ജീർണിപ്പിക്കും:

### ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്



**കൊച്ചി:** രാഷ്ട്രത്തെ ലക്ഷ്യബോധത്തോടെ നയിക്കുന്നതിൽ മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന് സുപ്രധാന പങ്കാണുള്ളതെന്നും, എന്നാൽ ഭരണഘടനാമൂല്യങ്ങളും ധാർമികതയും മറന്നുകൊണ്ടുള്ള രാഷ്ട്രീയം സമൂഹത്തെ ജീർണിപ്പിക്കുമെന്നും കെസിബിസി സെക്രട്ടറി ജനറൽ മാർ മാത്യു മൂലക്കാട്ട് പറഞ്ഞു. കെസിബിസിയുടെ പാസ്റ്ററൽ കൗൺസിലായ കേരള കാത്തലിക് കൗൺസിലിന്റെ (കെസിസി) പി.ഒ.സി.യിൽ കൂടിയ യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം. ഇന്ത്യൻ ഭരണഘടന ലോകരാജ്യങ്ങൾക്ക് മാതൃകയായിരിക്കുന്നത്, അതുയർത്തിപ്പിടിക്കുന്ന മാനവികമൂല്യങ്ങളുടെയും നീതിബോധത്തിന്റെയും പേരിലാണ്. രാഷ്ട്രീയ പ്രവർത്തനവും രാഷ്ട്ര നിർമാണപ്രവർത്തനങ്ങളും പ്രസ്തുത മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ളതാകണം. എല്ലാ പൗരന്മാർക്കും നീതി ലഭിക്കുന്നു എന്നുറപ്പുവരുത്തുന്നതിലാണ് രാഷ്ട്രത്തിന്റെ ഭരണാധികാരികൾ മാതൃകയാകേണ്ടത്. സമഗ്രാധിപത്യ പ്രവണതയും സ്വജനപക്ഷപാതവും അധികാരത്തെ മാത്രമല്ല സമൂഹത്തെയാകെ ദുഷിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

"ചർച്ച് ബിൽ 2019-ഉം കാണാച്ചരടുകളും" എന്ന വിഷയത്തിൽ ജസ്റ്റീസ് എബ്രഹാം മാത്യുവും "സമകാലീന നവോത്ഥാന ചർച്ചകളും ക്രൈസ്തവ പ്രതികരണവും" എന്ന വിഷയത്തിൽ റവ. ഡോ. ഗാസ്പർ സന്ന്യാസിയും "ലോകസഭാ ഇലക്ഷനും സഭയുടെ നിലപാടും" എന്ന വിഷയത്തിൽ ജെക്കോബിയും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷനായിരുന്നു. കെസിസി സെക്രട്ടറി അഡ്വ. ജോജി ചിറയിൽ സ്വാഗതവും, ജോയിന്റ് സെക്രട്ടറി ഷാജി മാത്യു കൂളിയാട്ട് നന്ദിയും പറഞ്ഞു. കേരളത്തിലെ 32 കത്തോലിക്കാ രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ ഭാരവാഹികളും, വൈദികരുടെയും സന്ന്യസ്തരുടെയും പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു.